കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തിരൂർ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ

ഇ-മെയിൽ: mltir.ksad@kerala.gov.in

ഫോൺ :

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.ആർ.എം2/230/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരസഭാ ഓഡിറ്റ് കാര്യാലയം
തിരൂർ പി.ഒ
തീയ്യതി: 02/06/2022
ഇ-മെയിൽ: mltir.ksad@kerala.gov.in
ഫോൺ:

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : തിരൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12,1-15,1-17,1-20,1-21,1-31,2-2,3-1,3-2,3-4 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1.ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.റീജിയിണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, മേഖല കാര്യാലയം,കോഴിക്കോട് (ഉപരിപത്രം സഹിതം)
3.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.ആർ.എം2/230/2022 തീയ്യതി: 02/06/2022

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തിരൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 30-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.പി.സുനിൽ	ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)	16-08-2021	30-04-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
16-08-2021	30-04-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൽ റഷീദ്.എം.പി.,ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് മുസ്തഫ.പി. , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അനീത് ബാബു.കെ.ടി.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിജീഷ് മോഹൻ.ടി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ,കല്ലിങ്ങൽ ബാവ	ചെയർമാൻ	01-04-2020	08-11-2020
Administrative Committee	ചെയർമാൻ	09-11-2020	20-12-2020
ശ്രീമതി.നസീമ.എ.പി.	ചെയർപേഴ്സൺ	21-12-2020	31-03-2021
ശ്രീ.എസ്.എസ്.സജി	സെക്രട്ടറി	01-04-2020	27-05-2020
ശ്രീ.എസ്. ബിജു.	സെക്രട്ടറി	28-05-2020	02-02-2021
ശ്രീ,കെ. രാമചന്ദ്രൻ	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-02-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.രശ്മി. ആർ.	മുനിസിപ്പൽ എഞ്ചിനീയർ	01-04-2020	10-04-2020
ശ്രീ.ഹരീഷ് കുമാർ.ഡി	മുനിസിപ്പൽ എഞ്ചിനീയർ	11-04-2020	31-05-2020
ശ്രീ.രാമചന്ദ്രൻ.കെ.	മുനിസിപ്പൽ എഞ്ചിനീയർ	01-06-2020	31-03-2021
ശ്രീ.മുബാറക്ക്. സി.കെ.	അസി. എഞ്ചിനീയർ	01-04-2020	30-06-2020
ശ്രീ.സുജിത് ഗോപിനാഥ്.	അസി. എഞ്ചിനീയർ	01-07-2020	28-02-2021
ശ്രീമതി.പത്മശ്രീ.പി.	അസി. എഞ്ചിനീയർ	01-03-2021	31-03-2021
ഡോ.രഘുപ്രസാദ്.പി.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2020	31-05-2020
ഡോ.ഫാത്തിമത്ത് ത്വാഹിറ	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-06-2020	05-11-2020
ഡോ. പ്രിൻസി സേവ്യർ	മെഡിക്കൽ ഓഫീസർ, ആയുർവേദം	06-11-2020	31-03-2021
ശ്രീ.മുഹമമദ്. വി.	വ്യവസായ വികസന ഓഫീസര്	01-04-2020	31-03-2021
ശ്രീ.മുഹമ്മദ് കോയ.ബി.പി.	അഗ്രികൽച്ചറൽ ഫീൽഡ് ഓഫീസര്	01-04-2020	30-11-2020
ശ്രീ.ശിവപ്രസാദ്	അഗ്രികൽച്ചറൽ ഫീൽഡ് ഓഫീസര്	01-12-2020	31-03-2021
ശ്രീ.അനിൽകുമാർ.കെ.പി.	ഹെഡ് മാസ്റ്റർ, ഗവ. യു.പി. സ്കൂള്	01-04-2020	31-03-2021

ഡോ. സുരേഷ് ബി.	സീനിയർ വെറ്ററിനറി സർജന്	01-04-2020	30-04-2020
ഡോ. ഉഷ. പി.	സീനിയർ വെറ്ററിനറി സർജന്	01-05-2020	31-03-2021
ശ്രീ.മുഹമ്മദ്. ഇഖ്ബാൽ	പ്രൊജക്റ്റ് ഓഫീസർ, യു.പി.എ.സി	01-04-2020	31-05-2020
ശ്രീ.സലിം. കെ. പി.	പ്രൊജക്റ്റ് ഓഫീസർ, യു.പി.എ.സി	01-06-2020	28-02-2021
ശ്രീ.രാജേഷ്. ഇ.കെ.	പ്രൊജക്റ്റ് ഓഫീസർ, യു.പി.എ.സി	01-03-2021	31-03-2021
ഡോ. ബേബി ലക്ഷ്മി	മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റല്	01-04-2020	31-03-2021
ശ്രീമതി.അമ്പിളി.പി.	എെ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2020	31-10-2020
ശ്രീമതി.സക്കീന	എെ.സി.ഡി.എസ്. സൂപ്പർവൈസർ	01-11-2020	31-03-2021
ശ്രീ.മണികണ്ഠൻ.വി.	ഹെൽത്ത് സൂപ്പർവൈസർ	01-04-2020	31-05-2020
ശ്രീ.ഉസ്മാൻ. സി.	ഹെൽത്ത് സൂപ്പർവൈസർ	01-06-2020	28-02-2021
ശ്രീ.സുബ്രഹ്മണ്യൻ.പി.വി.	ഹെൽത്ത് സൂപ്പർവൈസർ	01-03-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Aneeth Babu K.T (Senior Grade Auditor, On 09-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: Aneeth Babu K.T (Senior Grade Auditor, On 09-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 09-05-2022)	1-2
3	സാമ്പത്തിക വിശകലനം Written By: Aneeth Babu K.T (Senior Grade Auditor, On 09-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-3
4	ഫണ്ട് വിനിയോഗം Written By: Aneeth Babu K.T (Senior Grade Auditor, On 09-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-4
5	പദ്ധതി അവലോകനം Written By: Aneeth Babu K.T (Senior Grade Auditor, On 09-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-5
6	അയ്യങ്കാളി തൊഴിലുറപ്പ് Written By: Abdul Rasheed MP (Audit Officer, On 09-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 02-06-2022)	1-6
7	ക്ഷേമപദ്ധതികൾ Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-7
8	ക്യാഷ് വെരിഫിക്കേഷൻ Written By: Bijeesh Mohan T (Auditor, On 09-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 02-06-2022)	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-10
11	വാർഷിക കണക്കിലെ അപാകതകൾ Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-11
12	തൊഴിൽ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല. Written By: Aneeth Babu K.T (Senior Grade Auditor, On 10-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 25-05-2022)	1-12
13	ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. Written By: Aneeth Babu K.T (Senior Grade Auditor, On 10-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-13
14	കരറുകാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.47,500രൂപയുടെ നഷ്ടം Written By: Aneeth Babu K.T (Senior Grade Auditor, On 10-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-14
15	വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല- ₹ 1,02,37,785/- പിരിച്ചെടുക്കാനവശേഷിക്കുന്നു Written By: Aneeth Babu K.T (Senior Grade Auditor, On 14-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-15
16	വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല Written By: Aneeth Babu K.T (Senior Grade Auditor, On 14-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-16

17	അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ₹23,21,160-തുടർ നിയമ നടപടികൾ സ്വീകരിക്കുന്നില്ല Written By: Aneeth Babu K.T (Senior Grade Auditor, On 15-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-17
18	അനർഹമായി മേഖല ഇളവ് നൽകി-വസ്തുനികുതി നിർണ്ണയിച്ചു. Written By: Aneeth Babu K.T (Senior Grade Auditor, On 15-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-18
19	കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ Written By: Muhammed Mustafa P (Senior Grade Auditor, On 16-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-19
20	ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുക ഈടാക്കിയില്ല 1,75,325 രൂപ നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-20
21	നഗരസഭ കടമുറികളുടെ വാടക -36,28,606/- രൂപ കുടിശ്ശിക Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-21
22	വാടക കുടിശ്ശിക-കുടിശ്ശിക രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല-58,664/- രൂപ നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-22
23	നഗരസഭ കടമുറികൾ വാടകക്കാർ അനധികൃതമായി വിഭജനം നടത്തി ഉപയോഗിക്കുന്നു. Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-23
24	നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം-പ്രോജക്ട് രൂപീകരണം ഫലപ്രദമല്ല-നഗരസഭക്ക് 1,99,868/- രൂപയുടെ പാഴ് ചെലവ് Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-24
25	സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-25
26	ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ, ഓണറേറിയം, ഭക്ഷണം വിതരണ രേഖകൾ ഹാജരാക്കിയില്ല-1,17,036/- രൂപ തടസ്സം ചെയ്യുന്നു Written By: Aneeth Babu K.T (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-26
27	എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർവ്വഹണം മാർഗ്ഗ രേഖ പ്രകാരമാക്കേണ്ടതാണ്. Written By: Aneeth Babu K.T (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-27
28	60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ-അപേക്ഷകൾ വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ₹78,300 തടസ്സം ചെയ്യുന്നു. Written By: Aneeth Babu K.T (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-28
29	സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തു. Written By: Aneeth Babu K.T (Senior Grade Auditor, On 10-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-29
30	അംഗനവാടികളുടെ പോഷകാഹാര സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ	1-30

	എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.- സൂക്ഷ്മ പരിശോധന നടത്തുന്നില്ല. Written By: Muhammed Mustafa P (Senior Grade Auditor, On 10-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	
31	തെരുവ് വിളക്കുകളുടെ എ.എം.സി., കരാറുകാരൻ ആവശ്യപ്പെട്ട തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു. - 2,28,160/- രൂപ നഗരസഭക്ക് നഷ്ടം. Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-31
32	സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകൽ-മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.-6,22,903/- രൂപ നഗരസഭക്ക് നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-32
33	ബിരുദ ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയത്-അപാകതകൾ സംബന്ധിച്ച് Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-33
34	കാർഷിക മേഖലയിലെ പ്രൊജക്ടുകൾ- നിർവ്വഹണത്തിലെ അപാകതകൾ Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-34
35	നഗരസഭ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് തയ്യാറാക്കുന്നില്ല. Written By: Abdul Rasheed MP (Audit Officer, On 17-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-35
36	ടെണ്ടർ സൂക്ഷ്മ പരിശോധന നടത്തിയതിലെ വീഴ്ച-നഗരസഭ ഫണ്ടിന് നഷ്ടം 84,254/- രൂപ Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-36
37	ട്രഞ്ചിംഗ് ഗ്രൗണ്ട് നവീകരണം,റിസോഴ്സ് റിക്കവറി സെന്റർ,എയ്റോബിക് ബിൻ നിർമ്മാണം-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-37
38	തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - AMC To Maintenance-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 02-06-2022)	1-38
39	കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പൂർത്തീകരിച്ചില്ല Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-39
40	ബഡ്സ് സ്കൂൾ നിർമ്മാണം. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-40
41	പത്രപ്പരസ്യം-ഡിസ്കൗണ്ട് ലഭ്യമായില്ല Written By: Muhammed Mustafa P (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-41
42	വയോമിത്രം സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം- കൈപ്പറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ് Written By: Muhammed Mustafa P (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-42

43	പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം -പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല- ഫണ്ട് നഷ്ടപ്പെടുന്നു. Written By: Abdul Rasheed MP (Audit Officer, On 17-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-43
44	നഗരസഭ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല-₹ 60726 തടസ്സം ചെയ്യുന്നു. Written By: Muhammed Mustafa P (Senior Grade Auditor, On 16-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-44
45	പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ Written By: Bijeesh Mohan T (Auditor, On 16-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-45
46	നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾ ക്രമ പ്രകാരമല്ല - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്. Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-46
47	തിരൂർ കോറിഡോർ വികസനം- പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അപാകതകൾ Written By: Abdul Rasheed MP (Audit Officer, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-47
48	നഗരസഭ പെൻഷൻ ഫണ്ടിലേക്ക് നഗരകാര്യ വകുപ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാകുന്നില്ല. Written By: Muhammed Mustafa P (Senior Grade Auditor, On 19-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-48
49	പൂർണ്ണസജ്ജമായ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല. Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	1-49
	ഭാഗം 2	
1	കരാറുകാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.47,500രൂപയുടെ നഷ്ടം Written By: Aneeth Babu K.T (Senior Grade Auditor, On 17-05-2022) Last Updated By: Aneeth Babu K.T (Senior Grade Auditor, On 02-06-2022)	2-1
2	ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുക ഈടാക്കിയില്ല 1,75,325 രൂപ നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	2-2
3	വാടക കുടിശ്ശിക-കുടിശ്ശിക രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല-58,644/- രൂപ നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	2-3
	ഭാഗം 3	
1	നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം-പ്രോജക്ട് രൂപീകരണം ഫലപ്രദമല്ല-നഗരസഭക്ക് 1,99,868/- രൂപയുടെ പാഴ് ചെലവ് Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	3-1
2	സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകൽ-മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.-6,22,903/- രൂപ നഗരസഭക്ക്	3-2

	നഷ്ടം Written By: Muhammed Mustafa P (Senior Grade Auditor, On 11-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	
3	ഡമ്പിംഗ് ഗ്രൗണ്ട് നവീകരണം, റിസോഴ്സ് റിക്കവറി സെന്റർ, എയ്റോബിക് ബിൻ നിർമ്മാണം-പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ Written By: Abdul Rasheed MP (Audit Officer, On 17-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	3-3
4	സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തത്. Written By: Aneeth Babu K.T (Senior Grade Auditor, On 26-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	3-4
ഭാഗം **4**		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-1
2	സംയുക്തപ്രോജക്ടുകൾ നടത്തിയതിന്റെ വിവരം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-4
4	വായ്പ/വായ്പ തിരിച്ചടവ് Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-5
5	സ്ഥിര നിക്ഷേപങ്ങൾ Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-6
6	ഓഡിറ്റ് റിക്കവറി Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-7
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-8
8	ചാർജ്/സർചാർജ് നടപടികളുടെ വിവരം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-9
9	ഓഡിറ്റ് പ്രത്യവലോകനം Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-10
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Aneeth Babu K.T (Senior Grade Auditor, On 13-05-2022) Last Updated By: Abdul Rasheed MP (Audit Officer, On 02-06-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക ധനകാര്യ പത്രികകൾ	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ച തിയ്യതി	26.03.2020
പുതുക്കിയ ബജറ്റ് അംഗീകരിച്ച തിയ്യതി	24.02.2021

പുതുക്കിയ ബജറ്റ് പ്രകാരം 46,56,57,110 രൂപ വരവും 49,57,49147 രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ വരവ് 33,50,67,041 രൂപയും ആകെ ചെലവ് 29,78,51,474 രൂപയുമാണ്. ബജറ്റിൽ വിഭാവനം ചെയ്തതിലും 28% കുറവ് വരവിനത്തിലും 40% കുറവ് ചെലവിനത്തിലും വന്നിട്ടുണ്ട്. പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ അന്തരം ഉണ്ട്. ആയത് ഭാവിയിൽ ഇല്ലാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	30.07.2021	--	--

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	110820114.28
വരവ്	335067041
ആകെ	445887155.28
ചെലവ്	297851474
നീക്കിയിരിപ്പ്	148035681.28

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ലാപ്സായ തുക	കുറിപ്പ്
വികസന ഫണ്ട് പൊതുവിഭാഗം (എ.സി.ആർ. പ്രകാരം)	0	44343600	44343600	41500565	2843035	ജി.ഒ.പ്രോജക്ടുകളുടെ 3443400 രൂപ എ.എഫ്.സിൽ ഉൾപ്പെടുത്തിയിട്ടില്ല.
വികസന ഫണ്ട് എസ്.സി.പി. (എ.സി.ആർ.	0	10916000	10916000	5394316	5521684	

പ്രകാരം)						
വികസന ഫണ്ട് ടി.എസ്.പി. (എ.സി.ആർ. പ്രകാരം)	0	417000	417000	0	417000	
സംരക്ഷണ ഗ്രാന്റ് റോഡ് (എ.സി.ആർ. പ്രകാരം)	0	23580000	23580000	23580000	0	
സംരക്ഷണ ഗ്രാന്റ് നോൺ റോഡ് (എ.സി.ആർ. പ്രകാരം)	0	11197585	11197585	8301202	2896383	ഹെഡ് മാറി (160100212 Fund For Transfered Institution Small Scale Industry 454060 രൂപ)റസീപ്റ്റ് ചെയ്തതിനാൽ എ.എഫ്.സിൽ വ്യത്യാസം വന്നിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied) (എ.സി.ആർ. പ്രകാരം)	0	26730000	26730000	12818783	13911217	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied) (എ.സി.ആർ. പ്രകാരം)	0	71811372	71811372	37862105	33949267	
പി.എം.എ.വൈ		4500000	4500000	4500000		
ശുചിത്വ മിഷൻ		8829134	8829134	3725675	5103459	PFMS നടപ്പിലാക്കുന്നതിനായി ഫണ്ട് ശുചിത്വ മിഷന് തിരിച്ചടവാക്കി.
അംഗൻവാടി ന്യൂട്രീഷൻ	0	1200000	1200000	1200000		

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം
388	284767923	232	140794884	52	104	59.79%

1-6 അയ്യങ്കാളി തൊഴിലുറപ്പ്

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്			നീക്കിയിരിപ്പ്
			പ്രൊജക്ട് ചെലവ്	ഭരണചെലവ്	ആകെ ചെലവ്	
198641	7557404	7756045	3510030	496483	4006513	3749532

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	11,640	25
കർഷക തൊഴിലാളി പെൻഷൻ	1183200	672
വിധവാ പെൻഷൻ	32,364,200	18095
വാർദ്ധക്യകാല പെൻഷൻ	59296900	35048
വികലാംഗ പെൻഷൻ	9088100	5162
50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	859500	482

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ഓഡിറ്റ് കാലയളവിൽ 10-08-2021, 06-10-2021, 28-02-2022, 08-04-2022, 10-05-2022 എന്നീ തീയതികളിൽ സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. മേൽ തീയതികളിലെല്ലാം ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1)നഗരസഭ ഫണ്ടിന്റെ പ്രധാന ഉറവിടമായ വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിൽ ഭീമമായ തുക കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഭാഗം 1 ൽ ചേർത്തിട്ടുണ്ട്.
2)പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിങ്ങ് സമിതികൾ വിലയിരുത്തിയിട്ടില്ല.

3) ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-10 ൽ ചേർത്തിട്ടുണ്ട്.

4)കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.
5)മുൻകൂർ നൽകിയ തുകകൾ വർഷങ്ങളായി ക്രമീകരിക്കപ്പെടാതെ ശേഷിക്കുന്നു.

6)നഗരസഭയിലെ വിവിധ സെക്ഷനുകൾക്ക് പേഴ്സണൽ രജിസ്റ്റർ വിതരണം ചെയ്യുന്നുണ്ടെങ്കിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ തപാലുകൾ ലഭിക്കുന്നതും അവയുടെ തീർപ്പാക്കൽ വിവരങ്ങളും കൃത്യമായി നിരീക്ഷിക്കുവാൻ സാധിക്കുന്നില്ല.

1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	21-10-2019 മുതൽ 23-10-2019 വരെ	2018-19, 2019-20(1)	റിപ്പോർട്ട് ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	20-09-2019 മുതൽ 20-10-2019 വരെ	2018-19	07-12-2019

1-11 വാർഷിക കണക്കിലെ അപാകതകൾ

1. ബി-17, RP 40(b) ഷെഡ്യൂളുകൾ പ്രകാരമുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പുകളും പാസ്ബുക്ക്/സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുകളും പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അക്കൗണ്ടുകളുടെ നീക്കിയിരുപ്പുകളിൽ വ്യത്യാസമുണ്ട്. ആയത് ക്രമീകരിക്കുന്ന റീകൺസിലിയേഷൻ പത്രികകൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും റി കൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ള പാസ് ബുക്ക് നീക്കിയിരുപ്പ് തുകയിൽ വ്യത്യാസം കാണുന്നുണ്ട്.

ക്രമ നമ്പർ	ബാങ്ക് അക്കൗണ്ട്/ട്രഷറി അക്കൗണ്ട്	എ.എഫ്.എസ് പ്രകാരം നീക്കിയിരുപ്പ്	പാസ് ബുക്ക് പ്രകാരം നീക്കിയിരുപ്പ്	റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തി യിട്ടുള്ള പാസ് ബുക്ക് നീക്കിയിരുപ്പ്
1	SBI (Own Fund) A/c 57003523639	3,46,94,481.28	3,48,06,011.37	3,43,85,428.28
2	SBI (D&O) 38262710501	41,78,740	39,78,478.41	39,94,336
3	SBI (EPF) 67327417799	1,04,579	13,909.50	1,08,179
4	AXIS (POS) Own Fund 919020069269643	40,70,265	38,49,836.94	39,08,870
5	ICICI Bank 021905001257	59,92,229	59,40,429	59,56,429
6	Tirur Service Co-Operative Bank A/c 4250	1,99,339	2,29,839	2,29,839

ക്രമ നമ്പർ 1,2,3,56 പ്രകാരമുള്ള ബാങ്കുകളിൽ കാണുന്ന തുകകൾ തമ്മിലുള്ള വ്യത്യാസം മുൻവർഷങ്ങളിലേതാണെന്നാണും . ക്രമ നമ്പർ 4 ലെ വ്യത്യാസത്തിനു കാരണം സാംഖ്യയിൽ രേഖപ്പെടുത്തിയ തുകയും ബാങ്കിൽ വരവു വന്നിട്ടുള്ള തുകയും തമ്മിൽ വ്യത്യാസം ഉള്ളതിനാൽ 2020-21 ൽ പൂർണ്ണമായും റീ കൺസിൽ ചെയ്യാൻ സാധിച്ചിട്ടില്ലെന്നുമാണ് മേൽ അപാകതയ്ക്ക് മറുപടി നൽകിയിട്ടുള്ളത്

2. B-5 Seccured Loans ഷെഡ്യൂളിലെ Loans Under I.D.S.M.T(330200100) തിരിച്ചടവാക്കാൻ ബാക്കിയുള്ള തുക 55,000 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം മേൽ തുക തിരിച്ചടക്കാനില്ല. ടി തുക 30-03-2007ന് ചെലാൻ നമ്പർ. 472/30-03-2007 പ്രകാരം തിരിച്ചടവാക്കിയിട്ടുണ്ട്. മേൽ തുക അക്കൗണ്ടിൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു.

മേൽ തുക ബാധ്യത ഹെഡില്ല നിന്നും മാറ്റുന്നതിനുള്ള നടപടി 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക യിൽ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

3. B-5 Seccured Loan ഷെഡ്യൂളിലെ Loan Under National Slum Development Project ൽ 84,504/- രൂപ തിരിച്ചടവാക്കാവുന്ന ബാധ്യതയായുണ്ട്. എന്നാൽ മേൽ തുക ശ്രീമതി. ആയിശുമ്മ, ചെമ്പ്ര എന്നവർ 28-02-2020 ലെ

119010126177 പ്രകാരം 50,378/- രൂപയും ശ്രീ. മുകുന്ദൻ. എം. 19-10-2020 ലെ 120011100281 പ്രകാരം 34176 രൂപയും NSDP Loan Repayment ആയി നഗരസഭ ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ മേൽ തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കാതെ നഗരസഭ അനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

മേൽ തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടവാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

4. B-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തു നികുതി ഇനത്തിലെ കുടിശ്ശികക്ക് (തൻവർഷം 5644362, മുൻവർഷങ്ങളിലേത് 9179589, ആകെ -14823951) ആനുപാതികമായിട്ടുള്ള (5%) തുകയല്ല State Govt. Cesses/ Levies In Property Tax ഇനത്തിൽ (1,65,288) കാണിച്ചിട്ടുള്ളത്.

2019-20,2020-21 വർഷങ്ങളിൽ പിരിച്ചെടുത്ത വസ്തു നികുതി കുടിശ്ശിക അരിയർ ഡിമാന്റിനേക്കാൾ കൂടുതൽ ആയതിനാൽ അഡീഷണൽ അരിയർ ഡിമാന്റ് രേഖപ്പെടുത്തിയപ്പോൾ ആയതിന് ആനുപാതികമായ 5% ലൈബ്രറി സെസ് തുക രേഖപ്പെടുത്താതിരുന്നതിനാലാണ് വ്യത്യാസം സംഭവിച്ചിട്ടുള്ളതെന്നും ആയത് 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ പരിഹരിക്കുന്നതാണെന്നും മറുപടി നൽകി.

5. തൻവർഷം കുടിശ്ശികയിനത്തിൽ ലഭിച്ച തുകയായ RP-37 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ തുക തൊട്ടു മുൻ വർഷത്തെ ബാലൻസ് ഷീറ്റിൽ കിട്ടാനുള്ള തുകയായി B-15 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകയേക്കാൾ കൂടുതൽ ആകാൻ പാടില്ല. 2020-21 വാർഷിക കണക്കിലെ RP-37 ഷെഡ്യൂളിലെ ചുവടെ കൊടുക്കുന്ന വസ്തു നികുതി ഇനത്തിലെ തുക 2019-20 വാർഷിക കണക്കിലെ B-15 ഷെഡ്യൂളിൽ കാണിച്ചിട്ടുള്ള തുകയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

2019-20 B-15	2020-21 RP 37
വസ്തുനികുതി തൻവർഷം	വസ്തുനികുതി കുടിശ്ശിക
87,68,051 (431100100)	1,81,12,949
വസ്തുനികുതി കുടിശ്ശിക	(431100200)
68,35,612(431100200)	വ്യത്യാസം - 25,09,286 (18112949-15603663)
ആകെ 1,56,03,663	

വസ്തു നികുതി പരിഷ്കരണത്തെ തുടർന്ന് ഡിമാന്റ് ചെയ്ത തുകയേക്കാൾ കളക്ഷൻ വന്നതിനെ തുടർന്ന് അഡീഷണൽ അരിയർ ഡിമാന്റ് രേഖപ്പെടുത്തിയതിനാലാണ് മേൽ ഷെഡ്യൂളുകളിൽ വ്യത്യാസം വന്നത് എന്ന് മറുപടി നൽകി.

6. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ പത്രികയിലെ 1-5(b) ഷെഡ്യൂളിൽ Sale Of Usufructs (ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം) (150100300) ൽ 20,400/- രൂപ ഡിമാന്റ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റസീപ്റ്റ് ആന്റ് പെയ് മെന്റ് പത്രികയിലെ RP5- Sale Of Usufructs(150100300) ലഭിച്ച തുക പൂജ്യമാണ്. ട്രയൽ ബാലൻസ് ലെഡ്ജറിൽ മേൽ ഇനത്തിലെ തുക റസീപ്റ്റ് ചെയ്തിട്ടുണ്ട്.

ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

7. അക്രൂവൽ അടിസ്ഥാനത്തിലല്ലാതെ കണക്കാക്കുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള പിരിവ് വിവരങ്ങളും എ. എഫ്. എസിലെ വിവരവും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

ക്രമ നമ്പർ	ശീർഷകം	രജിസ്റ്റർ പ്രകാരം	എ.എഫ്.എസിലെ ഇൻകം & എക്സ്പെൻഡീച്ചർ പത്രിക പ്രകാരം
1	140501100 ബസ് സ്റ്റാന്റ് ഫീസ്	82,645	84,522
2	140501200 Slaughter House Fees	40,000	30,000
3	140501300 Lorry, Taxi, Auto And Other Vehicle Stand Fees	3,55,000	2,37,302

കോവിഡ് സാഹചര്യത്തിൽ ഡിമാന്റുകൾ പുനർ നിർണ്ണയിച്ചതിനാലാണ് മേൽ വ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളതെന്ന് മറുപടി നൽകി.

8. അക്രൂവൽ അടിസ്ഥാനത്തിൽ കണക്കാക്കപ്പെടുന്ന വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിന്റെ വിവരം

ചുവടെ കൊടുക്കുന്നു.

എ) കടമുറികളുടെ വാടക

വാടക ഡിമാന്റ് രജിസ്റ്ററിലെ ഡി.സി.ബി. വിവരങ്ങളും വാർഷിക ധനകാര്യപത്രികയിലെ ഡി.സി.ബി. വിവരങ്ങളും തമ്മിൽ വ്യത്യാസം കാണുന്നു.

കുടിശ്ശിക			
	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്	49,73,213	19,76,536	30,75,505
രജിസ്റ്റർ	45,27,507	19,27,636	25,99,871
തൻവർഷം			
എ.എഫ്.എസ്	1,57,82,787	1,08,80,806	30,75,505
രജിസ്റ്റർ	1,59,23,268	1,09,17,427	50,05,841

കോവിഡ് കാലത്തെ ഇളവ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്തതിൽ വന്ന പിശകാണ് തൻവർഷ ഡിമാന്റിൽ വ്യത്യാസം വരാൻ കാരണമെന്നും യഥാർത്ഥത്തിൽ വരവ് വെക്കേണ്ട ഹെഡിന് പകരം ചില അവസരങ്ങളിൽ തെറ്റായ ഹെഡിൽ വരവ് രേഖപ്പെടുത്തുന്നത് കാരണമാണ് കളക്ഷനിലെ വ്യത്യാസത്തിന് കാരണമെന്നും ഭാവിയിൽ ഇപ്രകാരമുള്ള പിഴവുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി.

ബി) വസ്തുനികുതി

സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ വസ്തുനികുതി, ഡി.സി.ബി. വിവരങ്ങൾ എ.എഫ്. എസിലെ വസ്തുനികുതി ഡി.സിബി. വിവരങ്ങളുമായി താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. ആയതിൽ കളക്ഷൻ തുകയിൽ വ്യത്യാസമൊന്നുമില്ല.

കുടിശ്ശിക			
	ഡിമാന്റ്	കളക്ഷൻ	ബാലൻസ്
എ.എഫ്.എസ്	1,56,03,663	1,81,12,949	91,79,589
സഞ്ചയ	2,83,50,734	1,81,12,949	1,02,37,785
തൻവർഷം			
എ.എഫ്.എസ്	3,41,25,000	2,87,49,417	56,44,362
സഞ്ചയ	4,21,00,000	2,87,49,417	1,33,50,583

സഞ്ചയ സോഫ്റ്റ് വെയറിലേയും സാംഖ്യയിലേയും ഡിമാന്റിലുള്ള വ്യത്യാസം വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.
മേൽ പട്ടികകൾ പ്രകാരമുള്ള എ.എഫ്.എസിലെ ഡിമാന്റ്,കളക്ഷൻ,ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

9. തൊഴിൽ നികുതി, ഡി & ഒ, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീ, ടെണ്ടർ ഫോറം വിൽപ്പന, മറ്റു ഫോമുകളുടെ വിൽപ്പന എന്നിവയുടെ ഡി.സി.ബി, സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ എ.എഫ്.എസിലെ മേൽ ഇനങ്ങളിലെ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10. വിവിധ ക്ഷേമപദ്ധതികളുടെ സേവന സോഫ്റ്റ് വെയറിലെ ചെലവ് തുകയും എ.എഫ്. എസിലെ 1-6 ഷെഡ്യൂളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്രമനമ്പർ	ശീർഷകം	എ.എഫ്.എസ് പ്രകാരം	സേവന സോഫ്റ്റ് വെയർ പ്രകാരം
1	160100302 Pension For Agricultural Labourers/ Workers	11,83,200	13,66,100
2	160100305 Widow Pension	3,23,64,200	3,76,11,500
3	160100306 Pension For Unmarried Women Aged Above 50	8,59,500	9,99,000
4	160100307 Pension For Physically Handicapped/Disabled/mentally Retard	90,88,100	1,05,57,500

5	160100311 Old Age Pension	5,92,96,900	6,92,40,100
6	160100304 Unemployment Allowance Scheme	11,640	19,920

മേൽ അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി.

11. ബാലൻസ് ഷീറ്റിൽ ഷെഡ്യൂൾ ബി-7 ൽ ബാധ്യതാ ഇനത്തിൽ (Deposit Received) ഉൾപ്പെടുത്തിയ തുകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്റർ അടക്കം) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബി-7 ഷെഡ്യൂളിൽ തന്നെ നിലനിർത്തുന്നത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി നൽകി.

14. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ലെ 460100400 അക്കൗണ്ട് ഹെഡ് പ്രകാരം ജീവനക്കാർക്ക് ന ൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 25,190 രൂപ നഗസഭക്ക് ലഭിക്കാനുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 6,000/- രൂപയാണ് 31-03-2021 ന് ശേഷം ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ അപാകത 2021-22 വാർഷിക ധനകാര്യ പത്രികയിൽ പരിഹരിക്കുന്നതാണെന്ന മറുപടി ലഭിച്ചു.

15. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിലെ 431910100 ശീർഷകത്തിലെ State Govt Cesses/levies To Property Tax തുക പോസിറ്റീവായി രേഖപ്പെടുത്തിയിരിക്കുന്നു. ടി തുക നെഗറ്റീവായാണ് നൽകേണ്ടത്.

മേൽ അപാകത 2021-22 വാർഷിക ധനകാര്യ പത്രികയിൽ പരിഹരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

വാർഷിക കണക്കിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല.

2020-21വർഷത്തെ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഡിമാന്റ് തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കളക്ഷൻ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ കുടിശ്ശിക ഡിമാന്റുകൾ വർഷം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ഓഡിറ്റ് വർഷത്തെ ഡി.സി.ബി. സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ തൊഴിൽ നികുതി കുടിശ്ശികയിനത്തിലെ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധ്യമല്ലാത്ത സ്ഥിതിയാണ്. 2019-20, 2020-21 വർഷങ്ങളിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-21 വർഷാരംഭത്തിൽ തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് ഇനത്തിൽ,48,38,273/-രൂപ 2020-21 വർഷത്തിൽ ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ആയതിൽ 6,29,590/- രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഈടാക്കിയിട്ടുള്ളത്. മേൽ വിവരങ്ങളിൽ നിന്നും 2020-21 വർഷാവസാനം കുടിശ്ശികയിനത്തിൽ 42,08,683/-രൂപ പിരച്ചെടുക്കാനുള്ളതായി കാണുന്നു. നഗരസഭയ്ക്ക് കിട്ടേണ്ട നികുതി ഡിമാന്റ് ചെയ്ത് 3 വർഷത്തിനകം ഈടാക്കിയിട്ടില്ലെങ്കിൽ ആയത് കാലഹരണപ്പെടുകയും നഗരസഭയ്ക്ക് ഈടാക്കാൻ സാധിക്കാതെ പോകുകയും ചെയ്യുന്നതാണ് .

കുടിശ്ശികയിനത്തിലെ തുക പിരിച്ചെടുക്കുന്നതിനു സ്വീകരിച്ച നടപടികൾ അറിയിക്കാനും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക ഡിമാന്റുകൾ വർഷം തിരിച്ച് രേഖപ്പെടുത്തി അടവ് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാനും ടി വിഷയം കൗൺസിൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി എന്നിവ മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിൽ കൈകൊണ്ട തീരുമാനം, തുടർ നടപടി സംബന്ധിച്ച വിവരം അറിയിക്കാനും മേൽ അധികാര സ്ഥാപനങ്ങളുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവന്നിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും വിശദമാക്കാൻ ആവശ്യപ്പെട്ട് 22.02.2022ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 41ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് സമർപ്പിക്കാൻ കൂടുതൽ സമയം ആവശ്യപ്പെടുകയാണ് ചെയ്തിരിക്കുന്നത്.

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി നഗരസഭയ്ക്ക് തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ട തുക യഥാസമയം പിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം കൗൺസിൽ/ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപനങ്ങളുടെ നേരെ കൊടുത്തിരിക്കുന്ന അർദ്ധ വർഷങ്ങളിൽ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	അർദ്ധ വർഷങ്ങൾ
1	മാനേജർ, രാഖി പ്രിന്റേഴ്സ്, പയ്യനങ്ങാടി	I, II
2	പ്രൊപ്രൈറ്റർ, ഐ.ബി.പി. പെട്രോൾ പമ്പ്, തിരൂർ.	I, II
3	മാനേജർ, സെൻട്രൽ ടാക്കീസ്, തിരൂർ.	I
4	പ്രിൻസിപ്പാൾ, അൻസാറുൽ മുസ്ലീമിൻ സംഘം എച്ച്.എസ്.എസ്. പഴംകുളങ്ങര, തിരൂർ	I, II
5	മാനേജിംഗ് ഡയറക്ടർ, മോഡേൺ ഫാർമസ്യൂട്ടിക്കൽസ് , തെക്കുംമുറി, തിരൂർ.	I
6	ഹെഡ് മാസ്റ്റർ, എൻ.എസ്.എസ്. ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ, തെക്കുംമുറി, തിരൂർ.	I
7	മാനേജിംഗ് ഡയറക്ടർ, തിരൂർ, മൈസ്കൂൾ ഫൗണ്ടേഷൻ, തെക്കുംമുറി, തിരൂർ.	II
8	പ്രിൻസിപ്പാൾ, ജീനിയസ് കോളേജ്, തെക്കുംമുറി, തിരൂർ.	I, II
9	പ്രിൻസിപ്പാൾ, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് & സിവിൽ ഇന്റീരിയർ ഡെക്കറേഷൻ, തെക്കുംമുറി, തിരൂർ.	I, II
10	പ്രിൻസിപ്പൽ, കെ.കെ.എം. കോളേജ് ഓഫ് ആർട്സ് & സയൻസ്, റിംഗ് റോഡ്. തിരൂർ.	I
11	മാനേജർ, സെൻട്രൽ ടാക്കീസ്, തിരൂർ	I
12	ഡോ. ഫൈസൽ, ഡെന്റൽ ക്ലിനിക്ക്, തെക്കുംമുറി, തിരൂർ.	I, II
13	പ്രൊപ്രൈറ്റർ, തിരൂർ കേബിൾ വിഷൻ (TCV), തിരൂർ	I
14	ഏരിയ സെയിൽസ് മാനേജർ, ഇൻഡ്യ ലിമിറ്റഡ്, തൃക്കണ്ടിയൂർ, തിരൂർ.	I
15	പ്രൊപ്രൈറ്റർ, സ്കോളാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി, തിരൂർ.	I, II
16	മാനേജർ, റൈഹാൻ കണ്ണാശുപത്രി	I
17	പ്രൊപ്രൈറ്റർ, റോയൽ എക്സ്റേ ലിമിറ്റഡ്, തിരൂർ.	I, II
18	പ്രൊപ്രൈറ്റർ, അമൽ ഡിജിറ്റൽ ലാബ്, തിരൂർ.	I, II
19	മാനേജർ, ത്രിവേണി, തെറ്റമ്മൽ ബിൽഡിംഗ്, തിരൂർ.	I, II
20	പ്രൊപ്രൈറ്റർ, നീതി ലാബ് & മെഡിക്കൽ, തെറ്റമ്മൽ ബിൽഡിംഗ്, തിരൂർ.	I, II
21	മാനേജർ, മൊണാർക്ക് ഹോൾഡിംഗ്സ്, തിയേറ്റർ, (അനുഗ്രഹ) തിരൂർ.	II
22	പ്രിൻസിപ്പൽ, തിരൂർ ആർട്സ് കോളേജ്, തിരൂർ.	I, II
23	മാനേജർ, ഗണപതി ചെട്ട്യാർ, ഉണിക്കച്ചവടം	I
24	പ്രിൻസിപ്പൽ അക്ബർ അക്കദമി ഓഫ് എയർലൈൻ സ്റ്റഡീസ്, തിരൂർ	I, II
25	പ്രൊപ്രൈറ്റർ, ഇസാഫ് തെടിയോടത്ത് കോംപ്ലക്സ്, തൃക്കണ്ടിയൂർ.	I, II
26	പ്രൊപ്രൈറ്റർ ഇസാഫ് സ്മോൾ ഫിനാൻസ് ബോണ്ട് ലിമിറ്റഡ്, ഇസാഫ് മൈക്രോ ഫിനാൻസ് , തൃക്കണ്ടിയൂർ.	II
27	പ്രിൻസിപ്പൽ റീജിയണൽ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്	II
28	മാനേജർ സിറ്റി ഓപ്റ്റിക്ക്, സിറ്റി ജംങ്ഷൻ, തിരൂർ	II
29	ഡോ. ഹുസൈൻസ് ഡെന്റൽ & ഓർത്തോ ഡെന്റിക് ക്ലിനിക്ക്, തിരൂർ	I, II
30	മാനേജർ, എൻ.ടി.സി നിധി ലിമിറ്റഡ്, താഴെപാലം.	I, II
31	പ്രൊപ്രൈറ്റർ, സിറാജ് ഡിജിറ്റൽ സ്റ്റുഡിയോ & കളർ ലാബ്, താഴെപാലം.	I, II
32	പ്രിൻസിപ്പൽ, Race കോച്ചിംഗ് സെന്റർ, തിരൂർ	I, II
33	മാനേജർ, അസോസിയേറ്റ്സ് കമ്പ്യൂട്ടർ & സെക്യൂരിറ്റി സിസ്റ്റം	I, II
34	സെക്രട്ടറി, മലപ്പുറം കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഹൗസിംഗ് സോസൈറ്റീസ്, തിരൂർ.	I, II
35	പ്ലാനറ്റ് ഫാഷൻ, തിരൂർ	I, II

36	ലതർ പ്ലാനറ്റ്. തിരൂർ.	I, II
37	പ്രൊപ്രൈറ്റർ, കണ്ണങ്കണ്ടി ക്ലൾ ഹോം, തിരൂർ	I
38	പ്രൊപ്രൈറ്റർ, സിറ്റി ഹോട്ടൽ, തിരൂർ	I, II
39	പ്രൊപ്രൈറ്റർ ദീപ റസ്റ്റോറന്റ് & ബാർ, തിരൂർ	II
40	ഡോ. അബ്ദുറഹിമാൻ ക്ലിനിക്ക്, തിരൂർ	I, II
41	സെക്രട്ടറി, തിരൂർ പ്രസ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സോസൈറ്റി ലിമിറ്റഡ്, തിരൂർ	I, II
42	മാനേജർ, എൻ.ആർ.ഇ. ഇലക്ട്രോണിക്സ്, തിരൂർ	I, II
43	M/s ഫിദ പെട്രോൾ പമ്പ്, തിരൂർ.	I, II
44	മാനേജർ, ഇന്ത്യൻ ഓായിൽ പെട്രോൾ പമ്പ്, കെ.ജി.പടി. തിരൂർ.	I, II
45	കെ.എസ്.ഇ.ബി. റീജിയണൽ ഓഡിറ്റ് ഓഫീസ്, താഴെപാലം.	I
46	മാനേജർ, അൽമനാറ എെ കെയർ ഹോസ്പിറ്റൽ, തിരൂർ.	I, II
47	സ്റ്റാർ ഓട്ടോ മോബൈൽസ്, താഴെപാലം.	I, II
48	ഹെഡ് മാസ്റ്റർ, എസ്.എസ്.എം.യു.പി. സ്കൂൾ നടുവിലങ്ങാടി.	I, II
49	മാനേജർ, എ.എം. ഹോണ്ട, പൂക്കയിൽ	I, II
50	പ്രൊപ്രൈറ്റർ, ലിസാൻ മോട്ടോഴ്സ്,(കൈനറ്റിക്) നടുവിലങ്ങാടി.	I, II
51	മാനേജർ, ന്യൂ അസോസിയേറ്റ്സ് ഓഫ് MDFC ബാങ്ക് കാർവേൾഡ്, നടുവിലങ്ങാടി.	I, II
52	പ്രിൻസിപ്പാൾ, APJ അബ്ദുൾ കലാം, കോളേജ്, തിരൂർ.	I, II
53	പ്രൊപ്രൈറ്റർ, സിറ്റി പാർക്ക് ഹോട്ടൽ, പൂക്കയിൽ	I, II
54	സെക്രട്ടറി, പൂക്കയിൽ അർബൻ കോ-ഓപ്പറേറ്റീവ് സോസൈറ്റി, തിരൂർ.	I, II
55	ഇസാഫ്, റീട്ടെയിൽ ബാങ്കിംഗ് നടുവിലങ്ങാടി.	I, II
56	അസിസ്റ്റന്റ് എഞ്ചിനീയർ, 110 KV സബ്സ്റ്റേഷൻ, പൂക്കയിൽ	I, II
57	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ സബ് ഡിവിഷൻ, പൂക്കയിൽ	I, II
58	പ്രൊപ്രൈറ്റർ, യൂറോ ടെക്ക് പൂക്കയിൽ,	I, II
59	മാനേജർ, മൂപ്പൻസ് T.V.S. ട്ടൂവീലർ ഷോറൂം, പെരുവഴിയമ്പലം	I, II
60	ഹ്യസൈൻസി നബ്ര ഗ്ലാസ് പ്ലൈവുഡ്, പെരുവഴിയമ്പലം	II
61	തിരൂർ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പയ്യനങ്ങാടി	I
62	ഐ.എച്ച്.ടി. കമ്പ്യൂട്ടർ എഡ്യൂക്കേഷൻ സെന്റർ, പയ്യനങ്ങാടി, തിരൂർ.	I
63	MET സെൻട്രൽ സ്കൂൾ, പയ്യനങ്ങാടി.	I, II
64	സബ് പോസ്റ്റ് ഓഫീസ്, ഈസ്റ്റ് ബസാർ, തിരൂർ.	I, II
65	പ്രിൻസിപ്പൽ, ബ്രില്ല്യൻസ് കോളേജ്, തിരൂർ	I, II
66	മാനേജർ, മാത് സ് വാല്യൂ ഫിനാൻസ്, പാൻബസാർ	II
67	മാനേജർ, Jio പാൻബസാർ	I, II
68	മാനേജർ, അൽഹിന്ദ് ട്രാവൽസ്,	I, II
69	മാനേജർ, എെ.എ.എം. ബിസിനസ് സ്കൂൾ	I, II
70	മാനേജർ, കള്ളിയത്ത് സാനിറ്റേഷൻ, തിരൂർ.	I, II
71	മാനേജർ, കള്ളിയത്ത്. സ്റ്റീൽ	I, II
72	പ്രൊപ്രൈറ്റർ, സിറാജ് സ്റ്റുഡിയോ, തിരൂർ	I, II
73	മാനേജർ, ആസാദ് സിൽക്ക്സ്	I, II
74	മാനേജർ, ജി.ടെക് കമ്പ്യൂട്ടർ, തിരൂർ.	I, II
75	കല്യാൺ ജ്വവലേഴ്സ് ഇന്ത്യാ ലിമിറ്റഡ്, പാൻ ബസാർ	II

76	പ്രിൻസിപ്പൽ, തിരൂർ കോ-ഓപ്പറേറ്റീവ് ഐ.ടി.സി (പ്രൈവറ്റ്) അന്നാര	II

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കാനും നികുതി ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണവും നൽകാൻ ആവശ്യപ്പെട്ട് 22.02.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ. 40/2020-21 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നികുതി അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

മേൽ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-14 കരറുകാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.47,500രൂപയുടെ നഷ്ടം

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(10) പ്രകാരം കരാറുകാരനിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ തൊഴിൽ നികുതിയായി ഈടാക്കാവുന്നതാണ്.
നഗരസഭയുടെ 2020-21വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-1 കാണുക.

1-15 വസ്തുനികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമല്ല- ₹ 1,02,37,785/- പിരിച്ചെടുക്കാനവശേഷിക്കുന്നു

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നഗരസഭയുടെ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2020-21 വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വസ്തുനികുതി കുടിശ്ശിക ഡിമാന്റായ 2,83,50,734/-രൂപയിൽ 1,81,12,949/-രൂപ മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. 1,02,37,785/- രൂപ ഇനിയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.
തനത് ഫണ്ടിന്റെ പ്രധാന ഉറവിടമായ വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നത് നഗസഭയുടെ ദൈനംദിന ചെലവുകളെയും വികസന പ്രവർത്തനങ്ങളെയും ദോഷകരമായി ബാധിക്കുന്നതാണ്. കുടിശ്ശിക തുക പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും ടി വിഷയം ഭരണസമിതി/ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.55/2020-21 തീയതി : 23 -04 – 2022)മറുപടി നൽകിയിട്ടില്ല.

വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് മേൽ വിഷയം ഭരണസമിതി/ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശ്ശിക നികുതി പിരിവ് പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

06-03-2019 ലെ സ. ഉ. (സാധാ.) നമ്പർ. 540/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച) പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരണം വരുത്തിയതിന്റെ പ്രാബല്യ തീയതി 01-04-2016 ആയി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കാത്ത എല്ലാ നഗരസഭകളും എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം, ഫോറം നമ്പർ-6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും പൂർത്തീകരിക്കുന്നതിന് 2019 സെപ്റ്റംബർ വരെയാണ് മേൽ ഉത്തരവ് പ്രകാരം സമയം നിശ്ചയിച്ചിരുന്നത്. എന്നാൽ വസ്തുനികുതി പരിഷ്കരണ ഫയൽ, സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. 2020-21 ഓഡിറ്റിന്റെ ഭാഗമായി 26-04-2022 ന് സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നഗരസഭയിലെ എല്ലാ വാർഡുകളിലെയും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. 2020-21 ഓഡിറ്റിന്റെ ഭാഗമായി 26-4-2022 ന് സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ നഗരസഭയിലെ എല്ലാ വാർഡുകളിലെയും ബേസ് ഡാറ്റാ എൻട്രി 25137 ആണ്. 20748 എണ്ണമാണ് അപ്രൂവ് ചെയ്തിട്ടുള്ളത്. ആയതിൽ 3714 കെട്ടിടങ്ങളുടെ ഫോറം 6 നാളിതുവരെയും തുടങ്ങിയിട്ടില്ല. 20748 കെട്ടിടങ്ങൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്നവയിൽ 2500 ഓളം കെട്ടിടങ്ങൾ പൊളിച്ച് നീക്കം ചെയ്തവയാണെന്നും ആയത് ഫീൽഡിൽ പോയി ജീവനക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്നാൽ സോഫ്റ്റ്വെയറിൽ അപ്ഡേറ്റ് ചെയ്തിട്ടില്ലെന്നും ഇനി 1500 ഓളം കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കാൻ

അവശേഷിക്കുന്നു എന്നും കാണുന്നു. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ 28-01-2021 ലെ 9-ാം നമ്പർ തീരുമാനപ്രകാരം 3 കൗൺസിൽ അംഗങ്ങളും റവന്യൂ ജീവനക്കാരും ഉൾപ്പെടുന്ന സംയുക്തപരിശോധന ടീം രൂപീകരിക്കുകയും നികുതി നിർണ്ണയിക്കാൻ അവശേഷിക്കുന്ന കെട്ടിടങ്ങൾ ഫീൽഡിൽ പോയി പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് 539-ാം വകുപ്പ് പ്രകാരം നഗരസഭക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ 3 വർഷം കഴിഞ്ഞാൽ ജപ്തി, വ്യവഹാരം എന്നീ ശിക്ഷാ നടപടികൾ നടത്തുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 04-05-2018 ലെ ഇ6-8727/2017 ഉത്തരവ് പ്രകാരം നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കുടുംബശ്രീ വഴി 179 ദിവസത്തേക്ക് താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകുകകയും ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

വസ്തുനികുതി പരിഷ്കരണം ഉത്തരവ് ഇറങ്ങിയിട്ട് വർഷങ്ങളായിട്ടും ആയത് പൂർത്തിയാക്കുന്നതിന് താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമായിട്ടും, പരിഷ്കരണം പൂർത്തീകരിക്കാൻ നഗരസഭക്ക് കഴിയാത്തതിന് വിശദീകരണം നൽകേണ്ടതാണ്. വസ്തുനികുതി പരിഷ്കരണം അനന്തമായി നീളുന്നത് നഗരസഭക്ക് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നുണ്ട്.
വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശങ്ങളും ആയതിന്റെ നിലവിലുള്ള അവസ്ഥയും റിപ്പോർട്ട് ചെയ്യേണ്ടതാണ്.

നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 04-05-2018 ലെ ഇ6-8727/2017 ഉത്തരവ് പ്രകാരം നികുതി പരിഷ്കരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കുടുംബശ്രീ വഴി 179 ദിവസത്തേക്ക് താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാൻ അനുമതി നൽകി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയായി എത്ര ജീവനക്കാരെ എത്ര ദിവസത്തേക്കാണ് നിയമിച്ചിട്ടുള്ളതെന്നും ടി ജീവനക്കാരുടെ ജോലിയുടെ വിശദാംശങ്ങളും വേതനയിനത്തിൽ നഗരസഭ ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാർ നിലവിലും നഗരസഭയിൽ ജോലി ചെയ്യുന്നുണ്ടോ എന്നും നിലവിൽ എന്ത് ജോലിയാണ് അവർ ചെയ്യുന്നത് എന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ജീവനക്കാരെ തുടരാൻ അനുവദിക്കുന്നത് എന്നും വ്യക്തമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾക്ക് മറുപടി ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 58/2020-21 തീയതി : 06-05-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

1-17 അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുടിശ്ശിക ₹23,21,160-തുടർ നിയമ നടപടികൾ സ്വീകരിക്കുന്നില്ല

നഗരസഭയിൽ അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയയിൽ നിന്ന് ലഭ്യമായ 2020-21 വസ്തുനികുതി ഡി.സി.ബി. റിപ്പോർട്ട് പരിശോധിച്ചപ്പോൾ വൻതുക ഓരോ കെട്ടിടത്തിനും കുടിശ്ശികയുള്ളതായി കാണുന്നു. അത്തരം കെട്ടിടങ്ങളുടെ ഉപയോഗക്രമവും വസ്തുനികുതി കുടിശ്ശികയുടെ വിവരവും ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ.	വാർഡ് നമ്പർ	ഉടമസ്ഥന്റെ പേര്	ഉപയോഗക്രമം	വസ്തു നികുതി കുടിശ്ശിക	വസ്തുനികുതി കുടിശ്ശികയുള്ള കാലയളവ്
1	15/UA 501/1 (2014)	ഫാത്തിമ. കെ.	വാണിജ്യം	1,00,758	2014-15 മുതൽ 2020-21 വരെ
2	15/UA 509/1 (2014)	മുഹമ്മദ് അഷ്റഫ്.കെ.	വാണിജ്യം	72,653	2014-15 മുതൽ 2020-21 വരെ
3	15/UA 2073/2 (2013)	ഇ.പി. കോയസ്സൻ	വാണിജ്യം	3,19,392	2013-14 മുതൽ 2020-21 വരെ
4	15/UA 2073/1(2013)	ഇ.പി. കോയസ്സൻ	വാണിജ്യം	2,98,480	2013-14 മുതൽ 2020-21 വരെ
5	3/UA 316/1 (2014)	ദാനിഷ് ഹൈഡ്രോസ്	വാണിജ്യം	1,23,627	2014-15 മുതൽ 2020-21 വരെ

6	3/316/2 (2014)	ദാനിഷ് ഹൈഡ്രോസ്	വാണിജ്യം	4,65,885	2014-15 മുതൽ 2020-21 വരെ
7	37/UA 1184/A(2018)	കദീജ. വി.വി.	വാണിജ്യം	1,71,742	2018-19 മുതൽ 2020-21 വരെ
8	37/UA 1522/1 (2014)	ഡോ.കെ. നൗഷാദ്	വാണിജ്യം	25,242	2014-15 മുതൽ 2020-21 വരെ
9	37/UA 1748/1 (2014)	അബ്ദുറഹ്മാൻ. പി.വി.	വാണിജ്യം	1,33,633	2014-15 മുതൽ 2020-21 വരെ
10	37/UA 1748/2 (2014)	അബ്ദുറഹ്മാൻ.പി.വി.	വാണിജ്യം	2,30,938	2014-15 മുതൽ 2020-21 വരെ
11	30/UA 141/A (2015)	ഫാത്തിമ. ടി.	വിദ്യാഭ്യാസം	3,78,810	2015-16 മുതൽ 2020-21 വരെ
			ആകെ	23,21,160	

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 242-ാം വകുപ്പ് പ്രകാരം അവയ്ക്ക് വേണ്ടി നിശ്ചയിക്കപ്പെട്ട രീതിയിലും നിരക്കിലും വസ്തുനികുതി നിർണ്ണയിക്കേണ്ടതും വസ്തുനികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് ഓരോ കെട്ടിടത്തിന്റെയും ഉടമസ്ഥന് അയക്കേണ്ടതുമാണ്. അപ്രകാരം വസ്തുനികുതി ചുമത്തുന്നത് മൂലം നിയമാനുസൃതമല്ലാതെയുള്ള കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കപ്പെട്ടതായി കണക്കാക്കാവുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ നടപടിയെടുക്കുന്നതിന് ഇത് തടസ്സമായിരിക്കുന്നതല്ല എന്നും നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റുന്നത് വരെ ഇപ്രകാരം വസ്തുനികുതി നൽകുവാൻ ആയാൾ ബാധ്യസ്ഥനായിരിക്കുമെന്നും ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.

മേൽകെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന്റെ കാരണവും മേൽ കെട്ടിടങ്ങളുടെ മേൽ സ്വീകരിച്ച നിയമ നടപടികളുടെ വിശദാംശങ്ങളും, മേൽ കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ടും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ.56 /20 തീയതി,25-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്. മേൽ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് കാലഹരണപ്പെടുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-18 അനർഹമായി മേഖല ഇളവ് നൽകി-വസ്തുനികുതി നിർണ്ണയിച്ചു.

14-01-2011 ലെ സ.ഉ.(അ) നം. 18/2011/തസ്വഭവ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും)ചട്ടങ്ങൾ പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിനായി 19-07-2011 ലെ 23-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നഗരസഭയിലെ വാർഡുകളെ വിവിധ മേഖലകളായി തിരിച്ചിട്ടുണ്ട്. ആയത് പ്രകാരം വാർഡ് 16 പ്രഥമ മേഖലയിലാണ് ഉൾപ്പെടുന്നത്. എന്നാൽ വാർഡ്-16 ന്റെ സഞ്ചയ സപ്ലിമെന്ററി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചപ്പോൾ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയതായി കാണുന്നു.

ക്രമ നം.	കെട്ടിട നമ്പർ/വിസ്തീർണ്ണം ഉപയോഗക്രമം	കെട്ടിട ഉടമയുടെ പേര്	അടിസ്ഥാന നികുതി (₹)	അനർഹമായി നൽകിയ മേഖല ഇളവ് (₹)

1	16/370/B 81.71 M^2 വാണിജ്യം	അലവി. പി.	7353	735/-
2	16/367/B 171.73 M^2 പാർപ്പിടാവശ്യം	ഉസ്മാൻ. പി.	2232	223
3	16/322/A 204.64 M^2 പാർപ്പിടാവശ്യം	കുഞ്ഞിമൊയ്തീൻ.കെ.	2660	266
4	10/346/C 142.33 M^2 പാർപ്പിടാവശ്യം	സിദ്ദിഖ്. പി.	1850	185
5	16/346/B 113.85 M^2 പാർപ്പിടാവശ്യം	ഉസ്മാൻ. പി.	1480	148
	ആകെ			1557

പ്രഥമ മേഖലയിൽ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടങ്ങൾക്ക് അനർഹമായി മേഖല ഇളവ് നൽകി നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ54/2020-21 തീയതി : 23-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശികയടക്കം ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നത് സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

നഗരസഭ പരിധിയിൽ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് നൽകുന്നതിന്റെ പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

എ) പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ നഗരസഭയിൽ പരിപാലിച്ചു വരുന്ന പെർമിറ്റ് രജിസ്റ്ററിൽ കെട്ടിടനമ്പർ നൽകിയതിന്റെ വിവരം രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിനും, പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്തുന്നതിനും സാധിക്കുന്നില്ല. ഇതുമൂലം അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 59/2020-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി)പെർമിറ്റ് നൽകിയ പ്ലാനിൽ നിന്നും വ്യതിചലിച്ച് കെട്ടിട നിർമ്മാണം

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി PW4 – 42/2019 നമ്പർ പ്രകാരം പെർമിറ്റ് നൽകിയ (അപേക്ഷകൻ : മമ്മിക്കുട്ടി മുസ്ലിയാർ, മഠത്തിപ്പറമ്പിൽ) വാണിജ്യ കെട്ടിടത്തിന്റെ പ്ലാനിൽ ചട്ടം 56 (7) അനുസരിച്ച് പട്ടിക 9 പ്രകാരമുള്ള യൂറിനലുകൾ, വാഷ് ബേസിനുകൾ എന്നിവ നിലം നിരപ്പുനിലയിലും ഒന്നാം നിലയിലുമായി സജ്ജീകരിക്കുന്നതാണെന്ന് കാണിച്ചിരുന്നു. എന്നാൽ ഈ കെട്ടിടത്തിന്റെ പൂർത്തീകരണ പ്ലാനിൽ ഈ സജ്ജീകരണങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പെർമിറ്റ് നൽകിയ പ്ലാനിൽ നിന്ന് വ്യതിചലിച്ചാണ് കെട്ടിടം പണി പൂർത്തിയാക്കിയിട്ടുള്ളതെങ്കിൽ മേൽ കെട്ടിടത്തിന് ഒക്യുപ്പൻസി നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 04.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 59/2020-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട നിർമ്മാണത്തിൽ ചട്ടലംഘനം നടന്നിട്ടുണ്ടെങ്കിൽ ആയതിനെ അനധികൃത

നിർമ്മാണമായി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

സി)ചട്ടങ്ങൾ പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്താതെ കെട്ടിട നിർമ്മാണം.

നഗരസഭാ പരിധിയിൽ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിക്കുമ്പോഴും നിർമ്മാണം പൂർത്തിയാക്കി ഒക്കുപ്പൻസി അനുവദിക്കുമ്പോഴും ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ശുചീകരണ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഉറപ്പുവരുത്തുന്നതിൽ നഗരസഭ വീഴ്ച വരുത്തിയതായി കണ്ടെത്തി.

PW4 – 116/2020 നമ്പർ പെർമിറ്റ് പ്രകാരം (അപേക്ഷകൻ : മുഹമ്മദ് നജീബ് & അദേഴ്സ് , അടിപ്പറമ്പിൽ) നിർമ്മാണം പൂർത്തീകരിച്ച് ഒക്യുപ്പൻസി നൽകിയിട്ടുള്ള വാണിജ്യ കെട്ടിടത്തിൽ 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 34 പ്രകാരമുള്ള മതിയായ ശുചീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

വിനിയോഗ ഗണം	:	കച്ചവടം/വാണിജ്യം (ഗ്രൂപ്പ് എഫ്)
നിർമ്മിത വിസ്തീർണ്ണം	:	364.12 ച.മീ
പട്ടിക 13 പ്രകാരം ഒരു വ്യക്തിയ്ക്കാവശ്യമായ നിർമ്മിത വിസ്തീർണ്ണം	:	5.9ച.മീ/വ്യക്തി
ആൾപ്പാർപ്പ് ഭാരം	:	364.12/5.9 = 62 62 * (2/3) = 41 പുരുഷന്മാർ 62 * (1/3) = 21 സ്ത്രീകൾ
പട്ടിക 14 പ്രകാരം ഓരോ 25 പുരുഷന്മാർക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണമെന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട വാട്ടർ ക്ലോസെറ്റുകളുടെ എണ്ണം	:	41/25 = 1.64 = 2 വാട്ടർ ക്ലോസെറ്റുകൾ
പട്ടിക 14 പ്രകാരം ഓരോ 15 സ്ത്രീകൾക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണമെന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട വാട്ടർ ക്ലോസെറ്റുകളുടെ എണ്ണം	:	21/15 = 1.4 = 2 വാട്ടർ ക്ലോസെറ്റുകൾ
ആകെ	:	4 വാട്ടർ ക്ലോസെറ്റുകൾ

ചട്ടപ്രകാരം ആകെ 4 വാട്ടർ ക്ലോസെറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ മേൽ കെട്ടിടത്തിന്റെ റെഗുലറൈസ്ഡ് കംപ്ലീഷൻ പ്ലാൻ പ്രകാരം 3 വാട്ടർ ക്ലോസെറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്.

1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം 8 (ചെറുപ്ലോട്ടുകളിലെ കെട്ടിട നിർമ്മാണം) പ്രകാരമാണ് PW4 – 155/2019 നമ്പറിൽ വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുള്ളത് (അപേക്ഷക : ധന്യ. സി, ചെറുപുരയ്ക്കൽ). അദ്ധ്യായം 8ന് കീഴിൽ വരുന്ന കെട്ടിടങ്ങൾക്ക് ബാധകമല്ലാത്ത വ്യവസ്ഥകൾ ചട്ടം 63ൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ശുചീകരണ സൗകര്യങ്ങൾ ഇതിലൊന്നല്ല. ആയതിനാൽ മേൽ കെട്ടിടത്തിന് ചട്ടം 56 (7) അനുസരിച്ച് പട്ടിക 9 പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങൾ താഴെപ്പറയുന്ന അളവിൽ നൽകേണ്ടതുണ്ട്.

വിനിയോഗ ഗണം	:	കച്ചവടം/വാണിജ്യം (ഗ്രൂപ്പ് എഫ്)
കാർപ്പറ്റ് വിസ്തീർണ്ണം	:	151.39 ച.മീ
ഒരു വ്യക്തിയ്ക്കാവശ്യമായ കാർപ്പറ്റ് വിസ്തീർണ്ണം	:	4.75 ച.മീ/വ്യക്തി
വ്യക്തികളുടെ എണ്ണം	:	151.39/4.75 = 32 32 * (2/3) = 21 പുരുഷന്മാർ 32 * (1/3) = 11 സ്ത്രീകൾ
<u>പട്ടിക 9 പ്രകാരം ഏർപ്പെടുത്തേണ്ട ശുചീകരണ സൗകര്യങ്ങൾ</u>		
ഓരോ 25 പുരുഷന്മാർക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണമെന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട വാട്ടർ ക്ലോസെറ്റുകളുടെ എണ്ണം	:	21/25 = 0.84 = 1 വാട്ടർ ക്ലോസെറ്റ്

പട്ടിക 14 പ്രകാരം ഓരോ 15 സ്ത്രീകൾക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണമെന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട വാട്ടർ ക്ലോസെറ്റുകളുടെ എണ്ണം	:	11/15 = 0.73 = 1 വാട്ടർ ക്ലോസെറ്റ്
ആകെ	:	2 വാട്ടർ ക്ലോസെറ്റുകൾ
ഓരോ 25 പുരുഷന്മാർക്കും അതിന്റെ ഭാഗത്തിനും ഒരെണ്ണമെന്ന നിരക്കിൽ ഏർപ്പെടുത്തേണ്ട യൂറിനലുകളുടെ എണ്ണം	:	21/25 = 0.84 = 1 യൂറിനൽ
ഓരോ നിലയിലും ഒന്ന് വീതം അഭിലഷണീയമായി ഏർപ്പെടുത്തേണ്ട വാഷ് ബേസിനുകളുടെ എണ്ണം	:	3 വാഷ് ബേസിനുകൾ

മേൽ പ്രകാരമുള്ള ശുചീകരണ സൗകര്യങ്ങളിൽ ഒരു വാട്ടർ ക്ലോസെറ്റ് ഒഴികെ മറ്റൊന്നും മേൽ കെട്ടിടത്തിന്റെ നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ച് അംഗീകരിച്ച പ്ലാനിലും കംപ്ലീഷൻ പ്ലാനിലും രേഖപ്പെടുത്തി കാണുന്നില്ല. നിർമ്മാണ പെർമിറ്റുകൾ അനുവദിക്കുമ്പോഴും ഒക്യുപെൻസി അനുവദിക്കുമ്പോഴും ചട്ടപ്രകാരമാണ് നിർമ്മാണം എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 04.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 59/2020-21 ന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട നിർമ്മാണങ്ങളിൽ അന്വേഷണം നടത്തി ചട്ടലംഘനം നടന്നതായി തെളിഞ്ഞാൽ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-20 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുക ഈടാക്കിയില്ല 1,75,325 രൂപ നഷ്ടം

2020-21 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കേസുകളിൽ ഡിമാന്റ് ചെയ്ത തുകകൾ ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2കാണുക.

1-21 നഗരസഭ കടമുറികളുടെ വാടക -36,28,606/- രൂപ കുടിശ്ശിക

2020-21 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ അധീനതയിലുള്ള കടമുറികൾ ടേബിളുകൾ, ബങ്കുകൾ എന്നിവയുടെ വാടക കുടിശ്ശിക രജിസ്റ്റർ പരശോധിച്ചതിൽ 36,28,606/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഡിമാന്റ് രജിസ്റ്റർ ക്രമ നം.	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക നിരക്ക്	കുടിശ്ശിക കാലയളവ്	കുടിശ്ശിക തുക
1	AG-05	5	കുഞ്ഞായിഷ്യ	2,780	12/20-3/21	11,120
2	AG-33	33	കെ.കെ. സുലൈഖ	3,192	3/21	3,192
3	AG-34	34	പി.ടി. കുഞ്ഞിക്കമ്മു	1,535	3/21	1,535
4	AG-37	37	സി. മൊയ്തീൻ	2,437	3/21	2,437
5	AG-01-B	56	ഒ.പി. ബീരാൻകുട്ടി	1,990	01/21-3/21	5,970
6	AF-01	95	എം. ബാപ്പുട്ടി	1,674	4/20-3/21	20,088
7	AF-2	96	കെ. അബ്ദുസ്സലാം	2,252	1/21-3/21	6,756
8	AF-04	98	ടി. പത്മനാഭൻ	2,109	7/20-3/21	18,981
9	AF-07	101	സി.എം. മൊയ്തീൻ	1,338	4/20-3/21	16,056
10	AF-11	105	സെക്രട്ടറി, സി.പി.എം	659	10/20-3/21	3,954
11	AF-22	116	പി. രാധാകൃഷ്ണൻ	1,606	4/20-3/21	19,272
12	AF-23	117	ഇ.സി. മുഹമ്മദ് എന്ന ബാവ.	1,798	2/21-3/21	3,596
13	M-02	128	പി.പി. കണ്ടൻകുട്ടി	3,426	4/20-3/21	41,112
14	F-05	140	മുള്ളമടയിൽ ഹംസ	2,687	4/20-3/21	32,244
15	7/313 F5, F6	233	പി. ജമാൽ	10,000	3/21	10,000

16	7/313 F-11	239	മച്ചിങ്ങൽ അബ്ദുൽ ഖാദർ	5,062	3/21	5,062
17	7/313 F-12	240	ഷാജി	6,500	10/20-3/21	39,000
18	GF-22, 23	168	കയർഫെഡ് മാനേജർ	8,236	4/20-3/21	98,832
19	7/297.A	178	കെ. കുഞ്ഞാവ (കോണിമുറി)	17,345	4/20-3/21	2,08,140
20	FF 02,03	180	ഇ.അബ്ദുസലാം	6,975	4/20-3/21	13,590
21	FF-04	182	അബ്ദുസ്സലാം	5,243	11/20-3/21	26,210
22	FF 24	201	ഇ. അബ്ദുൾ സലാം	1,958	6/20-3/21	19,580
23	FF-27	204	പി. മുഹമ്മദ് കബീർ	1,338	4/20-3/21	16,056
24	7/313 G	214	എ.െ.പി. മുഹമ്മദാലി	11,798	Old	708
25	7/313 P	222	മുത്താണിക്കാട് അബ്ദുള്ള	12,589	3/21	12,589
26	7/313 F13	241	അഭിലാഷ്.	5,049	4/20-3/21	60,580
27	7/313 T	226	എം. മുസ്തഫ	10,781	12/20-3/21	43,124
28	7/313 F1	229	സുലജ. വി.	4,958	4/20-3/21	59,496
29	7/313 F2	230	സുലജ. വി.	4,958	4/20-3/21	59,496
30	7/313 F20	248	എ.കെ.ഷംസുദ്ദീൻ	4,957	4/20-3/21	59,484
31	7/313 F22	250	സി.അബ്ദുൽ ഹക്കീം	5,086	4/20-3/21	61,032
32	7/313 F28	256	കെ.കെ. ജംഷീർ	5,084	4/20-3/21	61,008
33	GF-07	265	വി.പി.അബ്ദുറഹിമാൻ	5,833	9/20-3/21	40,831
34	GF-09	267	ടി. റഹീം	5,570	4/20-3/21	66,840
35	FF-02	269	കെ.പി. മറിയുമ്മ	1,920	4/20-3/21	23,040
36	FF-03	270	മച്ചാളിൽ രഘുനാഥ്	2,028	4/20-3/21	24,336
37	FF-05	272	എ.കെ. വഹീദ	2,385	4/20-3/21	28,620
38	FF-06	273	കെ. അബ്ദുൽ റഷീദ്	1,843	4/20-3/21	22,116
39	FF-03	280	ഹസ്സൻ ചക്കുങ്ങൾ	2,136	12/20-3/21	8,544
40	TF-04	281	സെക്രട്ടറി, കേരള സംസ്ഥാന വ്യാപാരി വ്യവസായി	1,513	4/20-3/21	18,156
41	GF-04	287	ഇ. അബ്ദുൾ ജലീൽ	3,844	3/21	3,844
42	GF-09	292	അബ്ദുള്ള.എ.	4,449	3/21	4,449
43	FF-02	296	സിന്ധുമോൾ. സി.	1,656	12/20-3/21	6,624
44	FF-03	297	ടി.വി. സുലേഖ	2,204	3/21	2,204
45	SF-02	302	കൊല്ലത്തേടത്ത് ഗിരീഷ്	2,014	4/20-3/21	24,168
46	SF-03	303	സെക്രട്ടറി,എൻ.ജി.ഒ. യൂണിയൻ	1,879	4/20-3/21	22,548
47	A.T.C-03	310	ആർ. വേലുസ്വാമി	4,502	4/20-3/21	54,024
48	A.T.C-04	311	ശ്രീകുമാരൻ.	4,800	4/20-3/21	57,600
49	A.T.C-05	312	ശ്രീകുമാരൻ	4,000	4/20-3/21	48,000
50	A.T.C-06	313	കെ.പി. മുഹമ്മദ് ഷാഫി	4,502	4/20-3/21	54,024
51	A.T.C-08	315	സുരേഷ്.എം	5,412	4/20-3/21	64,944
52	സ്റ്റാൾ-08	322	കള്ളിക്കൽ മമ്മി	1,857	3/21	1,857
53	ബങ്ക്-06	328	സത്തായിൽ ഇല്ലം അസ്മാബി	2,233	9/20-3/21	15,631

54	ബങ്ക്-12	334	സി.ബീരാൻകുട്ടി	1,756	4/20-3/21	21,072
55	ബങ്ക്-18	340	കെ. ആമിന	1,536	4/20-3/21	18,432
56	ബങ്ക്-H1	343	കുഞ്ഞീമ. ടി.കെ.	1,535	4/20-3/21	18,420
57	ബങ്ക്-SE1	345	കപ്പൽ പടിക്കൽ ഗോവിന്ദൻ	1,756	4/20-3/21	21,072
58	ബങ്ക്-20/363A	347	മുണ്ടേക്കാട് ഹൈദരലി ശിഹാബ്	1,535	4/20-3/21	18,420
59	ലോട്ടറി ബങ്ക്	350	കുറ്റിക്കാട്ടിൽ കൃഷ്ണൻ	1,536	3/21	1,536
60	ടാക്സി സ്റ്റാന്റ്	352	യൂനസ് ഉമ്പേരി	12,500	4/20-3/21	1,50,000
61	ബസ് സ്റ്റാന്റ് ബിൽഡിംഗ് ടെറസ്	354	കെ. അലവിക്കുട്ടി	2,536	4/20-3/21	30,432
62	ടേബിൾ-1	355	വി. മുഹമ്മദ് കുട്ടി	3,308	4/20-3/21	39,696
63	ടേബിൾ-3	357	അക്ബർ പാഷ അരങ്ങത്തിൽ	3,308	4/20-3/21	39,696
64	ടേബിൾ-4	358	മജീദ് S/oവീരാപ്പു	3,308	4/20-3/21	39,696
65	ടേബിൾ-5	359	മുഹമ്മദ് മുസ്തഫ	3,308	4/20-3/21	39,696
66	ടേബിൾ-7	361	അർഷാദ് കാവുംപുറത്ത്	3,308	4/20-3/21	39,696
67	ടേബിൾ-8	362	സുബൈർ ആളത്തിൽ പറമ്പിൽ	3,308	4/20-3/21	39,696
68	ടേബിൾ-10	364	സി.കെ. അബ്ദുറഹിമാൻ	3,308	4/20-3/21	39,696
69	ടേബിൾ-9	363	സമീർ പരുത്തിക്കുന്നൻ	3,308	4/20-3/21	39,696
70	ടേബിൾ-13	367	എൽ.പി. സൈതാലി	3,308	4/20-3/21	39,696
71	ടേബിൾ-14	368	മൊയ്തു ളുളിപ്പാട്ട്	3,308	4/20-3/21	26,464
72	ടേബിൾ-16	370	യാഹു കോങ്ങാട്ട്	3,308	4/20-3/21	39,696
73	ടേബിൾ-17	371	ഹസ്സൻകോയ നെടുമ്പള്ളി	3,308	4/20-3/21	39,696
74	ടേബിൾ-18	372	കാട്ടത്ത് മുഹമ്മദ് ഷാഫി	3,308	4/20-3/21	39,696
75	ടേബിൾ-19	373	മുഹമ്മദ് ഹനീഫ	3,308	4/20-3/21	39,696
76	ടേബിൾ-20	374	മുഹമ്മദ് അക്ബർ കാരാട്ടിൽ	3,308	4/20-3/21	39,696
77	ടേബിൾ-21	375	അസൈനാർ S/o മുഹമ്മദ് മുസ്തഫ	3,308	4/20-3/21	33,080
78	ടേബിൾ-22	376	അഷ്റഫ് മുണ്ടേത്തോട്ട്	3,308	4/20-3/21	39,696
79	ടേബിൾ-23	377	കുഞ്ഞിമുഹമ്മദ് എന്ന മുജീബ്	3,308	4/20-3/21	39,696
80	ടേബിൾ-24	378	കെ.കെ. അഷ്റഫ്	3,308	4/20-3/21	39,696
81	ടേബിൾ-25	379	അബ്ദുൾ മജീദ് അത്താണിക്കൽ	3,308	4/20-3/21	39,696
82	ടേബിൾ-26	380	ഫൈസൽ അരങ്ങത്തിൽ	3,308	4/20-3/21	39,696
83	ടേബിൾ-27	381	അമീർ അലി പഴേരി	3,308	4/20-3/21	39,696
84	ടേബിൾ-28	382	പി.കെ. അബ്ദുൽ അസീസ്	3,308	4/20-3/21	39,696
85	ടേബിൾ-29	383	അബ്ദുൾകരീം ചെങ്ങണക്കാട്ടിൽ	3,308	4/20-3/21	39,696
86	ടേബിൾ-31	385	കാട്ടത്ത് അലി	3,308	4/20-3/21	39,696
87	ടേബിൾ-32	386	അനസ്. കെ.	3,308	4/20-3/21	39,696

88	ടേബിൾ-34	388	കാട്ടത്ത് ഹംസ	3,308	4/20-3/21	39,696
89	ടേബിൾ-35	389	ബാവ മങ്ങാട്ടിൽ	3,308	4/20-3/21	39,696
90	ടേബിൾ-37	391	അനീസ് ബാബു.	3,308	4/20-3/21	39,696
91	ടേബിൾ-38	392	മുഹമ്മദ് റാഷിദ്	3,308	4/20-3/21	39,696
92	ടേബിൾ-40	394	പി.പി. വേലായുധൻ	3,308	4/20-3/21	39,696
93	ടേബിൾ-41	395	നാസർ അരങ്ങത്തിൽ	3,308	4/20-3/21	39,696
94	ടേബിൾ-42	396	ബഷീർ അരങ്ങത്തിൽ	3,308	4/20-3/21	39,696
95	ക്ലാസിക് ലോഡ്ജ് പോർഷൻ-2		മുഹമ്മദ് സഫീർ	9,782	4/20-3/21	1,17,384
96	പോർഷൻ-03		അബൂബക്കർ സിദ്ദിഖ്	13401	4/20-3/21	1,60,812
97	പോർഷൻ-05		അബ്ദുൽ ഗഫൂർ	12,001	4/20-3/21	1,44,012
98			പ്രസിഡണ്ട്, കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്	699	4/20-3/21	4,194

വാടക കുടിശ്ശിക സംബന്ധിച്ചും കുടിശ്ശിക വരുത്തിയവർക്കെതിരെ നഗരസഭ നടപടികൾ സ്വീകരിച്ചത് സംബന്ധിച്ചും 18-02-2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ. 31/2020-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകുകയും ആയതിന് 07/04/2022 ന് ലഭ്യമാക്കിയ മറുപടിയിൽ എല്ലാ കുടിശ്ശികക്കാർക്കും ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ചില കടമുറികൾ അടച്ചുപൂട്ടി ഏറ്റെടുക്കുന്ന നടപടിഘട്ടത്തിലാണെന്നും കുടിശ്ശികക്കാർക്കെതിരെ റവന്യൂ റിക്കവറി ഉൾപ്പെടെ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ വാടക കുടിശ്ശിക അടിയന്തിരമായി പിരിച്ചെടുക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനക്കായി സമർപ്പിക്കേണ്ടതുമാണ്.

1-22 വാടക കുടിശ്ശിക-കുടിശ്ശിക രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല-58,664/- രൂപ നഷ്ടം

നഗരസഭ വാടക കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടാത്തതിനാൽ 58,664/ രൂപ വ്യക്തമായ നഷ്ടമാണ്. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-3 കാണുക.

1-23 നഗരസഭ കടമുറികൾ വാടകക്കാർ അനധികൃതമായി വിഭജനം നടത്തി ഉപയോഗിക്കുന്നു.

നഗരസഭ ബസ് സ്റ്റാന്റിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകക്കാർ വിഭജനം നടത്തി ഒന്നിൽ കൂടുതൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ഓഡിറ്റ് വിഭാഗം 22-02-2022 ന് നഗരസഭ റവന്യൂ ഇൻസ്പെക്ടർ, ശ്രീ. സുഗതൻ. കെ. എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തി. നഗരസഭയുടെ കടമുറികൾ വാടകക്കാരൻ നഗരസഭയുടെ അനുമതിയില്ലാതെ വിഭജിച്ച് ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളായി നടത്തുന്നത് ക്രമപ്രകാരമല്ല. അപ്രകാരം ചെയ്യുന്നത് മൂലം നഗരസഭക്ക് ലൈസൻസ് ഫീസിനത്തിലും, വാടക ഡെപ്പോസിറ്റ് ഇനത്തിലും നഷ്ടം സംഭവിക്കുന്നു. പരിശോധനയിൽ ഇത്തരത്തിൽ പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങൾ കണ്ടെത്തി ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	വാടകക്കാരന്റെ പേര്, അഡ്രസ്സ്	കടമുറി വിഭജനം നടത്തിയിട്ടുണ്ടോ എന്നത്.	വിശദാംശങ്ങൾ
1	7/313A	ആമിന W/oഅബ്ദുൽ റഹീം ഒഴക്കപറമ്പിൽ (ഹൗസ്) കൊപ്പം.	ഉണ്ട്.	കടമുറിയിൽ SIMBITS, MOBILE CLUB എന്നിങ്ങനെ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. രണ്ട് സ്ഥാപനങ്ങൾക്കും കൂടി ഒറ്റ ലൈസൻസ് മാത്രമാണുള്ളത്.
2	7/313 V	പരയേടത്ത് മുഹമ്മദ് എന്ന ബാവ	ഉണ്ട്	കടമുറി മൂന്നായി വിഭജിച്ച് 3 മൊബൈൽഷോറൂമുകൾ പ്രവർത്തിക്കുന്നു. ഒരു

		കോട്ട്, തിരൂർ		മൊബൈൽ ഷോപ്പിന്റെ ലൈസൻസിൽ മൂന്ന് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഇത്തരത്തിൽ മാറ്റം വരുത്തുന്നതിന് നഗരസഭ അനുമതി നൽകിയിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ആരാഞ്ഞ് കൊണ്ട് 28-02-2022 ലെ ഓഡിറ്റ് എൻക്വയറി നമ്പർ. 42/2020-21 പ്രകാരം എൻക്വയറി നൽകിയിരുന്നുവെങ്കിലും നഗരസഭ മറുപടിയൊന്നും നൽകിയില്ല. നഗരസഭ കടമുറികൾ വാടകക്കാർ ഇഷ്ടാനുസരണം വിഭജനം നടത്തുകയും വാടകയും ഡെപ്പോസിറ്റുമെല്ലാം ഈടാക്കി മേൽവാടകക്ക് നൽകുന്നത് ഗുരുതരമായ ക്രമക്കേടും നഗരസഭയുമായുള്ള കരാർ വ്യവസ്ഥക്ക് എതിരുമാണ്. വാടകക്ക് നൽകിയ കടമുറികളിൽ യാതൊരു പരിശോധനയും നഗരസഭാധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നതും ഗൗരവതരമാണ്. ആയതിനാൽ പരിശോധന നടത്തി അനധികൃതമായി മാറ്റങ്ങൾ വരുത്തി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുകയും അത്തരം വാടകക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-24 നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കാൻ കെമിസ്ട്രി ലാബ് ശാക്തീകരണം-പ്രോജക്ട് രൂപീകരണം ഫലപ്രദമല്ല-നഗരസഭക്ക് 1,99,868/- രൂപയുടെ പാഴ് ചെലവ്

തിരൂർ നഗരസഭയിലെ ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഏഴൂർ, ഗവ. ഹയർ സെക്കന്ററി സ്കൂൾ, തെക്കുംമുറി എന്നീ സ്കൂളുകൾക്കായി ഹെഡ് മാസ്റ്റർ , ജി.എം.യു.പി. സ്കൂൾ തിരൂർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ പ്രോജക്ട് ആണ് "നഗരസഭയിലെ കിണറ്റിലെ ജലം പരിശോധിക്കൽ ജി.എച്ച്.എസ്. ഏഴൂർ, ജി.എച്ച്.എസ്. തെക്കുംമുറി കെമിസ്ട്രി ലാബ് ശാക്തീകരണം" എന്നത്.

ഈ പദ്ധതിക്കായി 1,99,868/- രൂപയുടെ പർച്ചേയ്സ് മാത്രമാണ് നടന്നത്, പ്രോജക്ട് നടപ്പിലാക്കുകയോ ലക്ഷ്യം കാണുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക

1-25 സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2020-21 സാമ്പത്തിക വർഷത്തിൽ തിരൂർ നഗരസഭ പരിധിയിൽ സ്കൂളുകൾക്കായി ഹെഡ് മാസ്റ്റർ, ജി.എം. യു.പി.എസ് നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പദ്ധതികൾ നടപ്പാക്കുകയും ആയതിന്റെ ഭാഗമായി വിവിധ ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂളുകളിൽ നടത്തിയ (മുനിസിപ്പാലിറ്റിയിലെ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ) ഭൗതിക പരിശോധനയിൽ സ്കൂളുകൾ സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ലായെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നമ്പർ	അടങ്കൽ	ചെലവ്	ബിൽ നമ്പർ
1	ഗവ. സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം ഉപകരണങ്ങൾ	81/2021	12,00,000	11,92,824	19150547003801248222 തീയതി, 11-02-2020 (738764) 1915054700380109743 തീയതി, 17-01-2020 (454060)
2	സ്കൂളുകൾക്ക് ബഞ്ചും ഡെസ്കും വാങ്ങൽ	349/2021	2,36,022	2,36,022	19150547003801598669 തീയതി, 25-03-20 (236022)
3	സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ	235/2021	3,00,000	3,00,000	20150547003801135531 2 തീയതി, 25-03-21 (3,00,000)
4	കിണറിലെ ജലപരിശോധന-കെമിസ്ട്രി ലാബ് ശാക്തീകരണം	238/2021	2,00,000	199,868	20150547003801418370 തീയതി, 29-03-21

5	സർക്കാർ സ്കൂളുകൾക്ക് വൈദ്യുതി ഉപകരണങ്ങൾ വാങ്ങൽ	74/2021	4,00,000	3,99,219	19150514700380158823 തീയതി, 23-03-2020
		ആകെ ചെലവ്		23,27,933	

മേൽ പ്രകാരം വാങ്ങിയ ഉപകരണങ്ങൾ വിവിധ സ്കൂളുകളിലേക്ക് വിതരണം ചെയ്തതായും അവയുടെ കൈപ്പറ്റ് രേഖ ഫയലുകളിൽ സൂക്ഷിച്ചതായും കാണുന്നുണ്ട്. എന്നാൽ മേൽ പ്രോജക്ടുകളുടെ പരിശോധനക്കായി തിരൂർ ഗവ. ബോയ്സ് ഹൈസ്കൂൾ, തിരൂർ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, ഏഴൂർ ഗവ. ഹൈസ്കൂൾ, ഏഴൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ, ജി.എൽ.പി.സ്കൂൾ, തൃക്കണ്ടിയൂർ എന്നിവിടങ്ങളിൽ ഭൗതിക പരിശോധന നടത്തുകയും ആയതിൽ ഏഴൂർ ഗവ. ഹയർ സെക്കന്ററി സ്കൂൾ ഒഴിച്ച് ബാക്കിയുള്ളവയൊന്നും സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ലായെന്ന് കണ്ടെത്തി. ഇത് ക്രമപ്രകാരമല്ല. ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാത്തത് മൂലം ഭാവിയിൽ അത് നഷ്ടപ്പെട്ടാലും അത് സംബന്ധിച്ച യാതൊരു കണക്കും സ്കൂളുകളിൽ ലഭ്യമല്ലാതെ വരും. ആയതിനാൽ സ്കൂളുകൾക്ക് ലഭ്യമാകുന്ന മുഴുവൻ ഉപകരണങ്ങളും സ്കൂൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും ആയത് സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പ്രോജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. ആയത് പരിശോധനക്കായി ബന്ധപ്പെട്ട ഫയൽ സഹിതം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്. മേൽ അപാകത സൂചിപ്പിച്ചുകൊണ്ടും അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ഹാജരാക്കണമെന്നും അറിയിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ. 25/2020-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-26 ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ, ഓണറേറിയം, ഭക്ഷണം വിതരണ രേഖകൾ ഹാജരാക്കിയില്ല-1,17,036/- രൂപ തടസ്സം ചെയ്യുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ. 251/21 ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ ഓണറേറിയം, ഭക്ഷണം
അടങ്കൽ - 11,00,000/-രൂപ (വികസന ഫണ്ട് സാധാരണ വിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ - പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 14/2020-21 തീ. 22.10.2021 പ്രകാരം നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽപെടുത്തിയങ്കിലും ആവശ്യപ്പെട്ട രേഖകളോ മറുപടിയോ ലഭ്യമാക്കിയിട്ടില്ല.

1. ബഡ്സ് സ്കൂൾ ടീച്ചർ, ഹെൽപ്പർ എന്നിവർക്ക് ഓണറേറിയം നൽകുന്നതിനും കുട്ടികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനും ചെലവഴിച്ച ബിൽ നമ്പർ. 4/21 തീ.31-03-2021 പ്രകാരമുള്ള 1,11,236/- രൂപയുടെ ചെലവ് രേഖകൾ ഫയലിൽ ലഭ്യമല്ല.

2.ബിൽ നമ്പർ. 9/21 തീ. 6-3-21 പ്രകാരം സമീക്ഷ തൊഴിൽ യൂണിറ്റിന് 5,800/- രൂപയക്ക് സ്റ്റേറ്റ് കൺസ്യൂമർ ഫെഡില് നിന്നും വാങ്ങിയ സാധനങ്ങളുടെ (ഇൻവോയ്സ് നമ്പർ. 373/7/1163എ തീയതി 22-02-2021) സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിസോധനക്ക് ഹാജരാക്കിയിട്ടില്ല.

3. ബിൽ നമ്പർ. 8/21 തീ. 6-3-21 പ്രകാരമുള്ള 76,611/- ബില്ലിൽ നിന്നും ശ്രീമതി. മിനി കെ.പി. , ആയ എന്നവർക്ക് ഡിസംബർ 2020, ജനവരി 2021 എന്നീ മാസങ്ങളിൽ ഓണറേറിയം ഇനത്തിൽ യഥാക്രമം 177/-,186/- (ആകെ 363/-രൂപ) അധികം നൽകിയിരിക്കുന്നു.

4. ആയമാർ, ഫിസിയോ തെറാപ്പിസ്റ്റ് എന്നിവരുടെ കരാർ നിയമനവുമായി ബന്ധപ്പെട്ട കരാറുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ആവശ്യപ്പെട്ട രേഖകൾ/മറുപടി ഹാജരാക്കുന്നത് വരെ ചെലവ് തുക 1,17,036 രൂപ തടസ്സം ചെയ്യുന്നു. ഓണറേറിയം ഇനത്തിൽ അധികം നൽകിയ 363/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് തിരിച്ചടവാക്കേണ്ടതാണ്.

1-27 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർവ്വഹണം മാർഗ്ഗ രേഖ പ്രകാരമാക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ. 243/21 891 വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ 15,00,000 രൂപ
ചെലവ് 50,000/- രൂപ

ബിൽ നമ്പർ. 9/21-29-03-2021 50,000/- രൂപ

14-02-2018ലെ സ.ഉ.(കൈ) നം. 22/2018 തസ്വഭവ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കാൻ വീടിനോടൊപ്പം സൗകര്യം ഉണ്ടെങ്കിൽ പഠനമുറി നിർമ്മിക്കാവുന്നതാണ്.

മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ തെരഞ്ഞെടുത്ത 12 ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവ് മാത്രമാണ് അപേക്ഷ സമർപ്പിച്ച് പഠനമുറി നിർമ്മാണത്തിനുള്ള അഡ്വാൻസായി മേൽ ബിൽ പ്രകാരമുള്ള തുക കൈപ്പറ്റിയിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പേരിലാണ് ആനുകൂല്യം അനുവദിക്കേണ്ടത്. എന്നാൽ പ്രോജക്ട് നടപ്പിലാക്കിയപ്പോൾ ഗുണഭോക്താവായി ശ്രീ. ശ്രീകാന്ത് . കെ. പി. എന്ന വിദ്യാർത്ഥിയുടെ മാതാവായ ശ്രീമതി. ജയ കൊല്ലപറമ്പിലിനെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അപേക്ഷയുടെ കൂടെ വിദ്യാർത്ഥിയുടെ രേഖകൾക്ക് പകരം മാതാവിന്റെ പേരിലുള്ള രേഖകളാണ് നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണം നടത്തുമ്പോൾ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.15 ലക്ഷം രൂപ അടങ്കൽ ഉള്ള പ്രോജക്ടിൽ 50,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ ഭാവിയിൽ സ്വീകരിക്കേണ്ടതാണ്.

1-28 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ-അപേക്ഷകൾ വിതരണ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. ₹78,300 തടസ്സം ചെയ്യുന്നു.

പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ
പ്രോജക്ട് നമ്പർ. 79/21(so)- 60 വയസ്സ് കഴിഞ്ഞവർക്ക് കട്ടിൽ
അടങ്കൽ - 2,61,000/- (എസ്.സി.പി.)
ബിൽ റഫറൻസ് നമ്പർ. 20150547001500023185/11-4-2020 78,300 രൂപ

60 വയസ്സ് കഴിഞ്ഞ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായാണ് മേൽ സ്പിൽ ഓവർ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. അക്രഡറ്റിഡ് ഏജൻസിയായ ആർട്ടിസാൻ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റിയിൽ നിന്നും 18/ ഗുണഭോക്താക്കൾക്കായി 18 കട്ടിലുകൾ ബിൽ തുക പ്രകാരം വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നമ്പർ. KKD 590/18-3-2020 78,300/- രൂപ) മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ കൊടുക്കുന്ന രേഖകൾ ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

1. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധ യോഗ്യതാ രേഖകളും

2. കട്ടിൽ വിതരണം ചെയ്തതിന്റെ /കൈപ്പറ്റിയതിന്റെ രേഖകൾ

3. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ(ആർ.ടി) നമ്പർ. 19/2019 എസ്.പി.ഡി. തീയതി 13-5-2019 പ്രകാരം ആർട്ടിസാൻ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റിയിൽ നിന്നും വാങ്ങുന്ന സാധനങ്ങൾ അവർ തന്നെ നിർമ്മിച്ചതാണെന്നും പുറമെ നിന്ന് വാങ്ങിയതല്ലായെന്നും കാണിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ARTCO Ltd. മാനേജിംഗ് ഡയറക്ടറിൽ നിന്നും വാങ്ങേണ്ടതാണ്. ഈ സർട്ടിഫിക്കറ്റ് ഫയലിൽ ലഭ്യമല്ല.

4. പ്രോജക്ട് മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

മേൽ സൂചിപ്പിച്ച രേഖക.ൾ,അപേക്ഷകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 10/2020-21 (തീ.22-10-2021), ഓഡിറ്റ് എൻക്വയറി നമ്പർ 53/2020-21 (തീ.21-40-2022)നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ മറുപടിയിൽ ആർട്ടിസാൻ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റിയിൽ നിന്നും ബിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും കട്ടിൽ സപ്ലൈ ചെയ്യാത്തതിനാൽ സപ്ലൈ ഓർഡർ റദ്ദാക്കിയിട്ടുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടി വ്യക്തമല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല. മേൽ ബിൽ പ്രകാരം തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം അത്തരം രേഖകളോ/കണക്കുകളോ നിലവിലില്ലാ എന്ന് കരുതുന്നു. ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 സാമൂഹ്യ സുരക്ഷാ പെൻഷൻ- മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തു.

നഗരസഭ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ (സേവന സോഫ്റ്റ്‌വെയർ), മരണ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പെൻഷൻ ഗുണഭോക്താക്കളുടെ മരണ തീയതിക്കുശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ തുക വിതരണം ചെയ്തതായി കാണുന്നു. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-4 കാണുക.

1-30 അംഗനവാടികളുടെ പോഷകാഹാര സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല.- സൂക്ഷ്മ പരിശോധന നടത്തുന്നില്ല.

പ്രോജക്ട് നമ്പർ.: 220/2021-22
ബിൽ തുക : 50,00,000/- രൂപ (38,00,000 + 12,00,000)
ബിൽ നമ്പർ : 1. ബിൽ നമ്പർ. 01/20-21 തീയതി, 29-6-2020 5,71,992

2. ബിൽ നമ്പർ.02/20-21 തീയതി, 13-07-20 9,49,454

3. ബിൽ നമ്പർ.03/20-21 തീയതി, 28-09-20 12,41,388

4. ബിൽ നമ്പർ.04/20-21 തീയതി, 23-11-20 7,85,223

5. ബിൽ നമ്പർ.05/20-21 തീയതി, 23-11-20 2,51,943

6. ബിൽ നമ്പർ.06/20-21 തീയതി, 01-12-20 5,96,241 (SNP Central Share)

7. ബിൽ നമ്പർ.07/20-21 തീയതി,12-12-20 6,03,759 (SNP Central Share)

ആകെ 50,00,000

2020-21 സാമ്പത്തിക വർഷം തിരൂർ നഗരസഭ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതിയാണ് അംഗനവാടികൾക്ക് പോഷകാഹാരം. ടി പദ്ധതിക്കായി 50,00,000/- രൂപ ചെലവിടുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ അംഗനവാടികൾക്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൃത്യമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അംഗനവാടികളിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പും പരിശോധനയും കാര്യക്ഷമമല്ല. 43 അംഗനവാടികളാണ് തിരൂർ നഗരസഭക്ക് കീഴിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിൽ ഈസ്റ്റ് ചെമ്പ്ര, കുത്തുപറമ്പ്, തൃക്കണ്ടിയൂർ എന്നീ അംഗനവാടികളുടെ സ്റ്റോക്ക്, വിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ പൊതുവായി കാണുന്നുണ്ട്.

1. പോഷകാഹാര മെയിൻ സ്റ്റോക്ക് രജിസ്റ്ററുകളിൽ അതത് മാസം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെങ്കിലും ചെലവ് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല.

2. സ്റ്റോക്ക് രജിസ്റ്ററുകളിൽ അംഗനവാടി വർക്കർ മാസാവസാനം സ്റ്റോക്ക് സാക്ഷ്യപ്പെടുത്തുന്നില്ല.

3. വിതരണ രജിസ്റ്ററുകളിൽ ഓരോ മാസവുമുള്ള നീക്കിയിരിപ്പ് , വരവ്, വിതരണം ചെയ്തതിന്റെ അളവ് എന്നിവ രേഖപ്പെടുത്തി ബന്ധപ്പെട്ട വർക്കർ സാക്ഷ്യപ്പെടുത്തുന്നില്ല.

4. ഓരോ അംഗനവാടികളിലും കുട്ടികളുടെ ഹാജർ പട്ടിക സൂക്ഷിക്കേണ്ടതും ഹാജർ പട്ടികയിലെ ക്രമത്തിൽ തന്നെ വിതരണ രജിസ്റ്ററിൽ കുട്ടികളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം സൂക്ഷിക്കുന്നതായി കാണുന്നില്ല.

തന്മൂലം ഓരോ മാസവും ഭക്ഷ്യധാന്യ സ്വീകരിക്കാത്ത കുട്ടികളെക്കുറിച്ചും സ്വീകരിച്ച കുട്ടികളെക്കുറിച്ചും കൃത്യമായി മനസ്സിലാക്കാൻ കഴിയുന്നില്ല. അംഗനവാടികളിൽ സൂക്ഷിക്കുന്ന വിവിധ വിതരണ രജിസ്റ്ററുകളിൽ വ്യത്യസ്തമായ ക്രമത്തിലാണ് കുട്ടികളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

5. അംഗനവാടികളിലൂടെ പോഷകാഹാരം നൽകുന്ന മറ്റു വിഭാഗം ആളുകളുടെ വിവരവും ശരിയായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആളുകളെ ഉൾപ്പെടുത്തുമ്പോഴും, രജിസ്റ്ററിൽ നിന്നും നീക്കം ചെയ്യുമ്പോഴും വിവരം രേഖപ്പെടുത്തി വർക്കർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നത് സംബന്ധിച്ച് സൂക്ഷിക്കുന്ന ഒരു രജിസറ്ററും ഒരു ഘട്ടത്തിലും തന്നെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ പരിശോധിക്കുകയോ സക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് 17-09-2021 ലെ ഓഡിറ്റ് എൻക്വയറി നമ്പർ. 05/2020-21 പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ കത്ത് നൽകിയിരുന്നു. ആയതിന് 22-09-2021 ന് ലഭ്യമാക്കിയ മറുപടിയിൽ കൊറോണ വ്യാപനം കാരണമുള്ള പ്രതികൂല സാഹചര്യവും ജോലിഭാരവും മൂലമാണ് കൃത്യമായ പരിശോധനകൾ നടത്താൻ കഴിയാതെയായതെന്നും അത് മൂലമാണ് അപാകതകൾ വന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. നഗരസഭയുടെ കീഴിലുള്ള 43 അംഗനവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരം നൽകുക എന്ന ലക്ഷ്യത്തോടെ 50,00,000/- രൂപ (അമ്പത് ലക്ഷം രൂപ) മുടക്കി നടപ്പിലാക്കുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ആയതിന്റെ ഫലപ്രദമായ പൂർത്തീകരണത്തിനും സുതാര്യതക്കും നിർവ്വഹണോദ്യോഗസ്ഥന്റെ സമയബന്ധിതമായ പരിശോധനയും മേൽനോട്ടവും ഒഴിച്ചു കൂടാനാവാത്തതാണ്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് ഓഡിറ്റ്

നിർദ്ദേശിക്കുന്നു.

ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതിനായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൃത്യമായ ഇടവേളകളിൽ അംഗൻവാടികളിൽ സന്ദർശനം നടത്തേണ്ടതും രജിസ്റ്റർ, സ്റ്റോക്ക് എന്നിവയുടെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടതാണ്..

1-31 തെരുവ് വിളക്കുകളുടെ എ.എം.സി., കരാറുകാരൻ ആവശ്യപ്പെട്ട തുകയേക്കാൾ കൂടുതൽ തുക അനുവദിച്ചു. - 2,28,160/- രൂപ നഗരസഭക്ക് നഷ്ടം.

പ്രോജക്റ്റ് നമ്പർ : 305/2020 സ്പിൽ ഓവർ
ഫയൽ നമ്പർ : എ5/19315/19
അടങ്കൽ : 17,99,260/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് : 17,99,180/- രൂപ
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി, തിരൂർ നഗരസഭ.

കരാറുകാരന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	ബിൽ നമ്പർ/ചെക്ക് നമ്പർ	തുക	റിമാർക്സ്
1	20/2020-21 തീയതി, 16-11-2020	5,39,771	ഒന്നാം പാർട്ട് ബിൽ
2	37/2020-21 തീയതി, 03-03-2021	3,27,838	രണ്ടാം പാർട്ട് ബിൽ
3	38/2020-21 തീയതി, 03-03-2021	1,28,022	,,
4	208675 676, 677, 678 തീയതി, 16-3-21	83,851	
5	208723, 724, 725, 726 തീയതി, 31-3-21	3,50,000	മൂന്നാം പാർട്ട് ബിൽ
6	238406 7 തീയതി, 02-06-21	3,69,698	
	ആകെ	17,99,180	

നഗരസഭ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ എ.എം.സി. ക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി സ്പിൽ ഓവറായി 305/2020 നമ്പർ ആയി പദ്ധതി രൂപീകരിക്കുകയും അതിനായി 29-10-2019 ലെ എ5-19315/ നമ്പർ പ്രകാരം ഇ- ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ഇ- ടെണ്ടർ 12-11-2019 ന് ഓപ്പൺ ചെയ്തെങ്കിലും ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. 6-12-2019 ന് വീണ്ടും റീ ടെണ്ടർ ക്ഷണിക്കുകയും 17-12-2019 ന് ടെണ്ടർ തുറക്കുകയും ചെയ്തു. ലഭ്യമായ ഏക ടെണ്ടർ സമർപ്പിച്ചത് ശ്രീ. ഷജിൽ. കെ.പി., പ്രഭ എന്റർപ്രൈസസ്, കോഴിക്കോട് എന്ന ഇലക്ട്രിക്കൽ കോൺട്രാക്ടറാണ്. ടിയാൻ കരാർ എടുക്കുകയും ചെയ്തു. കരാറുകാരൻ ടെണ്ടർ സമർപ്പിച്ചത് 2092315/- രൂപക്കും നഗരസഭ കണക്കാക്കിയ എസ്റ്റിമേറ്റ് തുക 17,99,260/- രൂപയുമാണ്. കൂടാതെ കരാറുകാരൻ രേഖപ്പെടുത്തിയ ചില ഇനങ്ങളുടെ വില എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലും ചില ഇനങ്ങളുടേത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവുമാണ്.

കരാറുകാരനുമായി നെഗോസിയേഷൻ നടത്തുകയും, എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് രേഖപ്പെടുത്തിയ ഇനങ്ങൾക്ക് കുറവ് രേഖപ്പെടുത്തിയ നിരക്കിലും, എസ്റ്റിമേറ്റിനേക്കാൾ കൂടുതൽ രേഖപ്പെടുത്തിയ ഇനങ്ങൾക്ക് എസ്റ്റിമേറ്റ് നിരക്കിലും നെഗോസിയേഷൻ അനുവദിക്കാവുന്നതാണ് എന്ന കുറിപ്പോടുകൂടി നഗരസഭ എഞ്ചിനീയർ കൗൺസിൽ തീരുമാനത്തിന് ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ മേൽ കുറിപ്പ് പരിഗണിക്കാതെ 15-02-2020 ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 1799260/- രൂപയുടെ ടെണ്ടർ അംഗീകരിക്കുയാണ് ചെയ്തത്. കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ തുകക്ക് നൽകാമെന്ന് സമ്മതിച്ച ഇനങ്ങൾക്ക് പോലും കൂടിയ നിരക്ക് ഒരു നിലക്കും അനുവദിക്കേണ്ടതില്ലാത്തതിനാലും, എ.എം.സി. മേൽനോട്ട ചുമതലയുള്ള നഗരസഭ എഞ്ചിനീയർ ആയത് പ്രത്യേകം ചൂണ്ടിക്കാണിച്ച സാഹചര്യത്തിലും നഗരസഭയുടെ ഉത്തമ താൽപ്പര്യത്തിനനുസൃതമായി കൗൺസിൽ അത് പരിഗണിക്കേണ്ടതായിരുന്നു. അല്ലാത്തപക്ഷം തീരുമാനമെടുക്കുന്ന വേളയിൽ നിർവ്വഹണോദ്യോഗസ്ഥനായ സെക്രട്ടറി ആയത് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും തീരുമാനത്തിലെ അപാകത ചൂണ്ടിക്കാണിക്കുകയും ചെയ്യേണ്ടതായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. അപ്രകാരം ചെയ്യാത്തതിൽ ചില ഇനങ്ങൾക്ക് കരാറുകാരൻ ആവശ്യപ്പെട്ടതിലധികം തുക നൽകിയതിനാൽ 2,28,160/-രൂപ നഗരസഭക്ക് ഈയിനത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഐറ്റം നം.	ഇനം	എണ്ണം	എസ്റ്റിമേറ്റ് നിരക്ക് (രൂപ)	കരാറുകാരൻ ക്വാട്ട് ചെയ്ത തുക	വ്യത്യാസം (രൂപ)	നഷ്ടം (രൂപ)

1.02	സോഡിയം വേപ്പർ ലാമ്പ് 70 വാട്സ്	5	1800	1500	300	1500
1.03	സോഡിയം വേപ്പർ ലാമ്പ് 150 വാട്സ്	5	2000	1600	400	2000
1.04	സോഡിയം വേപ്പർ ലാമ്പ് 250 വാട്സ്	5	2200	2100	100	500
1.06	എൽ.ഇ.ഡി	284	1000	600	400	113600
1.07	ഹൈമാസ്റ്റ് ലൈറ്റ്	9	32740	25000	7740	69660
2.05	എയർ കണ്ടീഷൻ	4	3000	2000	1000	4000
2.09	മെർക്കുറി ലാമ്പ്	3	2500	1000	1500	4500
3.03	മെർക്കറി ലാമ്പ്	4	2500	1000	1500	6000
3.04	എൽ.ഇ.ഡി.	10	1000	200	800	8000
4.06	എൽ.ഇ.ഡി. ലാമ്പ്	2	1000	200	800	1600
7.01	മെർക്കുറി ലാമ്പ്	8	2500	1000	1500	12000
8.06	എൽ.ഇ.ഡി.	6	1000	200	800	4800
					ആകെ തുക	2,28,160

കരാറുകാരൻ ആവശ്യപ്പെട്ടതിലുമധികം തുക അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച് വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ. 19/2020-21 തീയതി 08-11-2021 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് 06/05/2022 ന് ലഭ്യമാക്കിയ മറുപടിയിൽ നഗരസഭ തയ്യാറാക്കിയ ടെണ്ടർ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിന് പ്രവൃത്തി ഏറ്റെടുക്കുന്നതിനാണ് കരാറുകാരൻ സമ്മതിച്ചിട്ടുള്ളതെന്നും ആയതിനാൽ ചില ഐറ്റങ്ങളിൽ മാത്രം നിരക്ക് കുറക്കാൻ കഴിയില്ല എന്നുമാണ് വ്യക്തമാക്കിയിട്ടുള്ളത്. മുനിസിപ്പൽ എഞ്ചിനീയറുടെ അഭിപ്രായം അജണ്ടക്കുറിപ്പായി കൗൺസിലിന്റെ മുമ്പാകെ സമർപ്പിച്ചിരുന്നെങ്കിലും നഗരസഭ തയ്യാറാക്കിയ എസ്റ്റിമേറ്റ് നിരക്കിൽ കരാറുകാരന് പ്രവൃത്തി അനുവദിക്കാനാണ് കൗൺസിൽ തീരുമാനിച്ചത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ആ അപാകതയാണ് മേൽ പ്രകാരം ഓഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കൗൺസിൽ അത് പരിഗണിക്കേണ്ടതായിരുന്നു. അല്ലാത്തപക്ഷം നിർവ്വഹണോദ്യോഗസ്ഥൻ ആയത് പ്രത്യേകം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതായിരുന്നു. ആയതിനാൽ നഗരസഭ ലഭ്യമാക്കിയ മറുപടി പരിഗണിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നഷ്ടമുണ്ടാക്കിയ 2,28,160/- രൂപ കൗൺസിൽ തീരുമാനമെടുത്തപ്പോൾ ചൂണ്ടിക്കാണിക്കാൻ വീഴ്ച വരുത്തിയ നിർവ്വഹണോദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കേണ്ടതും ടിയാനിൽ നിന്നും ഈടാക്കേണ്ടതുമാണ്.(15-02-2020 ലെ സെക്രട്ടറി)കൂടാതെ ഓരോ വാർഡിലെയും തെരുവ് വിളക്കുകളുടെ സ്ഥിതിവിവര കണക്കുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, അറ്റകുറ്റപ്പണി നടത്തുമ്പോൾ തിരികെ ലഭിക്കുന്ന പഴയ സ്പെയർ പാർട്സുകളുടെ രജിസ്റ്റർ, അവയുടെ ഗ്യാരന്റി കാലാവധി സംബന്ധിച്ച പരിശോധന വിവരം എന്നിവ സംബന്ധിച്ചും മേൽ എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

1-32 സർക്കാർ സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ്റൂം ഉപകരണങ്ങൾ നൽകൽ-മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.-6,22,903/- രൂപ നഗരസഭക്ക് നഷ്ടം

തിരൂർ നഗരസഭയിൽ, ഹെഡ് മാസ്റ്റർ, ജി.എം.യു.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് *സർക്കാർ സ്കൂളുകളിലേക്ക് സ്മാർട്ട് ക്ലാസ് റൂം നൽകൽ* എന്ന പദ്ധതി. ഈ പദ്ധതി നടപ്പാക്കുന്നതിനായി കെൽട്രോണിൽനിന്നും 20 പ്രോജക്ടർ അനുബന്ധ ഉപകരണങ്ങൾ (ഇൻവോയ്സ് നമ്പർ. TVM/ITBG/PI/SB/457/19-20 തീയതി, 14-01-2020. 6,00,200 /-രൂപ) 43 ഇഞ്ച് എൽ.സി.ഡി. ടി.വി 4 എണ്ണം (ഇൻവോയ്സ് നമ്പർ. TVM/ITBG/PI/SB /492/19-20 Lതീയതി, 25-1-2020 1,38,564/- രൂപ), ലാപ് ടോപ് 20 എണ്ണം (ഇൻവോയ്സ് നമ്പർ. TVM/ITBG/PI/RC /13547/19-20 തീയതി, 31-08-2020, 4,54,060/ രൂപ) ഓർഡർ ചെയ്യുകയും കെൽട്രോൺ ലഭ്യമാക്കിയ മേൽ ഇൻവോയ്സ് പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്.

മൊത്തം 20 ലാപ് ടോപ്പുകളിൽ ഒരു ലാപ് ടോപ്പും, 20 പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതായോ ബന്ധപ്പെട്ട സ്കൂൾ ഹെഡ് മാസ്റ്റർമാർ കൈപ്പറ്റിയതായോ ഫയലിൽ കാണുന്നില്ല.

വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

1-33 ബിരുദ ബിരുദാനന്തര ബിരുദ, ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി

വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകിയത്-അപാകതകൾ സംബന്ധിച്ച്

പ്രോജക്ട് നമ്പർ : 248/2020-21
അടങ്കൽ : 6,00,000/- രൂപ (വികസന ഫണ്ട്)
ചെലവ് തുക : 4,54,400/- 20150547003801215127 തീയതി, 09-03-21

തിരൂർ നഗരസഭയിൽ, 2020-21 സാമ്പത്തിക വർഷത്തിൽ ഹെഡ് മാസ്റ്റർ, ജി.എം.യു.പി. സ്കൂൾ, തിരൂർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് ബിരുദ ബിരുദാനന്തര ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതി. ഈ പദ്ധതിക്കായി തിരൂരിലെ ന്യൂ ടെക് സിസ്റ്റംസ് എന്ന സ്ഥാപനത്തിൽ ഒരു ലാപ് ടോപ്പിന് 28400/- രൂപ നിരക്കിൽ 16 എണ്ണം വാങ്ങുകയും 16 വിദ്യാർഥികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ബിരുദം, ബിരുദാനന്തര ബിരുദം, ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകേണ്ടത്. എന്നാൽ സ്നേഹ. ടി. D/o രാമചന്ദ്രൻ തറയിൽ, തെക്കുംമുറി എന്ന വിദ്യാർത്ഥിനി തിരൂർ ഗവ. ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ +2 കൊമേഴ്സിനാണ് പഠിക്കുന്നത്. +2 കോഴ്സ് മേൽ വിഭാഗത്തിൽപ്പെടുന്ന കോഴ്സ് അല്ല.

2. ഷൈനി. ഇ. ഇലനാട്ടിൽ, പാൻബസാർ എന്ന അപേക്ഷക, വിദ്യാർത്ഥിനിയാണെന്ന് തെളിയിക്കുന്നതിന് പഠിക്കുന്ന സ്ഥാപനത്തിന്റെ മേധാവി നൽകുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ സൂചിപ്പിച്ചുകൊണ്ട് 22/2020-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടിയൊന്നും ലഭ്യമാക്കിയില്ല. ഇക്കാരണങ്ങളാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1-34 കാർഷിക മേഖലയിലെ പ്രൊജക്ടുകൾ- നിർവ്വഹണത്തിലെ അപാകതകൾ

1. വെറ്റിലകൃഷി വികസനം (പ്രോജക്ട് 136/21)

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ വെറ്റിലകൃഷി വികസനം എന്ന പ്രോജക്ടിൽ വളം സബ്സിഡിയായി താഴെ പറയും പ്രകാരം 32 ഗുണഭോക്താക്കൾക്ക് ആകെ 80,500 രൂപ വികസന (ജനറൽ) ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

ട്രഷറി ബിൽ : 8/10.3.21 68,500/- രൂപ (28 ഗുണഭോക്താക്കൾക്ക്)

: 12/27-3-21 12,000/- രൂപ (4 ഗുണഭോക്താക്കൾക്ക്)

ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ യാതൊന്നിലും കൃഷി ഓഫീസർ/ കൃഷി അസിസ്റ്റന്റ് അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയതായോ അർഹത സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയതായോ കാണുന്നില്ല. വളം വാങ്ങിയതായി അവകാശപ്പെട്ട് ഗുണഭോക്താക്കൾ ഹാജരാക്കിയ ബില്ലിന്റെ അടിസ്ഥാനത്തിൽ പണം ട്രാൻസ്ഫർ ചെയ്യുകയല്ലാതെ ആനുകൂല്യത്തിന് അവർ അർഹരാണോ എന്നത് വ്യക്തമാക്കുന്ന രേഖകളോ, രേഖപ്പെടുത്തലുകളോ ഇല്ല. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 7/11.10.21 നമ്പർ അന്വേഷണ കുറിപ്പിനെ തുടർന്ന് അവശ്യമായ റിപ്പോർട്ടുകളോടെ ഫയൽ ലഭ്യമാക്കി.

പ്രൊജക്ട് നിർവ്വഹണസമയത്ത് തന്നെ വ്യക്തമായ കുറിപ്പുകൾ രേഖപ്പെടുത്താനും അപാകതകളില്ലാതെ നടപ്പാക്കുന്ന എന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഫീൽഡ് ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

2. തെങ്ങിന് ജൈവവളം-(പ്രോജക്ട് 132/21) സബ്സിഡി അധികം നൽകിയത്- ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി

ബിൽ നമ്പർ 3/20-21 തിയ്യതി 24.11.20 - 449718 രൂപയിൽ ഉൾപ്പെടുത്തി ശ്രീ.അലവി ചോലക്കൽ എന്ന ഗുണഭോക്താവിന് 3900 രൂപ തെങ്ങിന് ജൈവവളം സബ്സിഡി നൽകിയിട്ടുണ്ട്. 1062.60 രൂപയുടെ ക്യാഷ് ബില്ലാണ് ഗുണഭോക്താവ് ഹാജരാക്കിയത്. ആയതിനാൽ 75% സബ്സിഡി തുകയായി 797 രൂപ മാത്രമാണ് അർഹതയുള്ളത്. ഇക്കാര്യം പരാമർശിച്ച് നൽകിയ അന്വേഷണക്കുറിപ്പിനെ തുടർന്ന് അധികം നൽകിയ 3103 രൂപ 1.12.21 ൽ തിരിച്ചടവാക്കുകയുണ്ടായി.
അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിലുള്ള ഇത്തരം വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

3. പ്രോജക്ട് നമ്പർ. 425/2021 തരിശു നിലത്ത് നെൽകൃഷി സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച്

കൃഷി ഫീൽഡ് ഓഫീസർ നടപ്പാക്കിയ തരിശുനിലത്ത് നെൽകൃഷി എന്ന പ്രോജക്ടിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 49,000/-രൂപ ഗുണഭോക്താവായ ശ്രീമതി. മറിയമ്മു. കെ. (35,000/- രൂപ), ശ്രീമതി. ആയിഷാബീവി, കിഴക്കേപുറത്ത് (14,000 രൂപ) എന്നിവർക്ക് നൽകിയിട്ടുണ്ട്. (ട്രഷറി ബിൽ . 15/27-3-21)

സബ്സിഡി-ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ)22/2018/തസ്വഭവ. തീയതി 14-2-18 ലെ ഖണ്ഡിക 6.1.27 പ്രകാരം ആനുകൂല്യം നൽകുന്ന ഭൂമി കൃഷി ഓഫീസർ, നിർദ്ദിഷ്ട പ്രദേശം

കൃഷിയോഗ്യമായ തരിശ് ആയിരുന്നെന്നും കൃഷിക്ക് അനുയോജ്യമാണെന്നും സാക്ഷ്യപ്പെടുത്തണം. എന്നാൽ ഫയലിൽ ഇപ്രകാരം സാക്ഷ്യപ്പെടുത്തലുകളോ അപേക്ഷയിൽ അന്വേഷണം നടത്തിയത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകളോ ഇല്ലാത്തതിന് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ 8/11.10.21 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയായി രേഖകളും രേഖപ്പെടുത്തലുകളും ഹാജരാക്കി. നിർവ്വഹണ ഘട്ടത്തിൽ സൂക്ഷ്മ പരിശോധന നടത്താതെ ധനസഹായം നൽകുന്നത് ഉചിതമായ നടപടിയല്ല. ഇത്തരം ക്രമ പ്രകാരമല്ലാത്ത നടപടികൾ ഒഴിവാക്കേണ്ടതാണ്.

1-35 നഗരസഭ എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്ക് തയ്യാറാക്കുന്നില്ല.

2020-21 വർഷത്തിൽ നഗരസഭ മുനിസിപ്പൽ എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നിശ്ചയിച്ച് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

തസ്തിക	പ്രൊജ. തയ്യാറാക്കിയത്	നിർവഹണം	അടങ്കൽ	ചെലവ്	ശതമാനം
മുനിസിപ്പൽ എഞ്ചിനിയർ	25	19	10,48,87,486	3,15,76,793	30.10
അസിസ്റ്റന്റ് എഞ്ചിനിയർ	223	160	8,72,75,838	5,41,15,399	62.00

രണ്ടു നിർവഹണ ഉദ്യോഗസ്ഥരും ട്രഷറി ബിൽ ബുക്ക് ഉപയോഗിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ കാഷ് ബുക്ക് എഴുതിയിട്ടില്ല. Kerala Treasury Code Rule 92 (A) (I), (Ii) എന്നിവ പ്രകാരം സർക്കാർ തുകകൾ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും TR 7A Cash Book തയ്യാറാക്കേണ്ടതാണ്. നഗര സഭയിലെ എഞ്ചിനിയറിംഗ് വിഭാഗത്തിൽ ഒരു സൂപ്രണ്ട്, 4 ക്ലാർക്ക്, ഒരു OA എന്നിങ്ങനെ 6 മിനിസ്റ്റീരിയൽ ജീവനക്കാരും, ME, AE, Overseers അടക്കം 12 സാങ്കേതിക വിഭാഗം ജീവനക്കാരും ഉണ്ട്. കാഷ് ബുക്ക് പോലുള്ള അടിസ്ഥാന രജിസ്റ്റർ തയ്യാറാക്കാത്തത് ശരിയായ നടപടിയല്ല. പ്രൊജക്ട് രജിസ്റ്ററും തയ്യാറാക്കുന്നില്ല.ട്രഷറിയിൽ നിന്ന് തുക മാറുമ്പോഴും, നഗര സഭയിൽ നിന്നോ മറ്റോ ചെക്കായോ മറ്റോ പണം ലഭിക്കുമ്പോഴും, ലഭിച്ച ക്രമത്തിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം തയ്യാറാക്കാത്തത് ചട്ടവിരുദ്ധമായ നടപടിയാണ്.

1-36 ടെണ്ടർ സൂക്ഷ്മ പരിശോധന നടത്തിയതിലെ വീഴ്ച-നഗരസഭ ഫണ്ടിന് നഷ്ടം 84,254/- രൂപ

പ്രവൃത്തി : പൊതു ടോയ്‌ലെറ്റുകൾ നിർമ്മിക്കൽ
പ്രൊജക്ട് നമ്പർ : 33/21 (പ്രൊജക്ട് : So 313/19)
കരാറുകാരൻ : ശ്രീ. കെ. സിദ്ദിഖ്
അളവുപുസ്തകം : 13/2019-20
കരാർ തുക : 34,54,316.41 രൂപ
പ്രവൃത്തിമൂല്യം : 17,88,978. 89 രൂപ (നികുതികൾ ഉൾപ്പെടെ : 2003656.13)
നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ (ബിൽ നമ്പർ. 6/11-4-20)

36,80,000/- രൂപ അടങ്കലുള്ള ടി പ്രവൃത്തിക്ക് 24-12-18ന് റീ ടെണ്ടർ ചെയ്തതിൽ ലഭ്യമായ 2 ടെണ്ടറുകൾ പ്രകാരമുള്ള തുക താഴെ പറയുന്നു.

1. കെ. സിദ്ദിഖ് 34,54,316.41
2. പി. യൂസഫ് 35,93,543.50

14-01-2019 ലെ 25-ാം നമ്പർ തീരുമാനപ്രകാരം മുനിസിപ്പൽ എഞ്ചിനീയറുടെ ശുപാർശ പ്രകാരം കുറഞ്ഞ് നിരക്ക് രേഖപ്പെടുത്തിയ കെ. സിദ്ദിഖ് എന്നയാളുടെ ടെണ്ടർ സ്വീകരിക്കുകയും സെലക്ഷൻ മെമ്മോ നൽകുകയും ചെയ്തു. ആയത് പ്രകാരം പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്തു.

ലഭിച്ച ടെണ്ടർ പരിശോധിച്ചതിൽ സ്പെസിഫിക്കേഷൻ നമ്പർ. 5.3 (ഇനം നമ്പർ. 2.010) Re-inforced Cement Concrete

Work In Beams, Suspented Floors, Roofs, Having Slope Upto 150 Landings Etc., എന്ന ഇനത്തിന് എസ്റ്റിമേറ്റ് നിരക്ക് 10143.87 രൂപയാണ്. ഈയിനത്തിന് ലഭിച്ച ടെണ്ടറുകൾ പ്രകാരം കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് താഴെ പറയും പ്രകാരമാണ്.

1. കെ. സിദ്ദിഖ് 9,981.50/ Cum (അളവ് 2,573 Cum)

2. പി. യൂസഫ്. 97,000/cum (അളവ് 2,573 Cum)

ശ്രീ. യൂസഫ് ക്വാട്ട് ചെയ്ത നിരക്ക് അതിശയോക്തി പരമാണ്/തെറ്റായി രേഖപ്പെടുത്തിയതായിരിക്കാമെന്ന് വ്യക്തമാണ്. ഈയിനം ഒഴിവാക്കിയാൽ ബാക്കി 150 ഇനങ്ങൾക്കായി (ആകെ 151 ഇനങ്ങൾ) ക്വാട്ട് ചെയ്ത തുക താഴെ പറയും പ്രകാരമായിരിക്കും.

1. കെ. സിദ്ദിഖ് 34,28,634.01

2. പി. യൂസഫ് 33,43,962.50

സമർപ്പിച്ച ടെണ്ടറിലെ പിശക് /അപാകത സൂക്ഷ്മ പരിശോധന നടത്തി കരാറുകാരനായ ശ്രീ. പി. യൂസഫിന്റെ ശ്രദ്ധയിൽപ്പെടുത്തി നെഗോഷിയേഷൻ നടത്തുകയായിരുന്നെങ്കിൽ, നിരക്ക് 9700 ന് പകരം 97000 എന്ന് തെറ്റായി രേഖപ്പെടുത്തിയതായി വ്യക്തമായാൽ കരാറുകാരൻ ആകെ ക്വാട്ട് ചെയ്ത തുക താഴെ പറയും പ്രകാരം ആയിരിക്കും.

1. കെ. സിദ്ദിഖ് 34,54,316.41

2. പി. യൂസഫ് 33,68,920.60

നെഗോഷിയേഷനിലും എസ്റ്റിമേറ്റ് നിരക്കിൽ സമ്മതിക്കുകയാണെങ്കിൽ പോലും (10143.87/cum) ശ്രീ. പി. യൂസഫ് ക്വാട്ട് ചെയ്തത് 3370062.67 ആവും. അങ്ങനെയെങ്കിൽ കരാർ തുകയിൽ 84253.74 രൂപയും കുറവുണ്ടാവും. (3454316 – 3370062.67)

(മേൽ ചെയ്ത പ്രവൃത്തി ആകെ ചെയ്ത ചെലവ് ഫൈനൽ ബിൽ പ്രകാരം 4.992 Cum ആണ്.) ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിലും നെഗോഷിയേഷൻ നടത്തുന്നതിലുമുണ്ടായ വീഴ്ച കാരണം നഗരസഭക്ക് ഏറ്റവും കുറഞ്ഞത് 84253.74 രൂപയുടെ നഷ്ടം സംഭവിച്ചിരിക്കുന്നു.

ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയറുടെ വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ46/10-03-2022 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് പരാമർശത്തിന് മറുപടി ലഭ്യമാക്കേണ്ടതാണ്.ടെണ്ടർ സൂക്ഷ്മ പരിശോധന നടത്തുന്നതിലുണ്ടാവുന്ന ഇത്തരം വീഴ്ചകൾ ഒഴിവാക്കേണ്ടതാണ്.

1-37 ട്രഞ്ചിംഗ് ഗ്രൗണ്ട് നവീകരണം,റിസോഴ്സ് റിക്കവറി സെന്റർ,എയ്റോബിക് ബിൻ നിർമ്മാണം-പ്രൊജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് 308/2018 (432/21, 222/21 S.O)

ഫയൽ : പി.ഡബ്ളിയു. 1-4127/18, പി.ഡബ്ളിയു. 1-4127/18(b)

നിർവ്വഹണം - മുനിസിപ്പൽ എഞ്ചിനീയർ

19-03-2018 ലെ 25-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം (ട്രഞ്ചിംഗ് ഗ്രൗണ്ട് നവീകരണം, എയ്റോബിക് ബിൻ (308/2018 പ്രോജക്റ്റ് നമ്പർ. 1), റിസോഴ്സ് റിക്കവറി സെന്റർ (RRF) (308/2018 പ്രോജക്റ്റ് നമ്പർ. 2) എന്നിവ) RRFയൂണിറ്റും പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് സംവിധാനവും മഴവെള്ള സംഭരണിയും ഉൾപ്പെടുത്തി സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസിയായ സോഷ്യോ ഇക്കണോമിക് യൂണിറ്റ് ഫൗണ്ടേഷൻ മുഖേന ഖരമാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും 100/17-18 തീയതി 28-5-18 നമ്പർ കരാറിലൂടെ പ്രവൃത്തി SEUF-ന് നൽകുകയും ചെയ്തു. മൊബിലൈസേഷൻ അഡ്വാൻസ് ലഭിച്ച് 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കണമെന്നും 6 മാസത്തിനകം പൂർത്തീകരിക്കണം എന്നുമുള്ള വ്യവസ്ഥയിലാണ് പ്രവൃത്തി ഏൽപ്പിച്ചത്. ഈ പ്രവൃത്തിയിൽ 57534 രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിലും ഫയൽ സൂക്ഷിപ്പിലും അപാകതകളുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-3 കാണുക.

1-38 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി - AMC To Maintenance-പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

ഫയൽ : PW1-19107/2018

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

പ്രോജക്റ്റ് നമ്പർ. 134/2018-19 അടങ്കൽ 30,00,000/- രൂപ

(വികസന ഫണ്ട്- ധനകാര്യ കമ്മീഷൻ അവാർഡ്)

പ്രൊജക്റ്റ് നമ്പർ. 273/20 (സ്പിൽ ഓവർ) അടങ്കൽ 16,66,301 (CFC)

പ്രൊജക്റ്റ് നമ്പർ. 27/21 (സ്പിൽ ഓവർ) അടങ്കൽ 9,60,004 (CFC)

കരാർ : 18A/18-19 തീയതി, 21-9-18

സപ്ലിമെന്ററി കരാർ Sup : 18A/18-19 തീയതി, 06-01-20

2018-19ൽ ആവിഷ്കരിച്ച മേൽ പ്രോജക്ട് 2020-21 വർഷത്തിലാണ് നിർവ്വഹണം പൂർത്തീകരിച്ചത്. പ്രൊജക്ട് പ്രകാരം ചെലവഴിച്ച തുകകളുടെ വിവരം താഴെ കൊടുക്കുന്നു.

1	പാർട്ട് ബിൽ I	7,92,514	ബിൽ 44/18-19 തീയതി, 22-1-19 (134/19)
2	പാർട്ട് ബിൽ II	5,38,419	ബിൽ. 93/18-19 തീയതി, 26-3-19 (134/19)
3	പാർട്ട് ബിൽ III	6,91,203	ബിൽ. 34/11-7-19 (പ്രൊജക്ട്.273/20)
4	ഫൈനൽ ബിൽ	9,60,004	ബിൽ 76/15-11-19 (പ്രൊജക്ട്. 273/20)
		29,82,140	
5	സപ്ലിമെന്ററി കരാർ പ്രകാരം ചെലവഴിച്ച തുക	9,60,004	ബിൽ 8/11-4-20 (പ്രൊജക്ട് 27/21)

2018-19 മുതൽ 2020-21 വരെ വർഷങ്ങളിൽ ചെലവഴിച്ച ആകെ തുക : 39,42,144

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഫയൽ പരിശോധിച്ചതിൽ തഴെ പറയും പ്രകാരം അപാകതകൾ കണ്ടെത്തി.

1. 30 ലക്ഷം രൂപ അടങ്കലുള്ള 2018-19 വർഷത്തെ പ്രൊജക്ട് (നമ്പർ. SO.134/19) വിളക്കുകളുടെ മെയിന്റനൻസിന് മാത്രമുള്ളതായിരുന്നു. ഇതിനായാണ് പ്രവൃത്തി PW1-13297/18/NIT തീയതി, 30-06-18 പ്രകാരം ടെണ്ടർ ചെയ്തത്.
ലഭിച്ച 2 ടെണ്ടറിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ രമേഷ്. ഇ. *ഇറാൻ അസോസിയേറ്റ്സ്* എന്നവരുടെ 25,02,140/- രൂപയുടെ ടെണ്ടർ അംഗീകരിച്ചതും സെലക്ഷൻ മെമ്മോയും വർക്ക് ഓർഡറും ഒപ്പു വെക്കുന്നതിനായി 22-9-18 ന് സെക്ഷൻ സമർപ്പിച്ചതും മുനിസിപ്പൽ എഞ്ചിനീയർ ആയത് 22-9-18 ന് ഒപ്പു വെക്കുകയും ചെയ്തതായി നോട്ട് ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇതിനിടയിൽ മുനിസിപ്പൽ ചെയർമാൻ തന്റെ ലെറ്റർ പാഡിൽ 'മുനിസിപ്പൽ എഞ്ചിനീയർക്കുള്ള കുറിപ്പ്' എന്ന് രേഖപ്പെടുത്തി "നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണികൾ കൂടി ടി കരാറിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് മുനിസിപ്പൽ എഞ്ചിനീയറോട് ആവശ്യപ്പെട്ടു.

ഈ കത്തിൽ " പ്രൊജക്ട് തുകയിൽ അധികരിക്കാതെ പ്രവൃത്തി ചെയ്യുക" എന്ന് രേഖപ്പെടുത്തി PW1 അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശം നൽകുകയും 11-10-18 ലെ 6-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഇതംഗീകരിക്കുകയും പുതുതായി 8 ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായി 4,80,000 രൂപ കൂടി യാതൊരുവിധ ടെണ്ടർ നടപടിയും പുതുക്കിയ ഇനം ഉൾപ്പെടുത്തി പ്രൊജക്ട് റിവൈസ് ചെയ്ത് ഡി.പി.സിയുടെ അംഗീകാരം വാങ്ങുകയോ ചെയ്യാതെ ഉൾപ്പെടുത്തി ആകെ 29,82,140 രൂപയുടെ (25,02, 140+4,80,000 = 29,82,140) കരാർ രമേഷ്. ഇ. *ഇറാന് അസോസിയേറ്റ്സ്* എന്ന കരാറുകാരന് ഏകപക്ഷീയമായി ഏൽപ്പിക്കുകയും ഇതിനായുള്ള ഉടമ്പടി 21-9-18 ന് ചമക്കുകയുംചെയ്തു. ഇതിൽ നിന്നും നഗരസഭ തീരുമാനമെടുക്കുന്നതിന് മുമ്പ് തന്നെ 21-9-18 ന് മുനിസിപ്പൽ എഞ്ചിനീയർ ഇറാൻ അസോസിയേറ്റ്സുമായി അനധികൃതമായി കരാർ ഉടമ്പടി ചെയ്യുകയാണ് ഉണ്ടായതെന്ന് വ്യക്തമാകുന്നു. ഇത് പ്രകാരമാണ് പ്രവൃത്തി നടത്തി മേൽ പേയ്മെന്റുകൾ നടത്തിയിട്ടുള്ളത്. മാത്രമല്ല കരാറുകാരനോട് ഹൈമാസ്റ്റ് വിളക്കുകളുടെ റിപ്പയറിംഗിന് സാധിക്കുമോ, അതിനുള്ള സംവിധാനം ഉണ്ടോ എന്ന് ആരായുക പോലും ചെയ്യാതെയാണ് ഈ പ്രവൃത്തി ഏകപക്ഷീയമായി ഏൽപ്പിച്ച് കൊടുത്തിട്ടുള്ളത്.

എഗ്രിമെന്റ് ഷെഡ്യൂളിനൊപ്പം ലഭ്യമാക്കിയിട്ടുള്ള അറ്റകുറ്റപ്പണിയുടെ പരിധിയിൽ വരുന്ന ഹൈമാസ്റ്റ് വിളക്കുകളുടെ ലൊക്കേഷൻ താഴെ കൊടുത്തിരിക്കുന്നവയാണ്.

1. താഴെപാലം ജംങ്ഷൻ
2. സിറ്റി ജംങ്ഷൻ
3. ബസ് സ്റ്റാന്റ്
4. പൂങ്ങോട്ടുകളം
5. ചെമ്പ്ര
6. പൂക്കയിൽ ബസാർ
7. ഗവ. ഹോസ്പിറ്റൽ
8. പയ്യനങ്ങാടി
9. മാർക്കറ്റ്

എന്നാൽ ഈ ഹൈമാസ്റ്റ് വിളക്കുകൾ എന്നാണ് സ്ഥാപിച്ചത്/ പർച്ചേസ് ചെയ്തത് , ഇവയുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ എന്നൊന്നും പരിശോധിക്കാതെയാണ് AMC നൽകിയിട്ടുള്ളത്. ഈ നടപടി തീരെ ക്രമത്തിലല്ല.

ഒരിക്കൽ ടെണ്ടർ ചെയ്ത് ടെണ്ടർ അംഗീകരിച്ചതിനുശേഷം പ്രോജക്ട് റിവൈസ് ചെയ്യുകയോ, ഡി.പി.സി അംഗീകാരം വാങ്ങുകയോ, റീ-ടെണ്ടർ ചെയ്യുകയോ ചെയ്യാതെ ചെയർമാന്റെ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ മുനിസിപ്പൽ കൗൺസിൽ തീരുമാനം എടുക്കുന്നതിനു മുമ്പ് 4,80,000/- രൂപയുടെ ഹൈമാസ്റ്റ് ലൈറ്റുകളുടെ അറ്റകുറ്റപ്പണി കൂടി ഉൾപ്പെടുത്തി ഏകപക്ഷീയമായി കരാറുകാരന് നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ചെയർമാന്റെ കത്ത് ലഭിച്ചപ്പോൾ ഇതിന്റെ നിയമപരമായ മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ കൗൺസിലിന്റെ പരിഗണനക്ക് വെക്കാതെ "പ്രോജക്ട് തുകയിൽ അധികരിക്കാതെ പ്രവൃത്തി ചെയ്യുക" എന്ന് നോട്ട് രേഖപ്പെടുത്തി PW1 സെക്ഷനും അസിസ്റ്റന്റ് എഞ്ചിനീയർക്കും നിർദ്ദേശം നൽകുകയും ഇതിനനുസൃതമായി അനധികൃതമായി ഒരിനം കരാറിൽ ഉൾപ്പെടുത്തി അംഗീകരിക്കാൻ കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്ത 12-9-18 ലെ മുനിസിപ്പൽ എഞ്ചിനീയർ ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിട്ടുള്ളത്.

ആയതിനാൽ അനധികൃതമായി കരാറുകാരന് ഉൾപ്പെടുത്തി നൽകിയ 4,80,000 രൂപ പ്രസ്തുത തെറ്റായ ശുപാർശ നൽകിയ 12-9-18 ലെ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും (ശ്രീ.മണികണ്ഠകുമാർ.T) ഈടാക്കേണ്ടതാണ്.

2. കരാറുകാരന് ഒന്നാം പാർട്ട് ബിൽ നൽകിയപ്പോൾ (പാർട്ട് ബിൽ തുകയിൽ 7,52,889/- രൂപ) മുനിസിപ്പൽ സെക്രട്ടറിയുടെ ആർ4/17014/10 തീയതി, 24-12-19 നമ്പർ നടപടിക്രമങ്ങൾ നിർദ്ദേശിച്ച പ്രകാരം ടിയാൾ മുനിസിപ്പാലിറ്റിയുടെ ഇ.എം.എസ് പാർക്ക്, വാടക കുടിശ്ശികയിനത്തിൽ അടവാക്കാനുള്ള 8,14,294/-രൂപ ഈടാക്കാൻ മുനിസിപ്പൽ എഞ്ചിനീയറോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പാർട്ട് ബിൽ തുകയായ 7,52,889/- രൂപ ഈടാക്കിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള 61,405/- രൂപ രണ്ടാം പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 3-ാം പാർട്ട് ബിൽ തുക നൽകിയപ്പോൾ PWO D2 സെക്ഷൻ നോട്ട് ഫയലിൽ 20-6-19 ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം കുറിപ്പ് രേഖപ്പെടുത്തി മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

ഈ കരാറുകാരൻ 2017-18 2019-20 വരെ കാലയളവിൽ നഗരസഭ വക പുതിയ ബസ് സ്റ്റാന്റ്, കംഫർട്ട് സ്റ്റേഷൻ, ഫീസ് പിരിവ് കുത്തകാവകാശം എടുത്തിട്ടുള്ളതും 2017-18വർഷത്തിൽ കുത്തക ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തുകയും 2019 ഏപ്രിൽ വരെ 14,60,865/- രൂപ കുടിശ്ശികയുണ്ടെന്നും ഇത് മൂന്നാം പാർട്ട് ബില്ലിൽ നിന്നും റിക്കവറി നടത്താവുന്നതാണ്"

എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ ഈ നിർദ്ദേശം 27-6-19 ന് സെക്രട്ടറിയുടെ പരിഗണനക്ക് വിടുകയും ചെയ്തിട്ടുണ്ട്.

എന്നാൽ സെക്രട്ടറി ഇറാൻ അസോസിയേറ്റ്സിന്റെ അപേക്ഷ (PW1-12943) "തൽക്കാലം റിക്കവറി എഫക്ട് ചെയ്യേണ്ടതില്ല, തുടർ നടപടി സ്വീകരിക്കുക " എന്ന് മുനിസിപ്പൽ എഞ്ചിനീയർക്ക് 28-6-19 ലെ നോട്ട് ഫയൽ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക കുറവ് ചെയ്യാതെ കരാറുകാരന് മുഴുവൻ തുകയും അനുവദിച്ച് നൽകി. ഫയലിൽ ലഭ്യമായിട്ടുള്ള കരാറുകാരന്റെ സെക്രട്ടറിക്കുള്ള കത്തിൽ (PW1-12943/28-6-19) പാലക്കാട്, ഗുരുവായൂർ, തൃശ്ശൂർ നഗരസഭകളിലെ ടിയാൻ ചെയ്ത വർക്ക് ബില്ലുകൾ ക്യൂ ബിൽ ആണെന്നും അത് ലഭിച്ചാലുടൻ കുടിശ്ശിക അടവാക്കാം. അതുകൊണ്ട് കുടിശ്ശിക റിക്കവറി, തെരുവ് വിളക്ക് AMCയുടെ മൂന്നാം പാർട്ട് ബില്ലിൽ നിന്നും ഒഴിവാക്കി തരണമെന്നുള്ള ലാഘവത്തോടെയുള്ള ഒരു കാരണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നഗരസഭയുടെ ഉത്തമ താൽപ്പര്യം കണക്കിലെടുക്കുന്നതിന് പകരം ഈ കത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് സൗകര്യം ചെയ്തു കൊടുക്കുന്ന നടപടിയാണ് സെക്രട്ടറി സ്വീകരിച്ചിട്ടുള്ളത്. മാത്രവുമല്ല ഈ കുടിശ്ശിക പിന്നീടുള്ള പാർട്ട് ബില്ലിൽ നിന്നോ ടിയാനിൽ നിന്നോ ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത കുടിശ്ശിക പിന്നീടെന്നെങ്കിലും ടിയാനിൽ ഈടാക്കിയതായും വിവരമില്ല. സെക്രട്ടറിയുടെ തെറ്റായ നടപടി മൂലം വന്ന നഷ്ടം 14,60,865/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരവും ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികളും റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്.

3. ക്രമ നമ്പർ 2 പരാമർശത്തിൽ രേഖപ്പെടുത്തിയ തരത്തിലുള്ള ലക്ഷങ്ങളുടെ കുടിശ്ശിക വരുത്തിയ കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കാതെ വീണ്ടും വൻ അടങ്കലുള്ള തെരുവ് വിളക്ക് AMC പോലുള്ള പ്രവൃത്തികൾ ഏൽപ്പിച്ച് കൊടുത്തതിന് കാരണം വിശദീകരിക്കേണ്ടതാണ്. ടിയാനെ കരിമ്പട്ടികയിൽ നഗരസഭ ഉൾപ്പെടുത്താത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

ടിയാനിൽ നിന്നും നാളിതുവരെ നഗരസഭക്ക് ലഭിക്കാനുള്ള കുടിശ്ശിക വിവരങ്ങൾ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

4. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1 : 32 (2) ൽ പ്രോജക്ട്. 134/19 ലെ അപാകതകൾ പരാമർശിക്കുന്നുണ്ട്. ടി പ്രൊജക്ടിലെ ചെലവ് 2020-21 ലും തുടരുന്നുണ്ട്. മേൽ ഖണ്ഡികയിലെ പരാമർശങ്ങൾക്ക് അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും തുടർ വർഷങ്ങളിലെ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന അപാകതകൾ പരിഹരിച്ചതായി രേഖകൾ/രജിസ്റ്ററുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(എ) തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്.

(ബി)AMCയിൽ ഉൾപ്പെട്ട തെരുവ് വിളക്ക്/ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥിതിവിവരം പരിശോധിക്കുന്നതിനായുള്ള ആധികാരിക രേഖ, സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(സി) 2018-19ൽ പ്രൊജക്ട്. 134/19ൽ ഉൾപ്പെടുത്തി AMC കരാർ നൽകിയ തെരുവ് വിളക്കുകൾ/ഇലക്ട്രിക്കൽ ഉപകരണങ്ങൾ ആയതിന്റെ ഗ്യാരന്റി പിരീയഡിലല്ല എന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഡി) നഗരസഭയിൽ സൂക്ഷിക്കുന്ന പരാതി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. അതാത് വാർഡുകളിലെ പ്രവർത്തിക്കാത്ത തെരുവ് വിളക്കുകളുടെ വിവരം വാർഡ് കൗൺസിലർമാർ രജിസ്റ്ററിൽ രേഖപ്പെടുത്തി ഒപ്പു വെക്കുന്നുണ്ട്. എന്നാൽ കരാർ വ്യവസ്ഥ പ്രകാരം അതത് ദിവസം കരാർ സ്ഥാപനം വിശദാംശങ്ങൾ ശേഖരിച്ചതായോ അറ്റകുറ്റപ്പണി നടത്തി പരാതികൾ പരിഹരിച്ചതായോ യാതൊരു രേഖപ്പെടുത്തലുകളും രജിസ്റ്ററിൽ ഇല്ല. റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ വിവരം ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പരാതി രജിസ്റ്ററിൽ പല എൻട്രികളിലും പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(ഇ) തെരുവ് വിളക്കുകൾ സംബന്ധിച്ച് നഗരസഭ പരിശോധന നടത്തുന്നതിന്റെയോ കരാർ സ്ഥാപനവുമായി തകരാറുകൾ സംബന്ധിച്ച് ബന്ധപ്പെടുന്നതിന്റെയോ രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ഇപ്രകാരം ഫലപ്രദമായ നടപടികൾ ഒന്നും തന്നെ AMC കാര്യത്തിൽ നഗരസഭ സ്വീകരിക്കുന്നില്ല.

5. തെരുവ് വിളക്കുകളുടെ AMC ക്കായുള്ള കരാർ ഗുണമേന്മ, സാമ്പത്തിക അച്ചടക്കം തുടങ്ങിയ കാര്യത്തിൽ നഗരസഭയുടെ തൽപ്പര്യം സംരക്ഷിക്കുന്നതിന് ഉതകുന്ന വിധത്തിലല്ല തയ്യാറാക്കിയത്. 29,82,140/- രൂപ വാർഷിക തുകയായി നിശ്ചയിച്ച് 21-9-18 ന് 18A/2018-19 നമ്പറായി ഒപ്പുവെച്ച കരാറിലെ വ്യവസ്ഥയിൽ ഇക്കാര്യത്തിൽ അപാകതകൾ ഉണ്ട്.

GO3055/ഡിഎ3/2011/തസ്വഭവ. തീയതി, 15-09-2011 കരാറിന്റെ ഭാഗമായിരിക്കുമെന്ന് ഒന്നാമത്തെ കരാർ നിബന്ധനയായി ചേർത്തിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ പാലിക്കുന്നതിൽ കരാർ സ്ഥാപനവും അത് നിരീക്ഷിച്ച് നടപടി സ്വീകരിക്കുന്നതിൽ നഗരസഭയും വീഴ്ച വരുത്തി.

(I) പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരത്തിലുള്ളവ ആകേണ്ടതാണ്. എന്നാൽ കരാർ വ്യവസ്ഥ പ്രകാരം ISI മാർക്ക്/reputed Brand എന്നാക്കി. ഇതുവഴി ഗുണനിലവാരത്തിന്റെ കാര്യത്തിൽ കരാറുകാരന്റെ താൽപ്പര്യത്തിനു മുൻഗണന നൽകിയതായി സംശയിക്കേണ്ടിയിരിക്കുന്നു. ISI മാർക്ക് വേണം എന്ന കാര്യത്തിൽ നഗരസഭക്ക് കണിശത പുലർത്താൻ കഴിയാതെയായി.

(Ii) എം.ബുക്ക് പ്രകാരവും, ബില്ല് പ്രകാരവും ഏതൊക്കെ ദിവസങ്ങളിലാണ് അറ്റകുറ്റപ്പണി നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല.

(Iii) കരാർ വ്യവസ്ഥ പാലിക്കുന്നുവോ എന്നുറപ്പാക്കാൻ കരാറിന്റെ പ്രാരംഭഘട്ടം മുതൽ സ്ഥാപനത്തിന്റെയും വൈദ്യുതബോർഡിന്റെയും അധികാരികളും കരാറുകാരനും സംയുക്ത പരിശോധന നടത്തേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള പരിശോധനകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

6. M/s. ഇറാൻ അസോസിയേറ്റ്സ് നൽകിയ AMC കാലയളവ് 22-9-19 ന് അവസാനിച്ചു. തുടർന്ന് നഗരസഭ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസവും മുൻനിർത്തി ടി കരാറുകാരന് കാലാവധി നീട്ടിനൽകുന്നതിന് മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളതായി കാണിച്ച് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകുകയും (19-10-19 ന്) തുടർന്ന് 28-10-19 ലെ 20-10 നമ്പർ തീരുമാനപ്രകാരം AMC സ്ട്രീറ്റ് ലൈറ്റ് കരാർ ഏറ്റെടുത്ത *M/s. ഇറാൻ അസോസിയേറ്റ്സ്* എന്ന സ്ഥാപനത്തിന് പുതിയ സ്ട്രീറ്റ് ലൈറ്റിന്റെ AMC പ്രോജക്ട് ടെണ്ടർ ചെയ്ത് കരാർ ഒപ്പു വെക്കുന്നത് വരെ നിലവിലെ നിരക്കിൽ കരാർ പുതുക്കി നൽകാൻ തീരുമാനിച്ചു. ഇക്കാര്യം സ്ഥാപനത്തെ രേഖാമൂലം അറിയിക്കുന്നതിന് 30-12-19 ന് സൂപ്രണ്ട് നിർദ്ദേശം നൽകുകയും 6-1-2020ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത തീരുമാനം കരാറുകാരനെ രേഖാമൂലം അറിയിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് 6-1-2020 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറാൻ അസോസിയേറ്റ്സുമായി Sup. 18A/18-19 നമ്പറായി കരാർ ഒപ്പു വെച്ചു. എന്നാൽ കരാർ ഒപ്പു വെച്ച തീയതി മുതൽ മാത്രം അർഹമായ AMC തുക മുൻകാല പ്രാബല്യത്തിൽ നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. 22-9-19 മുതൽ 5-1-2020 വരെ കാലയളവിലേക്ക് M/*s. ഇറാൻ അസോസിയേറ്റ്സ്* അർഹമായി നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

7. നഗരസഭയിലെ തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം, കെ.എസ്.ഇ.ബിക്ക് വൈദ്യുതി ചാർജ് അടയ്ക്കുന്നതിന്റെയും, നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെയും കൃത്യത പരിശോധിക്കുന്നതിനായി യാതൊരു രേഖകളും നിലവിലില്ല. ആയത് അടിയന്തിരമായി തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

നഗരസഭാ പരിധിയിലെ കൃത്യമായ എണ്ണം തെരുവ് വിളക്കുകളാണോ AMC യിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നത് എന്നും ഇക്കാര്യത്തിൽ കരാറുകാർക്ക് അനർഹമായ ആനുകൂല്യം നൽകുന്നതിന് ഉപകരണങ്ങളുടെയും തെരുവ് വിളക്കുകളുടെയും എണ്ണത്തിൽ കൃത്രിമം ഉണ്ടോയെന്നും പരിശോധിച്ച് ബോധ്യപ്പെടുത്തുന്നതിന് യാതൊരു സംവിധാനവും നഗരസഭയിൽ ഉള്ളതായി കാണുന്നില്ല.

കരാറുകാരനിൽ നിന്നും കുടിശ്ശിക തുകകൾ വസൂലാക്കുന്നതിന് സ്വീകരിച്ച് നടപടികൾ ഉൾപ്പെടെ മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ 36/10-02-2022 നമ്പർ അന്വേഷണക്കുറിപ്പിന് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ജനങ്ങളുടെ പ്രതിഷേധങ്ങളുടെയും സമരങ്ങളുടെയും കാരണത്താലാണ് പദ്ധതി നിർവ്വഹണത്തിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചകൾ ഉണ്ടായതെന്നും ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ചെയ്യുന്നത് പ്രായോഗികമായിരുന്നില്ല എന്നും അറിയിയിച്ചു.നഗരസഭാ ചെയർമാന്റെ നിർദ്ദേശപ്രകാരമാണ് കോൺട്രാക്ടറിൽ നിന്നും സമ്മത പത്രം വാങ്ങി പ്രവൃത്തി നടത്തിയത് എന്ന് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പറയുന്നു. കരാറുകാരന്റെ മേലുള്ള കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ലഭ്യമാക്കിയ മറുപടിക്ക് ആധാരമായി രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടുമില്ല. മാത്രവുമല്ല, മറുപടിയിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമല്ലാത്തതാണെന്ന് ബന്ധപ്പെട്ട ഫയലിൽ വ്യക്തമാണ്. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. മാത്രവുമല്ല, അനധികൃതമായി ടെണ്ടർ പോലും ക്ഷണിക്കാതെ 4,80,000 രൂപ കരാറിൽ ഉൾപ്പെടുത്തി നൽകിയതിന് മറുപടി മതിയായ കാരണമല്ല.

ഖണ്ഡികയിൽ പരാമർശിച്ച നഷ്ടം ബന്ധപ്പെട്ട ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലേക്ക് അടിയന്തിര നടപടികൾക്കായി ക്ഷണിക്കുന്നു.

1-39 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ : 194/2021 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ

നിർവ്വഹണോദ്യോഗസ്ഥൻ : മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ : 22,04,224 (2020-21 ധനകാര്യ കമ്മീഷൻ അവാർഡ് തുക)

ചെലവ് : 22,04,224

ക്രമ നമ്പർ	പ്രവൃത്തി	തുക	ട്രഷറി ബിൽ	ഫയൽ
1	വാർഡ് 20-അംഗൻവാടി നമ്പർ-30	60,000 രൂപ	7/28-1-21	PW1-2641/21
2	വാർഡ്-10 വിവിധ സ്ഥലങ്ങളിൽ	4,00,000 രൂപ	8/19-2-21	PW1-15495/19
3	വാർഡ്-6 മിച്ചഭൂമി കെ.കെ. റോഡിൽ	2,11,000രൂപ	10/18-3-21	PW2-1869/21
4	വാർഡ്-5ൽ	3,00,000	16/31-3-21	PW2-3566/21
	വാർഡ്-5ൽ	22,000	17/31-3-21	PW2-3566/21
5	വാർഡ്-3 ൽ	3,78,000	18/31-3-21	PW2-2680/21
6	വാർഡ്-10, 17, 28, 32 വിവിധ സ്ഥലങ്ങളിൽ	5,04,224	19/31-3-21	PW1-4615/19
7	വാർഡ്-30 വിവിധ സ്ഥലങ്ങളിൽ	1,99,000	20/31-3-21	PW2-6395/21
8	വാർഡ്-37 അമാതി പറമ്പ് റോഡിൽ	1,30,000	21/31-3-21	PW2-3796/19
	ആകെ	22,04,224		

വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മേൽ വിവരിച്ച പ്രകാരം 22,04,224/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിൽ ആവശ്യപ്പെട്ട പ്രകാരമാണ് നഗരസഭ തുക നൽകിയിട്ടുള്ളത്. പ്രവൃത്തികൾക്കായി പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഓരോന്നിനും കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ട പ്രകാരം അതോറിറ്റിയുടെ പി.ഡബ്ളിയു. ഡിവിഷൻ എടപ്പാൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുകയുംചെയ്തു.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന പരാമർശങ്ങൾക്ക്/അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ഓരോന്നിനും തുക കൈമാറുമ്പോൾ കേരള വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെടുകയോ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല.

2. DSR 2016 (C I 31.06%) പ്രകാരം 8 പ്രവൃത്തികൾക്ക് 29,71,000/- രൂപയുടെ എസ്റ്റിമേറ്റാണ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയത്. ഇതിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം വാർഡ്-3 ലെ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയായ 7,49,000/-

രൂപയിൽ 3,78,000 രൂപയും വാർഡ് 17, 28, 33 വാർഡിലെ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയായ 9 ലക്ഷത്തിൽ 5,04,224/- രൂപയും മാത്രമാണ് അടവാക്കിയത്. കരാറിലേർപ്പെടുകയോ പ്രവൃത്തി നിർവ്വഹണം ആരംഭിക്കാതിരിക്കുകയോ ചെയ്യാത്തതിനാൽ അടവാക്കിയ പണം കേരള വാട്ടർ അതോറിറ്റിയിൽ മുടങ്ങി കിടക്കാൻ കാരണമായി. പിന്നീട് DSR പ്രകാരം എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പുതുക്കുകയും അടങ്കൽ 35,50,000 രൂപയായി ഉയരുകയും ചെയ്തു.

3. കുടിവെള്ള കണക്ഷൻ നൽകുന്നതിന് 2015-20 ൽ തയ്യാറാക്കിയ പദ്ധതി 2020-21 ലും പണമടവാക്കി എന്നതല്ലാതെ കേരള വാട്ടർ അതോറിറ്റി ടെണ്ടർ നടപടികൾ സ്വീകരിക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നതിനും പ്രോജക്ട് ലക്ഷ്യം കാണുന്നതിനും നഗരസഭയുടെ ഭാഗത്തുനിന്നും ഇക്കാലയളവിൽ പ്രസ്താവ്യമായ നീക്കങ്ങൾ ഒന്നുമുണ്ടായില്ല.

4. കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 22.04 ലക്ഷം രൂപ നിലവിൽ പ്രയോജനകരമല്ലാതെ മുടങ്ങി കിടക്കുകയാണ്.

5. കേരള വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ വാർഡ്-10 ലെ 4,00,000 രൂപ, വാർഡ്- 17, 22, 33 ലെ എസ്റ്റിമേറ്റ് പ്രകാരമുള്ള 9,00,000/- രൂപ എന്നിവ മുൻവർഷങ്ങളിൽ പ്രവൃത്തി ചെയ്തതിൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും തിരിച്ചു കിട്ടാൻ ബാക്കിയുള്ള തുകകൾ ക്രമീകരിക്കാൻ കൗൺസിൽ തീരുമാനപ്രകാരം (28-3-19 ലെ 5-ാം നമ്പർ തീരുമാനം, 30-10-19 ലെ 8-ാം നമ്പർ തീരുമാനം) PW1-15495/19 തീയതി 24-5-20, PW1-4615/19 തീയതി 11-04-19 കത്തുകളിലൂടെ ആവശ്യപ്പെട്ടെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും നീക്കങ്ങൾ ഉണ്ടായില്ല. മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകയും കേരള വാട്ടർ അതോറിറ്റിയിൽ ക്രമീകരിക്കാൻ ശേഷിക്കുന്നതായി വ്യക്തമാകുന്നു. പണമടവാക്കുന്നതിന് ആവശ്യപ്പെട്ടപ്പോൾ ആയതിന് കരാർ വെക്കുന്നതിന് നഗരസഭയുടെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടായിട്ടില്ല എന്ന് നോട്ട് ഫയലുകളിൽ നിന്നും വ്യക്തമാവുന്നു. ആയതിനാൽ തന്നെ നിർവ്വഹിക്കാത്ത പ്രവൃത്തികളുടെ കണക്കിൽ പണം തിരികെ ഈടാക്കുന്നതിന് തടസം നേരിടുന്നു.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ. 22/ 19-01-2022) ണറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയും കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകകൾ ക്രമീകരിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-40 ബഡ്സ് സ്കൂൾ നിർമ്മാണം. അക്രഡിറ്റഡ് ഏജൻസികൾ മുഖേനയുള്ള നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ. 96/2021

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ

ആകെ അടങ്കൽ : 98 ലക്ഷം രൂപ ആകെ പ്രവൃത്തിമൂല്യം : 75,69,314.91

2017-18ൽ പ്രോജക്ട് നമ്പർ. 287/18 ആയി ആരംഭിച്ച ബഡ്സ് സ്കൂൾ നിർമ്മാണ പ്രോജക്ട് 17-03-18 ലെ 17-ാം നമ്പർ മുനിസിപ്പൽ തീരുമാന പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സോസൈറ്റി R. No. 1389 എന്ന ഏജൻസിയെ ഏൽപ്പിച്ചു തീരുമാനിക്കുകയും 30-11-18 ലെ 76/18-19 നമ്പർ കരാർ പ്രകാരം 10 മാസ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയോടെ പ്രവൃത്തി ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്. 2020-21 ലാണ് നിർമ്മാണം പൂർത്തീകരിക്കുന്നത്.

പ്രോജക്ട് നിർവ്വഹണവും അക്രഡിറ്റഡ് ഏജൻസിയുടെ തെരഞ്ഞെടുപ്പും സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ കൂടി ലഭ്യമാക്കണമെന്ന് അറിയിക്കുന്നു.

1. നിർമ്മാണ പ്രവൃത്തികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് അക്രഡിറ്റഡ് ഏജൻസി എന്ന നിലക്ക് തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സോസൈറ്റിക്ക് സർക്കാർ അംഗീകാരം ഉണ്ടോ എന്നതിനുള്ള രേഖകൾ ഒന്നും തന്നെ ഫയലിൽ ഇല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സോസൈറ്റിയുമായി മുനിസിപ്പൽ എഞ്ചിനീയർ ഒപ്പുവെച്ച കരാറിൽ PMC ആയോ നേരിട്ടോ നിർവ്വഹണം നടന്നത് എന്ന് കൃത്യമായി വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. ഇക്കാര്യത്തിൽ വ്യക്തത വരുത്തേണ്ടതാണ്. നിർമ്മാണ പ്രവൃത്തി ടെണ്ടർ നടപടികൾ ഇല്ലാതെ പ്രസ്തുത ഏജൻസിയെ നേരിട്ട് ഏൽപ്പിക്കുന്നതിന് തീരുമാനിക്കുകയും അപ്രകാരം കരാറിൽ ഏർപ്പെടുകയുമാണ് ചെയ്തിട്ടുള്ളത്. 20% തുക മൊബിലൈസേഷൻ മുൻകൂർ നൽകിയിട്ടുമുണ്ട്.

3. ജി.ഒ.(പി) നമ്പർ. 95/2017/ഫിൻ. തീയതി 25-7-17 ആയി പുറപ്പെടുവിച്ച അക്രഡിറ്റേഷൻ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനും മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിനുമുള്ള ഉത്തരവിലെ ഖണ്ഡിക 3-11 ൽ " Contractors Proft (CP) In The Estimate Is Allowable Only If The Agency Adopts A Transparent Bidding Process For Selection Of Contractors. No Contractors Profit (CP) Is Allowable If The Agency Execute The Works Directly . In Such Cases Applicable Overhead Charges And Centage Charges On The Estimated Value Or Value Of Work Done, Whichever Is Lower Will Be Payable To The Executing Agency “ എന്നും ഉത്തരവിലെ ഖണ്ഡിക നമ്പർ. 3-14 ൽ 1 കോടിയുടെ താഴെ

അടങ്കലുള്ള പ്രവൃത്തിക്ക് 8% സെന്റേജ് ചാർജ് നൽകാവുന്നതാണ് എന്നും പറയുന്നു. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സോസൈറ്റിയുമായി കരാർ വെച്ച് നടത്തിയ എസ്റ്റിമേറ്റിലും പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തിലും കോൺട്രാക്ടറുടെ ലാഭം ഉൾപ്പെടുത്തിയതായി കാണുന്നു.

എന്നാൽ പ്രസ്തുത ഏജൻസി ടെണ്ടർ നടപടികൾ സ്വീകരിച്ച് ഏതെങ്കിലും കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചതിന്റെ രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഇക്കാര്യത്തിൽ മറുപടി ലഭ്യമാക്കേണ്ടതാണ്.

4. 24-6-19 ലെ TDLCCs-Trmcpl/Budsch. PRJMPM 133-P1/2018-19 നമ്പർ കത്തിൽ കരാറുകാരന്റെ ലാഭവിഹിതത്തിന് അർഹതയില്ലെന്നും 8% സെന്റേജ് ചാർജ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് മുനിസിപ്പൽ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സെന്റേജ് ചാർജ് അനുവദിച്ച് നൽകിയിട്ടുണ്ടോ എന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (45/02-03-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-41 പത്രപ്പരസ്യം-ഡിസ്കൗണ്ട് ലഭ്യമായില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രപരസ്യം നൽകുമ്പോൾ ഉത്തരവ് ജി.ഒ.(ആർ.റ്റി)നം. 288/14 /എെ.&പി.ആർ.ഡി. തീയതി, 10-09-2014 പ്രകാരം 15% ഇളവിന് അർഹതയുണ്ട്. എന്നാൽ നഗരസഭയുടെ പ്രൊജക്ട് നമ്പർ. S.O 6/2021 പ്ലാൻ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പ്രൊജക്ടിൽ ഉൾപ്പെടുത്തി നടത്തിയ താഴെ പരാമർശിക്കുന്ന പരസ്യം നൽകിയതിന് ചെലവഴിച്ച തുകയിൽ മേൽ പരാമർശിച്ച ഡിസ്കൗണ്ട് ലഭ്യമായതായി കാണുന്നില്ല.

(ട്രഷറി BRN നമ്പർ.2015054700020138369 7/26-2-21) ഗ്രോസ് തുക : 66,881

നിർവ്വഹണം : സെക്രട്ടറി

ക്രമ നം.	ബിൽ നമ്പർ/തീയതി	പരസ്യത്തിന്റെ		നൽകിയ തുക (ജി.എസ്.റ്റി ഉൾപ്പെടെ)	ലഭിക്കേണ്ട ഇളവ്
		അളവ്	നിരക്ക്		
1	2020050192/29-5-20 ജനയുഗം പബ്ലിക്കേഷൻസ്	32 Cm2	70	2352	336
2	2020050190/28-8-20 ജനയുഗം പബ്ലിക്കേഷൻസ്	22.8 Cm2	70	1676	239
3	2020110052/4-11-20 ജനയുഗം പബ്ലിക്കേഷൻസ്	48 Cm2	70	3528	504
4	2020060492/29-6-20 ജനയുഗം പബ്ലിക്കേഷൻസ്	48 Cm2	70	3528	504
5	2021010113/8-1-21 ജനയുഗം പബ്ലിക്കേഷൻസ്	40 Cm2	70	2940	420
6	2021020243/8-2-21 ജനയുഗം പബ്ലിക്കേഷൻസ്	80 Cm2	70	5880	840
				ആകെ	2843

സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരമുള്ള ഇളവു ലഭിക്കാതിരുന്നതിനുള്ള സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.. ഇക്കാരണത്താൽ ചെലവു തുക തടസ്സം ചെയ്യുന്നു.

1-42 വയോമിത്രം സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം- കൈപ്പറ്റ് രേഖകൾ ഹാജരാക്കേണ്ടതാണ്

ഫയൽ : എ5/9088/20
പ്രോജക്ട് നമ്പർ. S.04/21 വയോമിത്രം
അടങ്കൽ : 8 ലക്ഷം രൂപ വികസനഫണ്ട് (പൊതുവിഭാഗം)
ചെലവ് : 8 ലക്ഷം രൂപ ട്രഷറി ബിൽ 16/22-10-2020
നിർവ്വഹണം- സെക്രട്ടറി

വയോമിത്രം പദ്ധതിയിൽ സാമൂഹ്യ സുരക്ഷാ മിഷൻ വിഹിതമായി 8 ലക്ഷം രൂപ സെക്രട്ടറി, കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രശീതി, ധനവിനിയോഗ വിശദാംശങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ 21/2.11.21 നമ്പർ അന്വേഷണക്കുറിപ്പിന് ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാക്കുന്നതു വരെ 8 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-43 പൊതു മരാമത്ത് പ്രവൃത്തികൾ; അവലോകനം -പ്രവൃത്തികൾ പൂർണ്ണമായി നടപ്പാക്കുന്നില്ല- ഫണ്ട് നഷ്ടപ്പെടുന്നു.

2020-21 വർഷത്തിൽ നഗരസഭഎഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 248 പ്രൊജക്ടുകൾ തയ്യാറാക്കിയെങ്കിലും 179 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 72% പ്രൊജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്.

ആകെ പദ്ധതി	248	ആകെ അടങ്കൽ	192163324
നടപ്പിലാക്കിയത്	179	ചെലവ്	85692192
ശതമാനം	72%	ചെലവ് ശതമാനം	44.59%

ആകെ 128 പ്രൊജക്ടുകൾ സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം നേടിയതിൽ 114 പ്രൊജക്ടുകൾ നടപ്പാക്കി. അംഗീകരിക്കപ്പെടുന്ന പദ്ധതികൾ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

I.)റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കേണ്ടതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

II).റോഡ് കോൺക്രീറ്റിംഗ് വ്യാപകമായി നിർവ്വഹിക്കുന്നു.

റോഡ് നിർമ്മാണം, മെച്ചപ്പെടുത്തൽ, പുനരുദ്ധാരണം എന്നിവയിൽ ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് മാത്രമേ കോൺക്രീറ്റിംഗ് പ്രവൃത്തികൾ ഏറ്റെടുക്കാവൂവെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്. എന്നാൽ 3 മീറ്ററും അതിലധികവും വീതിയുള്ള റോഡിന്റെ ഉപരിതലം പോലും കോൺക്രീറ്റിംഗ് ചെയ്യുന്നത് മഴവെള്ളം കെട്ടി നിൽക്കുന്ന പ്രദേശം, കുത്തനെ കയറ്റമുള്ള റോഡ് പ്രതലം എന്നിങ്ങനെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയാണ്. എസ്റ്റിമേറിൽ വ്യക്തമായ കാരണം രേഖപ്പെടുത്താതെയും കോൺക്രീറ്റിംഗ് വ്യാപകമായി ചെയ്യുന്നുണ്ട്.

മഴവെള്ളം ഒഴുകിപ്പോകാൻ വേണ്ടത്ര സംവിധാനങ്ങളില്ലായെന്ന വസ്തുത നിലനിൽക്കുമ്പോൾ തന്നെ നിർമ്മാണത്തിനും മെയിന്റെനൻസിനും വലിയ സാമ്പത്തിക ചെലവ് വരുത്തിവെക്കുന്ന കോൺക്രീറ്റിംഗ് അവശ്യമായ സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

III)ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2020-21 വർഷത്തിൽ നഗരസഭയിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും പല

പ്രവൃത്തികളിലും പ്രവൃത്തി നടത്തുന്ന റോഡിന്റെ ചെയിനേജ് രേഖപ്പെടുത്തിയിട്ടില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-44 നഗരസഭ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ- പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല-₹ 60726 തടസ്സം ചെയ്യുന്നു.

ഫയൽ നമ്പർ. എ5/10044/20

നിർവ്വണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ. : SO 216/21 മുനിസിപ്പൽ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ

അടങ്കൽ : 1,50,000/-രൂപ വികസന ഫണ്ട് (പൊതു വിഭാഗം)

ബിൽ നമ്പർ. : 19/2020-21 തീയതി 11-1-2021 23,960/- രൂപ

32/2020-21 തീയതി 02-02-2021 36,766/-

നഗരസഭ ലൈബ്രറി കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിനായി ലൈബ്രേറിയനായ ശ്രീ. അബ്ദുൽ അസീസ് 16-06-2020ന് ഒരു വിശദമായ പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രൊജക്ട് അംഗീകരിച്ച് ഡി.പി.സി അംഗീകാരം വാങ്ങിയിട്ടുണ്ട്. ആയത് പ്രകാരം മേൽ ബിൽ പ്രകാരമുള്ള തുകക്ക് ഒരു പ്രിന്റർ (ഇൻവോയസ് നമ്പർ. CLT/686- തീയതി 31-12-2020 23,960/- രൂപക്ക് ഒരു കമ്പ്യൂട്ടർ (ഇൻവോയ്സ് നമ്പർ. GST/R21/62) തീയതി 25-09-2020 33,966/-രൂപ ഒരു ബാർ കോഡ് സ്കാനർ (ഇൻവോയ്സ് നമ്പർ. AGST 2827 LR/LF) 31-12-2020, 2800/- രൂപ എന്നിവ വാങ്ങുകയും സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് ഇഷ്യൂ രജിസ്റ്റർ (പ്ലാനിംഗ് സെക്ഷൻ) പരിശോധിച്ചതിൽ മേൽ പ്രിന്റർ ലൈബ്രറിയിൽ ഇൻസ്റ്റാൾ ചെയ്യാതെ നഗരസഭ റവന്യൂ സെക്ഷനിൽ ഇൻസ്റ്റാൾ ചെയ്തതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കമ്പ്യൂട്ടറും ബാർ കോഡ് സ്കാനറും സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ലൈബ്രറിക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.

മേൽ പ്രൊജക്ട് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് 11-10-2021 ന് ഓഡിറ്റ് നഗരസഭ ലൈബ്രറിയിൽ നടത്തിയ പരിശോധനയിൽ മേൽ പ്രൊജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ള സംവിധാനങ്ങളോ സജ്ജീകരണങ്ങളോ ഒന്നും തന്നെ ലൈബ്രറിയിൽ നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/2020-21 തീ.22.10.2021)ന ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് കാരണം ലൈബ്രറിയുടെ പ്രവർത്തനം സാധാരണ രീതിയിൽ നടക്കാത്തതിനാൽ വാങ്ങിയ സാധനങ്ങൾ നഗരസഭയിൽ തന്നെ സൂക്ഷിക്കുകയും അവയിലെ കമ്പ്യൂട്ടറും പ്രന്ററും നഗരസഭ ഓഫീസിൽ ഉപയോഗിക്കുകയും ചെയ്തിരുന്നു എന്നും കോവിഡ് സാഹചര്യം കുറഞ്ഞതിനാൽ കംമ്പ്യൂട്ടർ ലൈബ്രറിയിൽ സ്ഥാപിച്ചിട്ടുണ്ടെന്നും ലൈബ്രറിക്കാവശ്യമായ "കോഹ" സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യാത്തതിനാൽ സ്കാനർ, പ്രിന്റർ എന്നിവ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സോഫ്റ്റ് വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് കില,തൃശ്ശൂരിന് ഇ-മെയിൽ ചെയ്തിട്ടുണ്ടെന്നും അവ ലഭ്യമാകുന്ന മുറക്ക് സ്കാനർ ,പ്രിന്റർ എന്നിവ ലൈബ്രറിയിൽ സ്ഥാപിക്കുമെന്നും അറിയിച്ചു.

ലൈബ്രറി കമ്പ്യൂട്ടറൈസേഷന് ആവശ്യമായ "കോഹ" സോഫ്റ്റ് വെയർ ലഭ്യമാക്കാതെ വെറും ഉപകരണങ്ങൾ വാങ്ങൽ നടപടികൾ മാത്രമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ മേൽ ബിൽ പ്രകാരമുള്ള തുക കൊണ്ട് ലൈബ്രറി കമ്പ്യൂറൈസേഷൻ എന്ന ഉദ്യമത്തിന് യാതൊരു ഫലവും ഉണ്ടായിട്ടില്ല. പ്രോജക്ട് വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കാത്തതിനാൽ ചെലവ് തുക₹60726 തടസ്സം ചെയ്യുന്നു.

1-45 പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന നിർമ്മാണ പദ്ധതി സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ	7/2020-21
പ്രോജക്ടിന്റെ പേര്	പി.എം.എ.വൈ ലൈഫ് ഭവന നിർമ്മാണ പദ്ധതി
അടങ്കൽ	₹85,11,000/-, വികസനഫണ്ട് പൊതുവിഭാഗം
ചെലവ് തുക, ബിൽ നം/തിയതി ആകെ	₹12,70,000, 3/12.06.2020 ₹24,20,000, 5/06.07.2020 ₹17,70,000, 7/06.08.2020 ₹23,70,000, 8/13.08.2020

	₹6,70,000, 9/18.08.2020 ₹85,00,000

എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന (നഗരം) - ലൈഫ് ഭവന നിർമ്മാണ പദ്ധതി തിരൂർ നഗരസഭയിൽ നടപ്പിലാക്കിവരുന്നത് സംബന്ധിച്ച് പരിശോധനയിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെപ്പറയുന്നു.

എ) പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന പദ്ധതി രജിസ്റ്റർ കാലികമായി സൂക്ഷിയ്ക്കുന്നില്ല

പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിശോധിച്ചതിൽ അപാകതകൾ കണ്ടെത്തി. പല ഗുണഭോക്താക്കൾക്കും ധനസഹായം ഗഡുക്കളായി നൽകിയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്താതിരിക്കുകയോ, അപൂർണ്ണമായി മാത്രം രേഖപ്പെടുത്തുന്നതായോ ചെയ്യുന്നതായി കണ്ടെത്തി.

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നമ്പർ	ഡി.പി.ആർ	വാർഡ് നമ്പർ	ഗുണഭോക്താവിന്റെ പേര്	ധനസഹായം നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഗഡുക്കൾ
1	1	9	വാഹിദ, തച്ചോത്ത്	4
2	1	10	ലളിത, മൂത്തേടത്ത്	4
3	1	29	ഷീബ. പി, വയ്യാട്ട്	4
4	3	17	ഖൈറുന്നീസ, തയ്യിൽപറമ്പിൽ	1, 2, 3, 5

ഡി.പി.ആർ 1, 2 എന്നിവയിലെ ഗുണഭോക്താക്കളുടെ പരിശോധനയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന്റെ തീയ്യതി രേഖപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തി.

ക്രമ നമ്പർ	ഡി.പി.ആർ	വാർഡ് നമ്പർ	ഗുണഭോക്താവിന്റെ പേര്	ധനസഹായം നൽകിയതിന്റെ തീയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്താത്ത ഗഡു
1	1	6	ഷീന, കോലിപറമ്പിൽ	1, 2, 3
2	1	6	ഉമൈബ, ഒരിക്കലിൽ	1, 2
3	1	9	ഫാത്തിമ, പാലപ്പറമ്പിൽ	1, 2, 3
4	1	36	ശ്രീജില, തച്ചനാട്ട്	1, 2, 3
5	1	21	സുൽഫത്ത്, മതിലിങ്ങൽ (കല്ലിങ്ങൽ)	1, 2, 3, 4
6	1	24	സുനിത മനോജ്, ചെമ്പ്രഞ്ചേരി	1, 2, 3
7	1	29	ഷീബ. പി, വയ്യാട്ട്	1, 2, 3
8	1	30	സാവിത്രി. കെ, കുന്നേക്കാട്ട്	1, 2, 3, 4
9	2	3	നസീമ, പുല്ലയിൽ	1, 2
10	2	3	ശാരദ, എക്കാലപ്പറമ്പിൽ	1, 2
11	2	6	സഫീനത്ത്, ഒഴൂരപ്പറമ്പിൽ	1, 2
12	2	12	സജിത, മേലേതിൽ	1, 2
13	2	13	സഫിയ, കളത്തിങ്ങൽ	1, 2, 3, 4

14	2	20	ഷീന, കാവുങ്ങൽ	3, 4
15	2	21	ആത്തിഖ, പൂന്തല	1, 2, 3, 4
16	2	28	ശ്രീമ	1, 2, 3, 4, 5

ഗുണഭോക്താക്കൾക്ക് നൽകിയ പേയ്മെന്റുകളുടെ ചെക്ക്/ബിൽ/വൗച്ചർ നമ്പറും തീയ്യതിയും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ധനസഹായം നൽകിയതിന്റെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താതിരിക്കുന്നത് മൂലം, ഗുണഭോക്താക്കൾ സമയക്രമം പാലിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കുന്നുണ്ടെന്നും അനർഹമായി ധനസഹായം കൈപ്പറ്റുന്നില്ലെന്നും ഉറപ്പുവരുത്തുന്നതിന് തടസ്സം നേരിടുന്നു. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 25.04.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 57/2020-21, 13.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 60/2020-21 എന്നിവയ്ക്ക് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല. ധനസഹായം നൽകുന്നതിന്റെ പൂർണ്ണമായ വിവരങ്ങൾ രജിസ്റ്ററിൽ സമയബന്ധിതമായി രേഖപ്പെടുത്താൻ നടപടി സ്വീകരിയ്ക്കേണ്ടതാണ്.

ബി) ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയില്ല

പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട് നഗരസഭയുമായി കരാറിലേർപ്പെട്ട താഴെപ്പറയുന്നവർ ഒന്നാം ഗഡു കൈപ്പറ്റിയതിന് ശേഷം നാളിതുവരെ മുഴുവൻ ഗഡുക്കളും കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നഗരസഭ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 11.05.2022ന് നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ ഇവരുടെ ഭവന നിർമ്മാണം മുടങ്ങികിടക്കുകയാണെന്ന് കണ്ടെത്തി.

ക്രമ നമ്പർ	ഡി.പി.ആർ	വാർഡ് നമ്പർ	ഗുണഭോക്താവിന്റെ പേര്; പി.എം.എ.വൈ സർവ്വേ കോഡ്	ആകെ കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം	പദ്ധതി ധനസഹായം കൈപ്പറ്റിയ തീയ്യതി		സ്ഥലപരിശോധനയിൽ കണ്ടെത്തിയത്
					ആദ്യ ഗഡു (₹ 30,000)	രണ്ടാം ഗഡു (₹ 1,20,000)	
1	3	22	റഹീന, കടവത്ത്; 5959436	2	18.09.2018 (ചെക്ക്/ബിൽ /വൗച്ചർ നമ്പർ ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല)	21.03.2019 (ബിൽ നം: 18150547000201464807)	വീടിന്റെ തറനിർമ്മാണം പൂർത്തിയാക്കിയത് കാട് പിടിച്ച് കിടക്കുകയാണ്. ഭവന നിർമ്മാണ പ്രവൃത്തി ദീർഘകാലമായി മുടങ്ങി കിടക്കുകയാണെന്ന് കണ്ടെത്തി.
2	2	30	ശോഭ. യു, വെട്ടത്ത് ; 5944129	2	18.09.2018 (ചെക്ക്/ബിൽ /വൗച്ചർ നമ്പർ ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല)	18.07.2019 (ചെക്ക് നം : 150046)	വീടിന്റെ ചുമർ നിർമ്മാണം വരെയുള്ള പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചിരിക്കുന്നു.
3	3	27	ഗീത, കാലടി ഹൗസ്; 5960171	1	27.11.2018 (ചെക്ക്/ബിൽ /വൗച്ചർ നമ്പർ ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല)	-	തറനിർമ്മാണം ഭാഗികമായി നടത്തിയിട്ടുണ്ട്. നിലവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് കണ്ടെത്തി.
4	2	35	മാലതി, കോട്ടാരി; 6017169	1	28.01.2019 (ചെക്ക്/ബിൽ /വൗച്ചർ നമ്പർ ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല)	-	കരിങ്കല്ല് ഉപയോഗിച്ച് അസ്ഥിവാരം നിർമ്മിച്ചിട്ടുണ്ടെങ്കിലും വള്ളികളും ചെടികളും മൂടി നിർമ്മാണം തിരിച്ചറിയാൻ ബുദ്ധിമുട്ടുള്ള അവസ്ഥയിലാണ്. ദീർഘകാലമായി പ്രവൃത്തികൾ ഒന്നും

								നടക്കുന്നില്ലെന്ന് വ്യക്തമാണ്.

കരാർ ചമച്ച് 12 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്നും അല്ലാത്ത പക്ഷം പദ്ധതി പ്രകാരം അനുവദിച്ച മുഴവൻ തുകയും പലിശ സഹിതം ഗുണഭോക്താവിൽ നിന്ന് നഗരസഭയ്ക്ക് തിരികെ ഈടാക്കുന്നതാണെന്നും കരാറിൽ വ്യവസ്ഥ ഉണ്ടായിരിക്കെ നിർദ്ദിഷ്ട കാലയളവിന് ശേഷവും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്ത ഗുണാഭോക്താക്കൾക്കെതിരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 25.04.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 57/2020-21, 13.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 60/2020-21 എന്നിവയ്ക്ക് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ പ്രകാരമുള്ള കാലാവധിയ്ക്ക് ശേഷവും ഭവന നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് വിശദീകരണം തേടി ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

സി) പി.എം.എ.വൈ (നഗരം) - ലൈഫ് ഭവന പദ്ധതി - അനർഹയായ ഗുണഭോക്താവിന് പദ്ധതി ആനുകൂല്യം നൽകി - 1,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

രണ്ടാം ഡി.പി.ആർ പ്രകാരം വാർഡ് 33ൽ നിന്നും മേൽ പദ്ധതിയുടെ ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട ശ്രീമതി. ദീപ. വി, ചെറുകര വീട് (പി.എം.എ.വൈ സർവ്വേ കോഡ് : 6009404) എന്നവർക്ക് പദ്ധതി ധനസഹായം തനത് ഫണ്ടിൽ നിന്നും 2 ഗഡുക്കളായി 1,50,000/- രൂപ നാളിതുവരെ നൽകിയിട്ടുണ്ട്.

ഡി.പി.ആർ	വാർഡ് നമ്പർ	ഗുണഭോക്താവിന്റെ പേര്; പി.എം.എ.വൈ സർവ്വേ കോഡ്	ആകെ കൈപ്പറ്റിയ ഗഡുക്കളുടെ എണ്ണം	പദ്ധതി ധനസഹായം കൈപ്പറ്റിയ തീയ്യതി	
				ആദ്യ ഗഡു (₹ 30,000)	രണ്ടാം ഗഡു (₹ 1,20,000)
2	33	ദീപ. വി, ചെറുകര ; 6009404	2	13.03.2019 (ചെക്ക്/ബിൽ /വൗച്ചർ നമ്പർ ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല)	14.02.2020 (ചെക്ക് നം:000066, വൗച്ചർ നം: 21902118)

ടിയാൾക്ക് മൂന്നാം ഗഡുവായി ₹ 1,20,000 അനുവദിക്കാമെന്ന് നോട്ട് ഫയലിൽ 10.08.2020ന് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ "12/08/2020ന് വേണ്ട എന്ന് വിളിച്ചുപറഞ്ഞു" എന്ന് നോട്ട് ഫയലിന്റെ വശത്ത് നോട്ടായി രേഖപ്പെടുത്തിയിട്ടുണ്ട്. ധനസഹായം നിരസിച്ചത് ഏത് കാരണത്താലാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

ഈ ഗുണഭോക്താവിനോട് ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ ടിയാൾ അനർഹയാണെന്നും അനർഹമായാണ് ഈ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത് എന്നും, വളരെ താഴ്ന്ന വരുമാനക്കാർക്കും സ്വന്തമായി വീടില്ലാത്തവർക്കും നൽകിവരുന്ന ഈ ആനുകൂല്യം അർഹരായ അപേക്ഷകർ ലിസ്റ്റിലുള്ളപ്പോൾ പൂർവ്വിക സ്വത്തിന് ഉടമയും തിരൂർ സഹകരണ കാർഷിക വികസന ബാങ്കിൽ ഉയർന്ന ജോലിയുമുള്ള സന്തോഷ്കുമാർ എന്നവരുടെ ഭാര്യയായ ശ്രീമതി ദീപ എന്നവർ സർക്കാരിന്റെ മാനദണ്ഡങ്ങൾക്ക് വിപരീതമായി തെറ്റായ വിവരങ്ങൾ സമർപ്പിച്ച് ആനുകൂല്യങ്ങൾ നേടിയതാണെന്നും ഇതിനെപ്പറ്റി അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കണമെന്നും ഒരു പൊതുപ്രവർത്തകൻ 27.08.2020ന് സെക്രട്ടറിയ്ക്ക് നൽകിയിട്ടുള്ള പരാതിയിൽ വ്യക്തമാക്കിയിട്ടുണ്ട്. (പരാതി ഫയലിൽ ലഭ്യമാണ്). ഇത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിയ്ക്കാൻ HIയെ ചുമതലപ്പെടുത്താവുന്നതാണെന്ന് ഓഫീസ് നോട്ട് ഫയലിൽ സൂപ്രണ്ട് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഇതിനുശേഷം സെക്രട്ടറി ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയോ അന്വേഷണം സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഈ ശുപാർശയോടെ ഫയൽ അവസാനിച്ചതായാണ് കാണുന്നത്..

നഗരസഭ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ 11.05.2022ന് നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ ഇവരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുള്ളതായി കണ്ടെത്തി. പരിശോധന സമയത്ത് വീട് പൂട്ടിയിട്ടിരിക്കുകയായിരുന്നു. ഈ വീട്ടിൽ അപേക്ഷക താമസിയ്ക്കുന്നില്ലെന്നും മറ്റൊരു വ്യക്തിയ്ക്ക് താമസിക്കുന്നതിനായി വാടകയ്ക്ക് നൽകിയിരിയ്ക്കുകയാണെന്നും പ്രാദേശിക അന്വേഷണത്തിൽ വ്യക്തമായി.

ഇതിൽ നിന്നും, തികച്ചും അനർഹയായ വ്യക്തിയ്ക്കാണ് ആനുകൂല്യം അനുവദിച്ചതെന്ന് സുവ്യക്തമാണ്. ഇത് സംബന്ധിച്ച് വ്യക്തമായ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 25.04.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 57/2020-21, 13.05.2022 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം: 60/2020-21 എന്നിവയ്ക്ക് നഗരസഭ മറുപടി

ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് പ്രഥമ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതും, അനർഹമായി കൈപ്പറ്റിയ 1,50,000/- രൂപ 18% പലിശ സഹിതം ഗുണഭോക്താവിൽ നിന്ന് തിരിച്ച് പിടിക്കുന്നതിന് നടപടി കൈക്കൊള്ളേണ്ടതുമാണ്.

1-46 നഗരസഭയിലെ താൽക്കാലിക നിയമനങ്ങൾ ക്രമ പ്രകാരമല്ല - സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഭാഗമാക്കുന്നതിനായി തിരൂർ നഗരസഭയിലെ ജനറൽ വിഭാഗം, കണ്ടിജന്റ് വിഭാഗം എന്നിവയിലെ അംഗീകാരമുള്ള തസ്തികകളുടെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ എണ്ണം, താൽക്കാലികമായി നിയമനം നൽകിയവർ, താൽക്കാലിക നിയമന രീതി എന്നിവയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ. 51/20-21 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് 21-04-2022 ലെ എ3-12794/20 നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ ജനറൽ വിഭാഗത്തിൽ വിവിധ തസ്തികകളിലായി 59 അംഗീകാരമുള്ള പോസ്റ്റുകളാണ് ഉള്ളത്. ആയതിൽ 52 സ്ഥിരം ജീവനക്കാരും 3 താൽക്കാലിക ജീവനക്കാരും ജോലിചെയ്യുന്നതായും 4 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും അറിയിച്ചിട്ടുണ്ട്. രണ്ട് ഡ്രൈവർമാരുടെയും ഹോമിയോ മെഡിക്കൽ ഓഫീസർമാരെയുമാണ് താൽക്കാലികമായി നിയമിച്ചിട്ടുള്ളത്. കൗൺസിൽ നേരിട്ടാണ് താൽക്കാലിക നിയമനം നടത്തിയിട്ടുള്ളത്. നഗരസഭക്ക് അനുവദിച്ച മേൽ അംഗീകാരമുള്ള തസ്തികകൾ (Sanctioned) പുറമെ 4 ഡ്രൈവർമാർ, 3 വാച്ച്മാൻമാർ, 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവർ നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്യുന്നുണ്ട്. ഇവരെയും കൗൺസിൽ നേരിട്ട് നിയമിച്ചതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമപ്രകാരം ലിസ്റ്റ് ആവശ്യപ്പെടാതെയാണ് മേൽ താൽക്കാലിക നിയമനങ്ങൽ നടത്തിയിട്ടുള്ളത്.

കണ്ടിജന്റ് വിഭാഗത്തിൽ 51 അംഗീകാരമുള്ള (Sanctioned) തസ്തികകൾ ഉള്ളതായും ആയതിൽ 38 സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നതായും 13 തസ്തികകൾ ഒഴഞ്ഞു കിടക്കുന്നതായും നഗരസഭ അറിയിച്ചിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന അംഗീകാരമുള്ള (Sanctioned) തസ്തികകളിലെ താൽക്കാലിക നിയമനം നടത്തിയിട്ടില്ലായെന്നാണ് നഗരസഭ ലഭ്യമാക്കിയ മേൽ കത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. എന്നാൽ 20 കണ്ടിജന്റ് ജീവനക്കാരെ കൗൺസിൽ നേരിട്ട് നിയമിച്ചിട്ടുള്ളതായും കത്തിൽ വ്യക്തമാക്കുന്നു. അതായത് അംഗീകാരമുള്ള തസ്തികകളിലല്ലാതെ 20 പേരെ നിയമിച്ചതായാണ് അറിയിച്ചിട്ടുള്ളത്.

ജനറൽ വിഭാഗത്തിൽ അംഗീകാരമില്ലാത്ത തസ്തികകളിൽ താൽക്കാലികമായി ജോലി ചെയ്യുന്നവർ ഒരു വർഷവും അതിൽ കൂടുതലുമായി തുടർച്ചയായി സേവനം ചെയ്യുന്നവരാണ്. കണ്ടിജന്റ് വിഭാഗത്തിൽ 10 വർഷത്തിലധികമായി തുടർച്ചയായി ജോലി ചെയ്യുന്നവരുണ്ട്. ഇത്തരത്തിൽ സർക്കാർ അംഗീകാരം നൽകാത്ത തസ്തികകളിൽ താൽക്കാലിക നിയമനം നടത്തുന്ന രീതി ക്രമപ്രകാരമല്ല. അംഗീകാരമുള്ള (Sanctioned) തസ്തികകളിലോ അല്ലായെങ്കിൽ നഗരസഭകളുടെ സുഗമമായ പ്രവർത്തനത്തിനായി സർക്കാർ അതാത് സമയങ്ങളിൽ നിശ്ചിത കാലയളവുകളിലേക്കായി അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകളിലും മാത്രമേ താൽക്കാലിക നിയമനം നടത്താൻ നഗരസഭക്ക് അനുവാദമുള്ളുവെന്നിരിക്കെ മേൽ പ്രകാരം നടത്തിയ താൽക്കാലിക നിയമനങ്ങൾക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചഞ്ച് വഴി നടത്തണമെന്നിരിക്കെ അംഗീകാരമുള്ള തസ്തികകളിൽ പോലും നഗരസഭ അപ്രകാരം ചെയ്തിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്. കണ്ടിജന്റ് വിഭാഗത്തിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ സ്ഥിരം നിയമനത്തിന് നിയമാനുസൃതമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ജനറൽ വിഭാഗത്തിലായാലും കണ്ടിജന്റ് വിഭാഗത്തിലായാലും നഗരസഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കൂടുതൽ തസ്തികകൾ ആവശ്യമാണെങ്കിൽ ആയത് സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയാണ് ചെയ്യേണ്ടത്.

അതുവരെ എല്ലാ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ട് ഇന്റർവ്യൂ നടത്തി ആയതിൽ നിന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ നഗരസഭക്ക് തെരഞ്ഞെടുക്കാവുന്നതാണ്. 180 ദിവസത്തിലധികം തുടർച്ചയായി താൽക്കാലിക നിയമനം നൽകുന്നത് ഭാവിയിൽ നിയമപ്രശ്നങ്ങൾക്ക് വഴി വെക്കാൻ സാധ്യതയുണ്ട്. താല്കാലിക നിയമനകാര്യത്തിൽ സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-47 തിരൂർ കോറിഡോർ വികസനം- പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും അപാകതകൾ

പ്രോജക്ട് നമ്പർ : 95/2021

നിർവ്വഹണം : മുനിസിപ്പൽ എഞ്ചിനീയർ
അടങ്കൽ (2020-21) : 8714138
ചെലവ് (2020-21) : 7429907
ഫയൽനമ്പർ : PW2- 16531/19
വൌച്ചർ/ ബിൽ നമ്പർ : 1/7.10.20 - 18,95,957 രൂപ,
2/7.10.20 - 1,39,827 രൂപ,
5/30.12.20 – 50,23,630 രൂപ,
6/14.1.21 - 3,70,493 രൂപ. :

2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ *തിരൂർ മാർക്കറ്റ് കോറിഡോർ വികസനം* എന്ന പ്രവൃത്തിക്ക് 1,97,50,000 രൂപയുടെ ഭരണാനുമതി നൽകി സിഡ്കോ-യെ അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫയലിന്റെ ഒറിജിൻ എന്നത് നഗരസഭാ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെ കത്താണ് (നോട്ട് ഫയൽ പേജ്-1). നഗരസഭയിൽ അർബൻ ഏരിയ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ പരിഗണിച്ച് മുൻഗണനാക്രമമനുസരിച്ച് പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ആർക്കിടെക്ചറൽ രൂപരേഖ, സ്ട്രക്ച്ചറൽ ഡിസൈൻ, ഡി.എസ്.ആർ. പ്രകാരമുള്ള ടെൻഡർ ഷെഡ്യൂൾ എന്നിവ തയ്യാറാക്കുന്നതിന് മലപ്പുറം നഗരസഭയിൽ പുതുതായി വിവിധ പദ്ധതികൾ രൂപകൽപ്പന ചെയ്ത് ഡി.പി.ആർ. ഉണ്ടാക്കിയ സ്ഥാപനവുമായി ഉടമ്പടി ഉണ്ടാക്കുന്നതിന് ടിയാൻ കത്ത് നൽകുകയാണുണ്ടായത്. ഇതിന്റെയടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ മരാമത്ത് കമ്മിറ്റിയിൽ വെച്ച് ചർച്ച ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ സാങ്കേതിക മേധാവിയായ മുനിസിപ്പൽ എഞ്ചിനീയർ നൽകിയ അഭിപ്രായക്കുറിപ്പ് നോട്ട് ഫയൽ പേജ് നമ്പർ (1)-(2) എന്നിവയിൽ ക്രമനമ്പർ(4) ആയി രേഖപ്പെടുത്തിയിട്ടുണ്ട്. അത് ഇപ്രകാരമാണ്. "ടി സ്ഥാപനം സമർപ്പിച്ച രേഖകൾ പരിശോധിച്ചതിൽ ടി സ്ഥാപനവുമായി ഉടമ്പടിയിലേർപ്പെടുന്നത് നഗരസഭക്ക് ഗുണകരമാവില്ല എന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്." ആ നിർദ്ദേശം രേഖപ്പെടുത്തി ഫയൽ ബഹു. ചെയർമാന് സമർപ്പിച്ചു.

എന്നാൽ മുനിസിപ്പൽ എഞ്ചിനീയറുടെ ഈ നിർദ്ദേശം കൗൺസിലിൽ ചർച്ച ചെയ്യാൻ പോലും നിർദ്ദേശിക്കാതെ "സർക്കാർ ഉത്തരവ് ഉള്ളതിനാൽ പൊതുമേഖലാ സ്ഥാപനമായ സിഡ്കോ-ക്ക് വർക്ക് ഏൽപ്പിക്കുന്നതിനായി കൗൺസിലിലേക്ക് അജണ്ട വെക്കുക" എന്ന് ബഹു. ചെയർമാൻ എക്സിക്യൂട്ടീവ് ഉത്തരവിടുകയാണ് ചെയ്തിട്ടുള്ളത്. (നോട്ട് ഫയൽ പേജ്-2 ക്രമനമ്പർ-5) ഇതു പ്രകാരം പ്രവൃത്തി 1,97,50,000/- രൂപയുടെ ഭരണാനുമതി നൽകി സിഡ്കോ-യെ ഏൽപ്പിക്കുകയാണ് ചെയ്തത്.

മേൽ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിശദാംശങ്ങൾ/രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1. ജി.ഒ(പി) നമ്പർ. 311/14/ഫിൻ. തീയതി 30-07-14 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ അനുബന്ധം II ലെ നിബന്ധനകൾ പ്രകാരം സ്ഥിരമായ എഞ്ചിനീയറിംഗ് വിംഗ് ഇല്ലാത്ത സർക്കാർ വകുപ്പുകൾക്ക്/പൊതുമേഖലാ സ്ഥാപനങ്ങൾക്ക്/സ്വയംഭരണസ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ അവരുടെ പ്രവൃത്തികൾ ഡെപ്പോസിറ്റ് വർക്ക് ആയോ, പി.എം.സി. ആയോ അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണ്.

സ്വന്തമായി പൂർണ്ണമായി സജ്ജമായ എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിരിക്കെ ടി പ്രവൃത്തിക്ക് പി.എം.സി. ആയി സിഡ്കോ-യെ ഏൽപ്പിക്കുന്നതിന് ഏതെങ്കിലും കാരണമോ വിശദീകരണമോ ഫയലിൽ ലഭ്യമല്ല. പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയെ ഏൽപ്പിക്കുന്നതിന് മുമ്പ് നഗരസഭയിൽ പൂർണ്ണ സജ്ജമായ എഞ്ചിനീയറിംഗ് വിംഗ് നിലവിലുള്ളതിനാൽ അവരോട് ഈ പ്രവൃത്തി നടപ്പാക്കുന്നതിനായുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, മറ്റു രേഖകൾ എന്നിവ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിക്കേണ്ടതായിരുന്നു. എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ ക്രമ നമ്പർ (4) ആയി നോട്ടിൽ രേഖപ്പെടുത്തിയ മേൽ നിർദ്ദേശ പ്രകാരം "സ്ഥാപനവുമായി ഉടമ്പടിയിലേർപ്പെടുന്നത് നഗരസഭക്ക് ഗുണകരമാവില്ല" എന്ന് രേഖപ്പെടുത്തിയതിനാൽ എഞ്ചിനീയറിംഗ് വിംഗ് സംബന്ധിച്ച് റഫ് കോസ്റ്റും എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കും എന്ന് വ്യക്തമാകുന്നു. എന്നാൽ ഇതു സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.

ആയതിനാൽ ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് മേൽ നിർദ്ദേശം മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയത് എന്നും മുനിസിപ്പൽ എഞ്ചിനീയർ ഈ പ്രവൃത്തിക്ക് എത്ര ചെലവ് വരും എന്നത് സംബന്ധിച്ച രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതാണ്. ഉണ്ടെങ്കിൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. “നഗരസഭക്ക് സാമ്പത്തികമായി ഗുണകരമല്ല “ ഈ ഏജൻസിയെ ഏൽപ്പിക്കുന്നത് എന്ന് മുനിസിപ്പൽ എഞ്ചിനീയറുടെ നിർദ്ദേശം പരിഗണിക്കാതെയും ഇതിന്റെ സാമ്പത്തിക ബാദ്ധ്യതയുടെ " Comparative Statement “ തയ്യാറാക്കി ചർച്ച ചെയ്യാതെ പ്രവൃത്തി സിഡ്കോ-യെ ഏൽപ്പിക്കുന്നതിന് അനാവശ്യമായ തിടുക്കം കാണിച്ചതായി ഇതിൽ വ്യക്തമാകുന്നു. ഇതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 28-2-20 ലെ ഡിബി1/4887/2012/സിഇ/എൽഎസ്ജിഡി കത്തിൽ നഗരസഭ 2019-20ൽ പ്രോജക്ട് 297 ആയി ഉൾപ്പെടുത്തിയ *തിരൂർ കോറിഡോർ വികസനം* എന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ സിഡ്കോ-യെ ഏൽപ്പിക്കാൻ തീരുമാനിച്ചത് സംബന്ധിച്ച അപേക്ഷ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 11-11-19 ലെ ഡി2-1977/എസ്ഇ/2019 കത്തിൽ ലഭ്യമായതായി പറയുന്നുണ്ട്. നഗരസഭ

ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ച അപേക്ഷയുടെ പകർപ്പോ ഇക്കാര്യത്തിലെ നടപടിക്രമങ്ങളുടെ വിവരമോ പ്രോജക്ട് ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം പ്രവൃത്തി നിർവ്വഹണം നടത്തുന്നതാണ് ഉചിതമെന്ന് ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടെങ്കിലും ഈ നിർദ്ദേശം കൗൺസിലിൽ വെക്കുകയോ ചർച്ചക്ക് വിധേയമാക്കുകയോ, പരിഗണിക്കുകയോ ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടതായോ കാണുന്നില്ല. മാത്രവുമല്ല പ്രവൃത്തിയുടെ നോട്ട് ഫയലിൽ മേൽ നടപടികളെ സംബന്ധിച്ച ഒരു വിവരവും രേഖപ്പെടുത്തിയതായി കാണുന്നില്ല.

മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 27/19.01.22 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവു തുക 74,29,907 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

കൂടാതെ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തെ പാടെ അവഗണിച്ച കൊണ്ട് ഇത്തരം പ്രവൃത്തി നടത്തിയതിനെ സംബന്ധിച്ച് വ്യക്തമായ അന്വേഷണം നടത്തേണ്ടതും ഇത്തരം നടപടികൾ മൂലം നഗരസഭക്ക് വരുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ ഭാവിയിൽ കർശന നടപടികൾ ഉണ്ടാകണമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം ഖണ്ഡികയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-48 നഗരസഭ പെൻഷൻ ഫണ്ടിലേക്ക് നഗരകാര്യ വകുപ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാകുന്നില്ല.

ഫയൽ നമ്പർ. 9624/11

2020-21 വർഷത്തെ നഗരസഭ ജനറൽ വിഭാഗം പെൻഷൻ വിതരണം, പെൻഷൻ ഫണ്ട് അലോട്ട് മെന്റ് എന്നിവ പരിശോധിച്ചതിൽ നഗരസഭ പെൻഷൻ ഫണ്ടിലേക്ക് നഗരകാര്യ വകുപ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം അലോട്ട്മെന്റ് ലഭ്യമാക്കുന്നില്ലായെന്ന് കാണുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ 38 റഗുലർ പെൻഷൻകാർക്കും 14 കുടുംബ പെൻഷൻകാർക്കും പെൻഷൻ വിതരണത്തിനായി 1,21,28,917/- രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ മാത്രം) തനത് ഫണ്ടിൽ നിന്നും പെൻഷൻ ഫണ്ടിലേക്ക് വക മാറ്റിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിൽ 25-06-2020 ന് 55,73,360/- രൂപ മാത്രമാണ് അലോട്ട് മെന്റ് ലഭിച്ചിട്ടുള്ളത്. ബാക്കി 65,55,557/- രൂപ നഗരസഭ തനത് ഫണ്ടിൽ നിന്നുമാണ് ചെലവ് ചെയ്തത്. ഇപ്രകാരം ചെലവ് ചെയ്യുന്നത് മൂലം നഗരസഭ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി അലോട്ട് മെന്റ് അനുവദിച്ച തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നഗരസഭ 20-12-2019, 11-06-2021, 29-4-2022 എന്നീ തീയതികളിൽ എ2-9624/11 നമ്പർ പ്രകാരം നഗരകാര്യ ഡയറക്ടർക്ക് കത്തും നൽകിയിട്ടുണ്ട്.

2020-21 പെൻഷൻ വിതരണത്തിനായി തുക വകമാറ്റിയതിന്റെ വിശാദംശങ്ങൾ താഴെ ചേർക്കുന്നു.

മാസം	തുക	ചെക്ക് നമ്പർ/തീയതി	
04/2020	9,96,841	691063 തീയതി, 01-04-2020	
05/2020	10,37,045	691077 തീയതി, 04-05-2020	
06/2020	10,18,545	691108 തീയതി, 02-06-2020	
07/2020	10,17,545	189853 തീയതി, 01-07-2020	
08/2020	10,09,151	189854 തീയതി, 07-08-2020	
09/2020	9,86,095	814603 തീയതി, 25-08-2020	
10/2020	9,86,095	885365 തീയതി, 01-10-2020	
11/2020	10,07,605	189858 തീയതി, 07-11-2020	
12/2020	10,11,884	984395 തീയതി, 01-12-2021	
01/2021	10,31.345	189861 തീയതി, 01-01-2021	
02/2021	10,13,383	189862 തീയതി, 01-02-2021	
03/2021	10,13,383	114678 189863	തീയതി, 01-03-2021
ആകെ	1,21,28,917		

നഗരകാര്യ വകുപ്പിൽ നിന്നും പെൻഷൻ ഫണ്ട് ലഭ്യമാക്കുന്നതിനും ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക്

മാറ്റുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-49 പൂർണ്ണസജ്ജമായ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല.

ഫയൽ നമ്പർ : എ5-16200/20

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

പ്രോജക്ട് നമ്പർ : SO 368//21 നഗരസഭ വീഡിയോ കോൺഫറൻസ് ഹാൾ-ഉപകരണങ്ങൾ

അടങ്കൽ : 1,02,775/-

ബിൽ നമ്പർ : 43/2020-21 24-03-2021 27,229/-

47/2020-21 29-03-2021 65,500/-

ആകെ 92729/-

നഗരസഭയിൽ ലഭ്യമായ സ്ഥലത്ത് വീഡിയോ കോൺഫറൻസിംഗ് ഹാൾ സ്ഥാപിക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിരിക്കുന്നത്. ഇൻവോയ്സ് നമ്പർ. MTS/339/2020-21 തീയതി 17-03-2021 65,500/- രൂപ പ്രകാരം പ്രൊജക്ടർ, വെബ് ക്യാമറ, വയർലെസ് മൈക്ക്, സ്പീക്കർ മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവയും ഇൻവോയ്സ് നമ്പർ. TVM/TBG/PI/RC/22572/2020-21 പ്രകാരം ലാപ് ടോപ്പും വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ ലാപ്ടോപ്പ് മാത്രമാണ് ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ സ്ഥാപിച്ചത് സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയതിൽ, വീഡിയോ കോൺഫറൻസിംഗിന് വേണ്ടിയുള്ള ഉപകരണങ്ങൾ നഗരസഭ കൗൺസിൽ ഹാളിലാണ് സ്ഥാപിച്ചിട്ടുള്ളത്. കൗൺസിൽ ഹാളിൽ നിലവിൽ സ്പീക്കർ ലഭ്യമായതിനാൽ ബിൽ പ്രകാരം വാങ്ങിയ 4 സ്പീക്കറുകൾ സ്ഥാപിക്കുകയോ സജ്ജീകരിക്കുകയോ ചെയ്യാതെ അലമാരയിൽ സൂക്ഷിച്ചതായി ശ്രദ്ധയിൽപ്പെട്ടു. ലാപ് ടോപ്പ് സെക്രട്ടറിയുടെ കൈവശമാണുള്ളത്. നഗരസഭയിൽ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് ലഭ്യമാക്കിയ സ്ഥലം അറ്റകുറ്റപ്പണികൾ ചെയ്താൽ മാത്രമേ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. പ്രത്യേകസ്ഥലം ലഭ്യമല്ലാത്തതിനാൽ നിലവിൽ വീഡിയോ കോൺഫറൻസ് ഉപകരണങ്ങൾ കൗൺസിൽ ഹാളിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ മീറ്റിംഗ്, മറ്റു മീറ്റിംഗുകൾ എന്നിവ നടക്കുമ്പോൾ ഈ സംവിധാനം ഉപയോഗപ്രദമാക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ട്.

പൂർണ്ണസജ്ജമായ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് ഭൗതിക/പശ്ചാതല സംവിധാനങ്ങൾ ഉറപ്പ് വരുത്താതെ ഉപകരണങ്ങൾ മാത്രം വാങ്ങി പ്രോജക്ട് നടപ്പിലാക്കിയതിനും ,സ്ഥിരം വീഡിയോ കോൺഫറൻസ് ഹാൾ സജ്ജീകരിക്കാൻ തുടർനടപടികളെടുക്കാത്തതിനും, പ്രൊജക്ടർ, വെബ് ക്യാമറ, വയർലെസ് മൈക്ക്, സ്പീക്കർ മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് 29.10.2021 ന് ഓഡിറ്റ് എൻക്വയറി 18/2020-21 നൽകി.

ബഹു. ചെയർപേഴ്സന്റെ നിർദ്ദേശപ്രകാരമാണ് ഉപകരണങ്ങൾ കൗൺസിൽ ഹാളിൽ സ്ഥാപിച്ചതെന്നും വീഡിയോ കോൺഫറൻസിന് മാത്രമായി ഒരു ഹാൾ നഗരസഭ കാര്യാലയത്തിന്റെ രണ്ടാം നിലയിൽ നിശ്ചയിച്ചിട്ടുണ്ടെന്നും ടി ഹാൾ അറ്റകുറ്റപ്പണി നടത്തിയതിനു ശേഷം ഉപകരണങ്ങൾ ഇവിടെ സ്ഥാപിക്കുമെന്നാണ് മറുപടിയായി അറിയിച്ചിട്ടുള്ളത്.

പ്രൊജക്ടർ, വെബ് ക്യാമറ, വയർലെസ് മൈക്ക്, സ്പീക്കർ മറ്റു അനുബന്ധ ഉപകരണങ്ങൾ എന്നിവ ആസ്തി രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ദുരന്തകാലയളവിൽ ആശയവിനിമയത്തിനും ഭരണപരമായ പ്രവർത്തനങ്ങൾക്കുള്ള മികച്ച മാർഗ്ഗമാണ് വീഡിയോ കോൺഫറൻസ്. കോവിഡ്-19 കാലയളവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഇപ്രകാരമുള്ള ആശയവിനിമയ മാർഗ്ഗം വളരെയധികം ഉപയോഗിക്കപ്പെടുന്നുണ്ട് എന്നിരിക്കെ പശ്ചാതല സൗകര്യങ്ങൾ ഒരുക്കാതെ വാങ്ങൽ നടപടികൾ മാത്രം സ്വീകരിച്ചതിനാൽ പ്രോജക്ട് പ്രകാരം വിഭാവനം ചെയ്തിട്ടുള്ള പൂർണ്ണസജ്ജമായ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് നഗരസഭക്ക് കഴിഞ്ഞിട്ടില്ല. പൂർണ്ണസജ്ജമായ വീഡിയോ കോൺഫറൻസ് ഹാൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 കരാറുകാരിൽനിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല.47,500രൂപയുടെ നഷ്ടം

2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3(10) പ്രകാരം കരാറുകാരനിൽ നിന്നും ഒരു അർദ്ധ വർഷത്തേക്ക് 1250/- രൂപ തൊഴിൽ നികുതിയായി ഈടാക്കാവുന്നതാണ്.

നഗരസഭയുടെ 2020-21വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	കരാറുകാരൻ
1	അബൂബക്കർ സിദ്ദിഖ് കാവഞ്ചേരി
2	ഇബ്രാഹിംകുട്ടി, PWD കോൺട്രാക്ടർ, തിരൂർ
3	കുഞ്ഞിമുഹമ്മദ്. യു., PWD കോൺട്രാക്ടർ, തിരൂർ
4	പുരുഷോത്തമൻ.പി. PWD കോൺട്രാക്ടർ, തലക്കാട്
5	കൃഷ്ണൻകുട്ടി. എൻ. PWD കോൺട്രാക്ടർ, കോട്ടക്കൽ
6	അർജ്ജുനൻ. എം. PWD കോൺട്രാക്ടർ, തിരൂർ.
7	ജയരാജൻ. എ. PWD കോൺട്രാക്ടർ, വെട്ടം, തിരൂർ.
8	ടി. ബാലകൃഷ്ണൻ. PWD കോൺട്രാക്ടർ, തിരൂർ
9	ദുൽഫിക്കർ.കെ. വി. PWD കോൺട്രാക്ടർ, തിരൂർ
10	മുഹമ്മദ് ഹനീഫ. പി.പി., തിരൂർ
11	ടി.കെ. മൊയ്തീൻകുട്ടി, ആതവനാട്.
12	മുഹമ്മദ് മുസ്തഫ. ടി.കെ. PWD കോൺട്രാക്ടർ, ആതവനാട്
13	ഷഫീർ. പി. വി. തിരൂർ
14	അബ്ദു റസാഖ്. ടി.കെ. ആതവനാട്.
15	ജയരാജൻ. എ. തിരൂർ
16	ഗോപി. പി, PWD കോൺട്രാക്ടർ, തിരൂർ
17	അബ്ദുൽ സലീം. എൻ. PWD കോൺട്രാക്ടർ, തിരൂർ
18	സുന്ദർ മോഹൻ. കെ.പി.
19	യൂസഫ്. പി. പയ്യനങ്ങാടി.

നഗരസഭയുടെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ കരാറുകാരിൽ ആരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മേൽ കരാറുകാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്ക് ഹാജരാക്കാനും ഇല്ലെങ്കിൽ നികുതി ഈടാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങളും നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയതിന് ആധാരമായ വസ്തുതകൾ വിശദമാക്കി മറുപടിയും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 22-02-2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.38/2020-21 ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ എഞ്ചിനിയറിംഗ് സെക്ഷനിൽ നിന്നും നിരന്തരം ആവശ്യപ്പെട്ടും നൽകുന്നില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. മറുപടിയിൽ 3 കരാറുകാർ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കിയുള്ള കരാറുകാർ മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നികുതി അടവാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

മുൻവർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ആവർത്തിച്ച് ഈ വിഷയം ഓഡിറ്റ് വകുപ്പ് ഉന്നയിച്ചതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിന് യാതൊരു തുടർനടപടികളും നഗരസഭ സ്വീകരിച്ചിട്ടില്ല. ആയതിനാൽ നികുതി ഇനത്തിലെ 47,500രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2-2 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത തുക ഈടാക്കിയില്ല 1,75,325 രൂപ നഷ്ടം

2020-21 വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില കേസുകളിൽ ഡിമാന്റ് ചെയ്ത തുകകൾ ഈടാക്കിയതായി കാണുന്നില്ല.

വിശാദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ് നമ്പർ	കെട്ടിട നമ്പർ	നടത്തിപ്പുകാരന്റെ പേര്	ലൈസൻസ് ഉദ്ദേശ്യം	ഡിമാന്റ് തുക
1	35	136	മനു ആന്റണി S/O ആന്റോ ആന്റണി പാലത്തിങ്ങൽ	റെഡിമെയ്ഡ് വസ്ത്രവ്യാപാരം	1000
2	35	348	ഫ്രാൻസിസ് പോൾ കണ്ടംകുളത്തിൽ (ഹൗസ്)	ആയുർവേദ വൈദ്യശാല	500
3	35	382	പി.കെ. വിജയകുമാരൻ നവനീത്	മെഡിക്കൽ ലാബ്	330
4	35	383	പി.കെ. വിജയകുമാരൻ നവനീത്	,,	500
5	35	384	പി.കെ. വിജയകുമാരൻ നവനീത്	,,	500
6	35	388 S	നൗഫൽ.കെ.കെ. കാരാട്ട് കടവത്ത് (ഹൗസ്)	ഡ്രസ്സ് മെറ്റീരിയൽസ്	650
7	35	388w	അബ്ദുൽ റഷീദ്. പി.കെ. പൊറ്റമ്മൽ കിഴക്കത്ത് (ഹൗസ്)	ടെക്സ്റ്റയിൽസ്	500
8	35	388 Z	മുജീബ്. പി. പി.	ഫൂട് വെയർ	750
9	35	430	ഉമ്മർകയ്യൂം	ബേക്കറി കൂൾബാർ	1000
10	35	535 K	അനൂപ്. പി. കെ.	ഡി.ടി.പി. സെന്റർ	500
11	37	2181	ഡോ. കെ. മുകുന്ദൻ	ഡെന്റൽ ക്ലിനിക്ക്	500
12	37	106 C	മുഹമ്മദ് സലീം.	ഹാർഡ് വെയർ	500
13	37	142	മുഹമ്മദ്കുട്ടി	സ്റ്റേഷനറി	രേഖപ്പെടുത്തിയിട്ടില്ല.
14	37	174	മുഹമ്മദ് നാസർ. ഇ.പി.	റെഡിമെയ്ഡ്	500
15	37	178	ദാമോദരൻ	സ്റ്റേഷനറി	300
16	37	213	ഏന്തീൻകുട്ടി	സിറ്റി മെഡിക്കൽസ്	400
17	37	223	ഏന്തീൻകുട്ടി. പി.പി.	സിറ്റി ടൂറിസ്റ്റ് ഹോം	500
18	37	265	രാജേഷ് കുമാർ	ജനതാ ഗാരേജ്	550
19	37	266	മുഹമ്മദ് റാഫി	നിയോ മെറ്റൽസ്	1000
20	37	271	ശരീഫ്. വി.വി.	സി.വി.മെറ്റൽസ്	500
21	37	279	ദിലീപ്. പി.	ന്യൂലൈറ്റ് ഇലക്ട്രിക്കൽസ്	600
22	37	283	ഷരീഫ്. വി.പി.	സി.വി.മെറ്റൽസ്	500
23	37	287	ഹരി.പി.എം.	ന്യൂലൈറ്റ് ഇലക്ട്രിക്കൽസ്	600
24	37	293	ശരീഫ്. വി. പി.	സി.വി. മെറ്റൽസ്	500
25	37	297	ഗണേശൻ	യുണൈറ്റഡ് ട്രാവൽസ്	500
